
Vol 5 Issue 10
December 2017
Published on 15 Dec.
Price Rs. 15.00

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി
പാലായിൽനിന്ന് എല്ലാമാസവും 15 – ാം തീയതി പ്രസിദ്ധീകരിക്കുന്നു

# സത്യജ്വാല
മാസിക




## കത്തോലിക്കാവേദപാഠത്തിന്റെ പ്രാഥമികതത്വങ്ങൾ അംഗീകരിക്കുക, വിശേഷബുദ്ധിയെ സ്വതന്ത്രമാക്കുക

## ഉത്ഭവപാപവും മാമ്മോദീസായും

## ഫ്രാൻസീസ് മാർപാപ്പയുടെ പക്ഷത്ത് ആരു നിലകൊള്ളും?

## വിവാഹപൂർവ്വ സെമിനാറുകൾ പിഴയ്ക്കുന്നതെവിടെ?

‘അല്മായശബ്ദം’ ബ്ലോഗ് സന്ദർശിക്കാൻ : www.almayasabdam.blogspot.in
‘അല്മായശബ്ദം’ വെബ്സൈറ്റ് സന്ദർശിക്കാൻ : www.almayasabdam.com

# സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

ഡിസംബർ 2017 | പുസ്തകം 5 | ലക്കം 10



*രചനകൾ അയയ്ക്കാൻ :*
ജോർജ് മൂലേച്ചാലിൽ
*എഡിറ്റർ*
വള്ളിച്ചിറ പി.ഒ.,കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

*വരിസംഖ്യ അയയ്ക്കേണ്ട വിലാസം:*
കെ.ജോർജ്ജ് ജോസഫ്, കാട്ടേക്കര
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
c/o പ്രിന്റ് ഹൗസ്, പാലാ
പാലാ പി.ഒ., കോട്ടയം- 686 575
ഫോൺ: 9037078700
e- mail:gvkatte@gmail.com

*ബാങ്ക് :* S B I, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBIN0070120



*പത്രാധിപസമിതി:* 1) പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം 9495897122 , 2. ഡോ. ജോസഫ് വർഗീസ് (ഇപ്പൻ) - 9446561252, 3) സണ്ണി പുളിക്കൽ - 9447173536, 4) ഡോ. എം.കെ. മാത്യു - 9447112718, 5) ജോസഫ് കാലായിൽ (തൊടുപുഴ) - 9447663433, 6) ചാക്കോ കളരിക്കൽ-USA (001) 5866015195, 7) അലക്സ് കാവുംപുറം -USA (001) 5165039387.


## ഈ ലക്കത്തിൽ


**കത്തോലിക്കാവേദപാഠത്തിന്റെ പ്രാഥമികതത്വങ്ങൾ അംഗീകരിക്കുക, വിശേഷബുദ്ധിയെ സ്വതന്ത്രമാക്കുക**
മുഖക്കുറി ........ 3

**ഉത്ഭവപാപവും മാമ്മോദീസായും**
ജോസഫ് മറ്റപ്പള്ളി ........ 5

**'ദൈവത്തിൻ സ്വപ്നം കുടുംബം'**
സക്കറിയാസ് നെടുങ്കനാൽ ........ 8

**സഭാനവീകരണ പ്രവർത്തനങ്ങളിലെ ഊന്നലുകൾ**
KCRM പ്രോഗ്രാം റിപ്പോർട്ട് - തൊടുപുഴ ........ 9

**പുന്നക്കൽ ഹൈസ്കൂൾ പ്രശ്നവും ഡി.പി.ഐ-യുടെ ഉത്തരവും**
എം.എൽ. ജോർജ് ........ 10

**ഫ്രാൻസീസ് മാർപാപ്പയുടെ പക്ഷത്ത് ആരു നിലകൊള്ളും?**
സ്വാമി സച്ചിദാനന്ദഭാരതി ........ 12

**ഏഷ്യാനെറ്റ് ന്യൂസിൽ കേട്ടത്!**
. ........ 13

**ഭരിക്കുകയും പിരിക്കുകയും ചെയ്യുന്ന പൗരോഹിത്യം**
ഡോ.(ഫാ)ജെ.വലിയമംഗലം ........ 14

**എല്ലാ വിശ്വാസികൾക്കും അപ്പംമുറിക്കൽശുശ്രൂഷ നടത്താൻ അവകാശമുണ്ട്**
സി.കെ. പുന്നൻ ........ 15

**മാറൻ മാർ ജോർജ്ജ് ആലഞ്ചേരി അഖിലേന്ത്യയുടെ മെത്രാപ്പോലീത്തയും വാതിലും!**
ചാക്കോ കളരിക്കൽ-USA ........ 16

**ഈ മതിൽ പൊളിക്കുകതന്നെ വേണം**
ജയിംസ് കുരുവിള ........ 17

**പാര പരോപകാരമാകുന്നതെങ്ങനെ?**
ഇപ്പൻ ........ 18

**അഭിപ്രായവ്യത്യാസങ്ങൾ അപഹാസ്യമാകരുത്**
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ ........ 20

**ബൈബിൾ ഉദ്ധരിക്കുന്ന രക്തശുദ്ധിവാദക്കാർ ദയവായി ശ്രദ്ധിക്കുക**
ജയിംസ് ഐസക്, കുടമാളൂർ ........ 22

**'KCRM നോർത്ത് അമേരിക്ക'-യുടെ രണ്ടാമത് ടെലി-കോൺഫറൻസ്**
ജോർജ് കട്ടിക്കാരൻ ........ 23

**വിവാഹപൂർവ്വ സെമിനാറുകൾ പിഴയ്ക്കുന്നതെവിടെ?**
ഡോ. റോബിൻ മാത്യു ........ 24

**റാഫേൽ വടക്കന് ഒരു തുറന്ന കത്ത്**
ചിറ്റാട്ടുകര ഇടവകക്കാർ ........ 25

**മറിയക്കുട്ടിക്കൊലക്കേസ്: കുറ്റവാളി ഫാ.ബെനഡിക്ടുതന്നെ** (4-ാം ഭാഗം)
കെ. ജോർജ് ജോസഫ്, കാട്ടേക്കര ........ 27

**കത്തോലിക്കാസഭ ആത്മീയവ്യവസായത്തിലെ ആഗോളകുത്തക** (തുടർച്ച)
സെബാസ്റ്റ്യൻ വട്ടമറ്റം ........ 28

**അന്ധവിശ്വാസവിരുദ്ധ വിശേഷാൽപ്പതിപ്പ് - ഒരു പ്രതികരണം**
പ്രൊഫ. പി.സി. ദേവസ്യ ........ 30

**'വിശ്വാസവും അബദ്ധവിശ്വാസങ്ങളും' - ഒരു പ്രതികരണം**
ഡോ. ലാസർ തേർമഠം ........ 32

**ഇടപ്പാടിയിലെ സഭ നാടുകാണിയിലെ സഭയ്ക്കെഴുതുന്ന ലേഖനം**
ജിജൊ കുര്യൻ ........ 34

**'അന്നന്നത്തെ ആഹാരമെന്നാൽ, ദൈവരാജ്യപ്രവർത്തനത്തിന് അന്നന്നുവേണ്ട ആത്മീയാഹാരം'**
KCRM പ്രോഗ്രാം റിപ്പോർട്ട് ........ 36


### സത്യജ്വാല മാസിക

| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| ഒറ്റപ്രതി | 15 രൂപാ | 150 രൂപാ |
| ഒരു വർഷം | 150 രൂപാ | 1500 രൂപാ |
| 5 വർഷം | 600 രൂപാ | 6000 രൂപാ |


*[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്] [രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]*

ഡിസംബർ 2017 പുസ്തകം 5 : ലക്കം 10

സത്യജ്വാല


“സാത്താൻെറ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിൻെറ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ” (എഫേ. 6: 11-12).

## മുഖക്കുറി



# കത്തോലിക്കാവേദപാഠത്തിന്റെ പ്രാഥമികതത്വങ്ങൾ അംഗീകരിക്കുക, വിശേഷബുദ്ധിയെ സ്വതന്ത്രമാക്കുക

**ക**ഴിഞ്ഞ ലക്കം മുഖക്കുറി അവസാനിപ്പിച്ചത് കത്തോലിക്കാസഭയുടെ ആധികാരികവേദപാഠത്തിന്റെ 1730-ാം ഖണ്ഡിക ഉദ്ധരിച്ച് അതു പ്രായോഗികമാക്കണം എന്നാവശ്യപ്പെട്ടുകൊണ്ടായിരുന്നുവല്ലോ. ആ ഉദ്ധരണി വീണ്ടും എടുത്തെഴുതട്ടെ: *“...മനുഷ്യൻ അവന്റെതന്നെ ആലോചനാശക്തിയുടെ നിയന്ത്രണത്തിലായിരിക്കണമെന്ന് ദൈവം നിശ്ചയിച്ചു. സ്വമേധയാ സ്വന്തം സ്രഷ്ടാവിനെ അന്വേഷിക്കാനും അവിടുത്തോടു ചേർന്നുനിന്നുകൊണ്ട് സമ്പൂർണ്ണവും സൗഭാഗ്യപൂരിതവുമായ പൂർണ്ണതയിലേക്കു സ്വതന്ത്രമായി എത്താനും വേണ്ടിയാണത്.”* ഫാ. ഡേവീസ് കാച്ചപ്പിള്ളിയുടെ ലേഖനം (കാണുക, നവം. ലക്കം: പേജ്, 28) കിട്ടുംവരെ ഇങ്ങനെയൊരു പ്രബോധനം കത്തോലിക്കാ വേദപാഠത്തിലുണ്ടെന്ന് ഈ ലേഖകന് അറിഞ്ഞുകൂടായിരുന്നു. വേദപാഠത്തിന്റെ +2 കഴിഞ്ഞിറങ്ങുന്ന ഇന്നത്തെ തലമുറയ്ക്കും കത്തോലിക്കാവേദപാഠത്തിൽ ഇത്തരം പഠനങ്ങളുള്ളതായി അറിയാമെന്നു തോന്നുന്നില്ല. പള്ളിപ്രസംഗങ്ങളിലും ധ്യാനപ്രസംഗങ്ങളിലുമൊന്നും ഇങ്ങനെയൊന്നും ഇന്നോളം കേൾക്കുകയുണ്ടായിട്ടുമില്ല.




ഇവിടെ മുഖ്യമായും രണ്ടു ചോദ്യങ്ങളാണ് ഈ ലേഖകന്റെ മനസ്സിലുയർന്നത്. ദൈവം മനുഷ്യനു നൽകിയ സ്വാതന്ത്ര്യത്തെക്കുറിച്ചും സ്വതന്ത്രമായിരിക്കേണ്ട മനുഷ്യന്റെ ദൈവാന്വേഷണത്തെക്കുറിച്ചും ഇത്ര കൃത്യമായ ഉദാത്ത കാഴ്ചപ്പാട് സഭയ്ക്കുണ്ടായിരുന്നിട്ടും, അതെന്തേ പറയ്ക്കടിയിലെ വിളക്കുപോലെ മൂടിവച്ചിരിക്കുന്നു എന്നതായിരുന്നു, ആദ്യത്തെ ചോദ്യം. രണ്ടാമത്തെ ചോദ്യം, ഏറ്റം സത്യമായിരിക്കുന്ന ഈ ഉദാര നിലപാടു പുലർത്തുന്ന സഭ എന്തുകൊണ്ട് സ്വതന്ത്രമായ ദൈവാന്വേഷണത്തെ തടയുംവിധം ദൈവത്തെക്കുറിച്ച് തങ്ങൾ നിർമ്മിച്ചെടുത്ത സിദ്ധാന്തങ്ങളും വിശ്വാസസംഹിതകളും അതേ വേദപാഠഗ്രന്ഥമുപയോഗിച്ച് മനുഷ്യരിൽ അടിച്ചേൽപ്പിക്കുന്നു എന്നതും. സഭാനവീകരണത്തിനുള്ള മരുന്ന് കത്തോലിക്കാ വേദപാഠഗ്രന്ഥത്തിലുണ്ടെങ്കിൽ അതിനി എന്തിനു വേറെ അന്വേഷിക്കണം എന്ന ചിന്തയുമുണ്ടായി.

സഭാനവീകരണത്തിന്റെ കാര്യമല്ലേ, അമാന്തം പാടില്ലല്ലോ! IICS (ഓശാന) ലൈബ്രറിയിൽ പുസ്തകമുണ്ടോ എന്നന്വേഷിച്ചു. തുടർന്ന് അവിടെച്ചെന്ന് 660-ൽ ചില്വാനം പേജുകളുള്ള ‘Catechism of the Catholic Church’ എന്ന ബൃഹത്ഗ്രന്ഥം ഏതാനും മണിക്കൂറെടുത്ത് ഓടിച്ചു നോക്കി. വേണ്ടപോലെ പഠിച്ചു എന്നു പറയാനാവില്ലെങ്കിലും, കത്തോലിക്കാസഭയുടെ ഒരു പൊതുസമീപനം എന്താണെന്നു മനസ്സിലാക്കാൻ ഓടിച്ചുള്ള ആ വായനതന്നെ ധാരാളമായിരുന്നു. അംഗീകരിക്കാതിരിക്കാൻ ആർക്കും ആവാത്തവിധം അത്രമേൽ കൃത്യതയോടും സ്പഷ്ടമായും ആദ്യം തത്വങ്ങൾ പറഞ്ഞുവയ്ക്കുന്നു; പിന്നീട് തങ്ങൾ നിർമ്മിച്ചുവച്ചിരിക്കുന്ന സിദ്ധാന്തങ്ങളുടെ ‘വെളിച്ച’ത്തിൽ അവയെയെല്ലാം മറികടക്കുന്നു! യേശുവചനങ്ങളിൽത്തുടങ്ങി, ഏതുകാര്യത്തെയും തങ്ങൾ നിർമ്മിച്ച കാനോൻനിയമത്തിലെത്തിക്കുന്ന അതേ പുരോഹിതതന്ത്രമാണ് ‘കത്തോലിക്കാ വേദപാഠഗ്രന്ഥ’ത്തിലും ഈ ലേഖകനു കാണാൻ കഴിഞ്ഞത്. തുടക്കത്തിൽ കൊടുത്തിട്ടുള്ള ഉദ്ധരണിയുടെ അതേ ഔന്നത്യം പുലർത്തുന്ന മഹത്തായ ധാരാളം ആശയങ്ങൾ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തു കാണാം. (ഈ ലേഖനം മുന്നോട്ടു പോകുന്നതിനനുസരിച്ച്, അവയിൽ ചിലത് സ്വയം തർജ്ജമ ചെയ്ത് ഇതിൽ ചേർക്കുന്നുണ്ട്.)

ആമുഖ (prologue)ത്തിൽ, ‘മനുഷ്യജീവിതം, ദൈവത്തെ അറിയാനും സ്നേഹിക്കാനും’ എന്ന ആദ്യ ഉപശീർഷകത്തിനു താഴെത്തുടങ്ങുന്ന ഗ്രന്ഥത്തിന്റെ ആദ്യഖണ്ഡികതന്നെ എത്ര ഉദാത്തമായ ആശയമാണുൾക്കൊണ്ടിരിക്കുന്നതെന്നു നോക്കുക: ***“അനന്തസമ്പൂർണ്ണനും തന്നിൽത്തന്നെ അനുഗൃഹീതനുമായ ദൈവം തന്റെ തികഞ്ഞ നന്മയിലും സ്വാതന്ത്ര്യത്തി***

***ലും, സ്വയം അനുഗൃഹീതമായ തന്റെ ജീവിതത്തിൽ പങ്കാളിയാക്കുന്നതിനായി മനുഷ്യനെ സൃഷ്ടിച്ചു. ഇക്കാരണത്താൽ, എല്ലാ സമയത്തും എല്ലാ സ്ഥലത്തും ദൈവം മനുഷ്യനിലേക്ക് തന്നെ അടുപ്പിക്കുന്നു*** (draws close to man). ***തന്നെ അന്വേഷിക്കുന്നതിനും തന്നെ അറിയുന്നതിനും തന്നെ സ്നേഹിക്കുന്നതിനുമായി ദൈവം തന്റെ മുഴുവൻ ശക്തിയോടുംകൂടി മനുഷ്യനെ വിളിച്ചുകൊണ്ടിരിക്കുന്നു"*** (1-ാം ഖണ്ഡിക). സർവ്വശക്തനായ ദൈവം തന്റെ സർവ്വശക്തിയോടുംകൂടി വിളിച്ചിട്ടും അതു കേൾക്കാതിരിക്കാൻമാത്രം ബധിരത ആ ദൈവത്തിന്റെതന്നെ സൃഷ്ടിയായ മനുഷ്യനെങ്ങനെയുണ്ടായി എന്നൊരു ചോദ്യം ഇതു വായിക്കുന്നവർക്കു തോന്നാനിടയുണ്ട് എന്ന ന്യൂനത അവഗണിച്ചാൽ, മനുഷ്യനിലെ ദൈവികതയും അവന്റെ മഹോന്നതസ്ഥാനവും സ്ഥാപിക്കുന്ന ഈ കത്തോലിക്കാദർശനം വളരെ ഉദാത്തമാണെന്നു സമ്മതിക്കാതെ വയ്യ.

ആമുഖം അവസാനിപ്പിച്ചിരിക്കുന്നത് ഇങ്ങനെ: ***"മുഴുവൻ സിദ്ധാന്ത (doctrine)വും അതിന്റെ പഠിപ്പിക്കലുകളും ശ്രദ്ധയൂന്നേണ്ടത്, ഒരിക്കലും അവസാനിക്കാത്ത ആ സ്നേഹത്തിലേക്കു നയിക്കുക എന്നതിലായിരിക്കണം. വിശ്വാസത്തിലേക്കോ പ്രത്യാശയിലേക്കോ പ്രവൃത്തിയിലേക്കോ കൊണ്ടുവരുന്നതിനായി എന്തുതന്നെ നിർദ്ദേശിക്കപ്പെട്ടാലും, പൂർണ്ണമായ ക്രൈസ്തവധർമ്മം സ്നേഹത്തിൽനിന്നുത്ഭവിക്കുന്നതാണെന്നും സ്നേഹത്തിലെത്തുക എന്നതിനപ്പുറം മറ്റൊരുദ്ദേശ്യവും അതിലൊന്നുമില്ലെന്നും ആർക്കും ബോധ്യപ്പെടാൻ കഴിയുംവിധം നമ്മുടെ കർത്താവിന്റെ സ്നേഹം എല്ലായ്പ്പോഴും അഭിഗമ്യമാക്കി***(made accessible)***യിരിക്കണം"*** (25-ാം ഖണ്ഡിക). സഭയുടെ അതിരുകടന്നുപോയേക്കാവുന്ന സിദ്ധാന്തവത്ക്കരണപ്രവണതയ്ക്കെതിരായ ഒരു സ്വയംതാക്കീതെന്ന നിലയിൽ ഈ പ്രബോധനം ഏറെ പ്രാധാന്യമർഹിക്കുന്നു.

ഒന്നാമദ്ധ്യായം ആദ്യഖണ്ഡിക ഇങ്ങനെ പറയുന്നു: ***"ദൈവത്തിനുവേണ്ടിയുള്ള അഭിലാഷം മനുഷ്യഹൃദയത്തിൽ എഴുതപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, മനുഷ്യൻ ദൈവത്താലും ദൈവത്തിനുവേണ്ടിയുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട്, മനുഷ്യനെ തന്നിലേക്കു വലിച്ചടുപ്പിക്കുന്നതിൽനിന്ന്*** (to draw man to himself) ***ദൈവം ഒരിക്കലും വിരമിക്കുകയുമില്ല. മനുഷ്യൻ അവിരാമം അന്വേഷിക്കുന്ന സത്യവും സന്തോഷവും ദൈവത്തിൽമാത്രമേ കണ്ടെത്തുകയുള്ളൂ"*** (27-ാം ഖണ്ഡിക). ദൈവവും മനുഷ്യനും തമ്മിലുള്ള അഭേദ്യബന്ധത്തെക്കുറിച്ചും മനുഷ്യനിലെ അസ്തിത്വസംബന്ധിയായ അന്വേഷണവ്യഗ്രതയെക്കുറിച്ചും വ്യക്തതനൽകുന്ന മറ്റൊരു ഉദ്ധരണി ഇതാ: ***"സത്യത്തോടും സൗന്ദര്യത്തോടുമുള്ള തുറന്ന മനോഭാവത്തോടുകൂടിയും തന്നിലെ ധാർമ്മികനന്മയെക്കുറിച്ചും തന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചും തന്റെ മനഃസാക്ഷിയുടെ സ്വരത്തെക്കുറിച്ചുമുള്ള ധാരണയോടുകൂടിയും, അനന്തമായ സത്യത്തെയും തന്റെ സന്തോഷത്തെയും പ്രാപിക്കാനുള്ള അഭിനിവേശത്തോടുകൂടിയും, മനുഷ്യൻ ദൈവത്തിന്റെ അസ്തിത്വം സംബന്ധിച്ച ചോദ്യങ്ങൾ തന്നോടുതന്നെ ചോദിക്കുന്നു. ഇതിലെല്ലാം പ്രത്യക്ഷീഭവിക്കുന്നത് അവന്റെ ആന്തരികതയിലുള്ള ആത്മാവിനെസംബന്ധിച്ച സൂചനകളാണ്..."*** (33-ാം ഖണ്ഡിക).

'കത്തോലിക്കാ വേദപാഠഗ്രന്ഥം' മനുഷ്യന്റെ യുക്തിബോധത്തെ നിഷേധാത്മകമായിട്ടല്ല കാണുന്നത് എന്നു തെളിയിക്കുന്ന ഒന്നുരണ്ടു പ്രസ്താവനകളിതാ: ***"... ദൈവാസ്തിത്വംസംബന്ധിച്ച തെളിവുകൾ ഒരുവന്റെ മനസ്സിനെ വിശ്വാസത്തിനനുകൂലമാക്കുകയും വിശ്വാസം യുക്തിക്കു വിരുദ്ധമല്ലെന്നു ബോധ്യപ്പെടാൻ അവനെ സഹായിക്കുകയും ചെയ്യുന്നു"; "നമ്മുടെ തിരുസഭാമാതാവ് ഉറപ്പിച്ചു പറയുന്നതും പഠിപ്പിക്കുന്നതും, ആദിതത്വവും എല്ലാറ്റിന്റെയും അവസാനവുമായ ദൈവത്തെ മനുഷ്യന്റെ സ്വാഭാവിക യുക്തിയുടെ വെളിച്ചത്തിൽ, ഈ സൃഷ്ടലോകത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ, സുനിശ്ചിതമായി അറിയാൻ കഴിയും എന്നാണ്..."*** (36-ാം ഖണ്ഡിക).

മനുഷ്യനിൽ അന്തർഹിതമായിട്ടുള്ള ദൈവാ(സത്യാ)ന്വേഷണത്വരയെയും മനുഷ്യന്റെ യുക്തിബോധത്തെയും സ്വതന്ത്രചിന്തയെയും വളരെ പോസിറ്റീവായി കാണുകയും അംഗീകരിക്കുകയുംചെയ്യുന്ന സഭയുടെ ഈ അത്യുദാത്ത താത്വികനിലപാടുകൾ ഏതൊരു കത്തോലിക്കാവിശ്വാസിയെയും അഭിമാനംകൊള്ളിക്കാൻ പോന്നതാണ്. എന്നാൽ, ഈ അഭിമാനത്തിന് അല്പായുസ്സ്മാത്രമേയുള്ളൂ എന്ന് തൊട്ടടുത്ത ഖണ്ഡികമുതൽ നമുക്കു മനസ്സിലായിത്തുടങ്ങുകയായി.

37-ാം ഖണ്ഡിക നോക്കുക: ***"എന്നിരുന്നാലും, താൻ ആയിരിക്കുന്ന ചരിത്രപരമായ അവസ്ഥകളിൽ മനുഷ്യൻ സ്വയം മനസ്സിലാക്കുന്നത്, യുക്തിയുടെമാത്രം വെളിച്ചത്തിൽ ദൈവത്തെ അറിയാൻ അവന് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു എന്നാണ്.***

***കൃത്യമായി പറഞ്ഞാൽ, തന്റെ കൃപാകടാക്ഷത്താൽ ഈ ലോകത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ഏകവ്യക്തിദൈവത്തെ***(the one personal God)***ക്കുറിച്ച്, തന്റെ സഹജനിയമങ്ങൾ മനുഷ്യഹൃദയത്തിൽ ആലേഖനംചെയ്ത സൃഷ്ടികർത്താവിനെക്കുറിച്ച്, സത്യവും സുനിശ്ചിതവുമായ അറിവിലെത്താനുള്ള തികഞ്ഞ കഴിവ് മനുഷ്യയുക്തിക്ക്, അതിന്റെതന്നെ സ്വാഭാവികശക്തിയാലും വെളിച്ചത്താലുമുണ്ട്. എന്നിരുന്നാലും, യുക്തിബോധമെന്ന മനുഷ്യന്റെ ജന്മനാലുള്ള ഈ സിദ്ധിയെ ഫലപ്രദമായും ഫലസമൃദ്ധിയോടുകൂടിയും വിനിയോഗിക്കുന്നതിനു വിഘാതമായി പല തടസ്സങ്ങളും നിലനില്ക്കുന്നു. കാരണം, ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങൾ സംബന്ധിച്ച സത്യങ്ങൾ കാണാവുന്നതരത്തിലുള്ള കാര്യങ്ങൾക്കെല്ലാം അതീതമാണ്. അവയെ മനുഷ്യന്റെ പ്രവൃത്തിയിലേക്കു രൂപാന്തരപ്പെടുത്തുകയും അതിനു വശംഗതനാകുകയും ചെയ്യുന്നപക്ഷം അവ ആത്മസമർപ്പണവും സ്വയം നിഷേധവും ആവശ്യപ്പെടും. തന്മൂലം,***

ശേഷം 6-ാം പേജിൽ

# ഉത്ഭവപാപവും മാമ്മോദീസായും



ജോസഫ് മറ്റപ്പള്ളി

ഉത്ഭവപാപവുമായി ബന്ധപ്പെടുത്തിയാണ് മാമ്മോദീസായെ നാം കാണുന്നത്. രണ്ടിനേപ്പറ്റിയും തൃപ്തികരമായ വിശദീകരണങ്ങൾ എല്ലാവർക്കും കിട്ടിയിരുന്നെങ്കിൽ ഇവയുമായി ബന്ധപ്പെട്ട് ഒരു ചോദ്യവും ഉണ്ടാവുമായിരുന്നില്ല.

രണ്ടാം നൂറ്റാണ്ടിൽ ലിയോൺ മെത്രാനായിരുന്ന ഐറേനിയൂസാണ് വി. പൗലോസിന്റെ 'ഉത്ഭവപാപ'ത്തെ ലോകത്തിനു പരിചയപ്പെടുത്തിയത്. പൂർണ്ണനും സ്വതന്ത്രനുമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചുവെന്നതിന്റെ ലംഘനമാണ് ഉത്ഭവപാപവാദമെന്നതാണ് ഇതിനെതിരെയുള്ള ഏറ്റവും വലിയ ആരോപണം. ആദവും ഹവ്വയും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ ശിക്ഷ ഏഴെഴുപത് തലമുറകളും കടന്ന്, ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ജനിക്കുന്ന ഒരു ശിശുവിനെ ബാധിക്കുന്നതെങ്ങനെ? തിന്നാൻ പാടില്ലാത്ത പഴവുമായി ഒരു മരം സൃഷ്ടിച്ചു പറുദീസായുടെ മദ്ധ്യത്തിൽ കൊണ്ടുവച്ച്, സംസാരിക്കുന്ന ഒരു സർപ്പത്തെയും ഒരുക്കിനിർത്തിയ ദൈവമല്ലേ എല്ലാത്തിനും കാരണക്കാരൻ? ചോദിക്കുന്നവരുടെ എണ്ണം കൂടുന്നു, ചോദ്യങ്ങളുടെയും.

മറ്റൊരു സത്യംകൂടി ഇതിനോടു ചേർത്തു വായിക്കാതിരിക്കാൻ വയ്യ. ആദ്യ മനുഷ്യൻ ഇവിടുണ്ടായിട്ട് പരമാവധി ആറായിരം വർഷങ്ങൾ (ബൈബിൾ വംശാവലിയനുസരിച്ച്) എന്നു വിശ്വസിച്ച് അത്രയും കാലമേയായിട്ടുള്ളൂ മനുഷ്യനിവിടെ ഉണ്ടായിട്ടെന്നു കരുതുന്നതു തെറ്റാണ്, എന്നതാണത്. ഒരു രീതിയിലും ബന്ധപ്പെടാൻ കഴിയാതിരുന്ന കാലത്തും എല്ലാ ഭൂഖണ്ഡങ്ങളിലും മനുഷ്യൻ ഉണ്ടായിരുന്നുവെന്നത് സത്യവുമാണ് – ഒരു മാതാപിതാക്കന്മാരിൽ നിന്നല്ല അവരെല്ലാമുണ്ടായതും. പുതിയനിയമത്തിനുമുമ്പ് ആരും കേട്ടിട്ടേയില്ലാത്ത ജ്ഞാനസ്നാനമെന്ന പദംകൊണ്ട് യേശു ഉദ്ദേശിച്ചത്, തന്നിൽ വിശ്വസിക്കുന്നവരുടെ ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്നല്ലെന്നു സ്പഷ്ടം! ഉത്ഭവപാപം ഉണ്ടായിരുന്നില്ലെങ്കിൽ ജ്ഞാനസ്നാനവും ആവശ്യമില്ലെന്ന രീതിയിലുള്ള സഭയുടെ കാഴ്ച്ചപ്പാട് സംഗതി വളരെ സങ്കീർണ്ണമാക്കുകയും ചെയ്യുന്നു.

അമേരിക്കൻ സുരക്ഷാസൈന്യത്തിൽ സജീവസേവനം നടത്തുന്ന 'സ്നിഫർ ഡോഗ്'സ് ആറാമിന്ദ്രിയം ഉപയോഗിച്ചാണ് മണ്ണിനടിയിലും കോൺക്രീറ്റ് കെട്ടിടങ്ങളുടെ ഇടയിലുമൊക്കെ കുടുങ്ങിപ്പോകുന്ന മനുഷ്യരെ തിരിച്ചറിയുന്നത്. പൂച്ചകൾക്കുമുണ്ട് ഇക്കാര്യത്തിൽ അസാമാന്യ



**പുതിയനിയമത്തിനുമുമ്പ് ആരും കേട്ടിട്ടേയില്ലാത്ത ജ്ഞാനസ്നാനമെന്ന പദംകൊണ്ട്, യേശു ഉദ്ദേശിച്ചത്, തന്നിൽ വിശ്വസിക്കുന്നവരുടെ ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്നല്ലെന്നു സ്പഷ്ടം! ഉത്ഭവപാപം ഉണ്ടായിരുന്നില്ലെങ്കിൽ ജ്ഞാനസ്നാനവും ആവശ്യമില്ലെന്ന രീതിയിലുള്ള സഭയുടെ കാഴ്ച്ചപ്പാട് സംഗതി വളരെ സങ്കീർണ്ണമാക്കുകയും ചെയ്യുന്നു.**

കഴിവ് – അവയെ ശ്രദ്ധിച്ചാൽ വരാനിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് അവ പെരുമാറുന്നതു കാണാം. ജന്തുലോകവും സസ്യലോകവും ഈ ആറാമിന്ദ്രിയം സമൃദ്ധമായി ഉപയോഗിക്കുന്നു. മനുഷ്യന്റെ ആറാമിന്ദ്രിയ(ഉൾക്കാഴ്ച്ച)വും വളരെ ശക്തിയേറിയതാണ് എന്ന് പലർക്കും അറിഞ്ഞുകൂടാ. അതു പരിശീലനത്തിലൂടെ വളർത്തിയെടുക്കാൻ ഒരു മതവിശ്വാസിയായിരിക്കണമെന്നില്ലതാനും. ഇതുമായി ബന്ധപ്പെട്ട ടെലിപ്പതി ശാസ്ത്രീയമായി തെളിയിക്കപ്പെട്ട കാര്യമാണ്. ഈ ഉൾക്കാഴ്ചയെ, പ്രത്യേകിച്ചും അത്മായസമൂഹവുമായി ബന്ധപ്പെട്ടുരുവാകുന്നവയെ, കത്തോലിക്കാസഭ എന്നും എതിർത്തിരുന്നു. ഇതിന് ഉത്തമോദാഹരണമാണ്, ക്രൈസ്തവസഭയിലെ ആദ്യദൈവശാസ്ത്രജ്ഞനെന്നു വിശേഷിപ്പിക്കപ്പെടുന്ന ഒറിഗൺ അഡ്മാന്റിയൂസ് എന്ന അത്മായൻ. വിശുദ്ധ പൗലോസിന്റെ പ്രമാണങ്ങളെമാത്രമല്ല ഒറിഗൺ ചോദ്യംചെയ്തത്; പുനർജന്മം സംബന്ധിച്ചുള്ള സഭയുടെ നിലപാടിനെയും, പുത്രൻദൈവവും പിതാവുദൈവവും തുല്യരാണെന്നുള്ള സഭയുടെ പഠനങ്ങളെയുമൊക്കെ അദ്ദേഹം ചോദ്യംചെയ്തു. അദ്ദേഹത്തെ മാർപാപ്പായും സിനഡുകളും അപ്പാടെ തള്ളിക്കളഞ്ഞുവെങ്കിലും, വളരെ ഉൾക്കാഴ്ചയുള്ള ഒരു ജ്ഞാനിയായിരുന്നദ്ദേഹം. ആദിമസഭ അനുവർത്തിച്ചുപോന്ന പല ആചാരങ്ങളുടെയും അർത്ഥം അറിയുന്നവരെയാണ് സഭ മത്സരിച്ചു നിശ്ചലരാക്കിക്കൊണ്ടിരുന്നത്. അജ്ഞതയുടെ പിന്തുടർച്ചക്കാരായതുകൊണ്ടായിരിക്കണം, പാരമ്പര്യത്തിന്റെ ▸▸

പേരിൽ കുരിശെന്ന അടയാളം മാറ്റി, പാഷണ്ഡസഭയായ മാനിക്കേയൻ മതത്തിന്റെ വകയെന്നു പരക്കെ ആരോപിക്കപ്പെടുന്ന 'മാർത്തോമ്മാക്കുരിശെ'ന്ന അടയാളം അൾത്താരയിൽ വരാൻ കാരണമായത്. ഈ കുരിശ് മാർത്തോമ്മാ കൊത്തിയതാണെന്ന വാദഗതി ഉപേക്ഷിക്കാൻ സഭയ്ക്ക് ഇരുപത്തിയഞ്ചുവർഷം വേണ്ടിവന്നു. കുരിശിനുപകരം അൾത്താരയുടെ മധ്യത്തിൽവച്ച് ആരാധിക്കപ്പെടാനുള്ള യോഗ്യത ഇതിനില്ലെന്നു സമ്മതിക്കാൻ സഭയ്ക്ക് അല്പം കൂടി സമയം വേണ്ടിവരും.

ആകൃതികൾക്ക് വലിയ അർത്ഥമുണ്ട്. ജപിച്ചു കെട്ടുകയെന്ന ആചാരംതന്നെ അടയാളങ്ങളുടെയും ആകൃതികളുടെയും ശക്തിക്കടിവരയിടുന്നു. കുരിശടയാളത്തിന്റെ ശക്തി തെളിയിക്കുന്ന എത്രയോ സംഭവങ്ങൾ! ഡ്രാക്കുളക്കഥകളിലെല്ലാം തോക്കല്ലല്ലോ, കുരിശല്ലേ ആയുധം? കുരിശിന്റെ അടയാളസ്ഥാനം മാറ്റി, യേശുവിനെ കൊല്ലാനുപയോഗിച്ച ഒരുപകരണമായി കണ്ടത് ദർശനശേഷി നഷ്ടപ്പെട്ടവരായിരുന്നുവെന്നു പറയാതെ വയ്യ. യേശു മരിച്ചത് കുരിശാകൃതിയിലുള്ള ഒരു മരത്തിലായിരുന്നില്ല. ഇക്കാര്യത്തിൽ ഗവേഷകരെല്ലാംതന്നെ യോജിക്കുകയും ചെയ്യുന്നു (Ref. 'Mysteries of the Bible' Published by Readers Digest).

അയ്യായിരം വർഷത്തിനുമുമ്പുപോലും അത്ഭുതങ്ങൾ കാണിക്കാനുള്ള വിദ്യ പഠിപ്പിക്കുന്ന രഹസ്യവിദ്യാലയങ്ങൾ ഈജിപ്ത്തിലും ടിബറ്റിലുമുണ്ടായിരുന്നുവെന്നതിനു സൂചനകളുണ്ട്. റെയ്കി സമ്പ്രദായത്തിന്റെ ഉറവിടം അന്വേഷിച്ചുപോയ മൈക്കോ ഉസൂയി എന്ന വൈദികനാണിതു പറയുന്നത്. അടയാളങ്ങളുപയോഗിച്ചുള്ള വിദ്യകൾ അവർ ഉപയോഗിച്ചിരുന്നു. പാപിനിയെ അടുത്തു കൊണ്ടുവന്ന് ഇവൾക്കെന്തു ശിക്ഷയാണു കൊടുക്കേണ്ടതെന്നു ചോദിച്ചപ്പോൾ, 'നിങ്ങളിൽ പാപമില്ലാത്തവർ ആദ്യം കല്ലെറിയട്ടെ'യെന്നു പറഞ്ഞു നിലത്തെന്തോ വരച്ചു കൊണ്ടിരുന്ന യേശുവിനെ ബൈബിൾ കാണിക്കുന്നു. എന്തെങ്കിലും പ്രത്യേകതയില്ലായിരുന്നുവെങ്കിൽ സുവിശേഷം അതെടുത്തു പറയുമായിരുന്നോ? കുരിശടയാളത്തിന്റെ ശക്തി മനസ്സിലാക്കിയവർ അതു ശിശുവായ വ്യക്തിയിലും സംരക്ഷണത്തിന്റെ അടയാളമായി ചാർത്തിക്കൊടുക്കുന്നതിന്റെ അർത്ഥം മനസ്സിലാക്കും. അതിനെ ഉത്ഭവപാപവുമായി ബന്ധിപ്പിക്കേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം. പുതിയ നിയമത്തിനുമുമ്പ് ജ്ഞാനസ്നാനം എന്ന് കേട്ടിട്ടില്ലെന്നോർത്തു വിഷമിക്കണ്ട; ഒരുതരത്തിലുള്ള അഭിഷേകമായോ ഒരു ലയവത്കരണ ശുശ്രൂഷയായോ ഇതിനെ എടുത്താൽ മതി. ഭാരതീയകാഴ്ച്ചപ്പാടിൽ, ഒരു ദീക്ഷ! സ്ഥല-കാല പരിമിതികൾക്കപ്പുറത്തേക്കും സഞ്ചരിക്കാൻ കെൽപ്പുള്ള, ക്രൈസ്തവരുടെ അടയാളമായി മാറിയ കുരിശിനെപ്പറ്റിയാണ് ഞാൻ പറഞ്ഞത്.

'Sin' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം മനസ്സിലാക്കിയാൽ ഉത്ഭവപാപത്തിനുള്ള മറുപടിയും കിട്ടിയേക്കാം. ഷൂട്ടിങ് പരിശീലിക്കുമ്പോൾ കുറെയേറെ കറുത്ത വളയങ്ങളും അതിന്റെ നടുവിൽ ഒരു കറുത്തപൊട്ടുമായുള്ള 'ടാർജറ്റ്' കാണാത്തവരാരുമുണ്ടായിരിക്കില്ലല്ലോ. ഗ്രീസിൽ അമ്പെയ്ത്തു വിദഗ്ദ്ധന്മാരും പരിശീലനത്തിനിതുപയോഗിച്ചിരുന്നു.

മ ഢ ൃ

ത്തിൽനിന്ന് എത്രയകലെയാണ് അസ്ത്രം പതിച്ചതെന്നത് അളക്കുന്ന യൂണിറ്റായിരുന്നു അവർക്കു 'sin'. അതായത്, മധ്യത്തിലുള്ളതല്ലാത്തതെല്ലാം 'sin'കൾ! ദൈവമെന്ന കേന്ദ്രത്തിൽനിന്നു പുറപ്പെട്ടതെല്ലാം അവിടെ തിരച്ചെത്താത്തിടത്തോളംകാലം, വിവിധ അകലങ്ങളിലുള്ള നാമെല്ലാം വ്യത്യസ്ത അളവുകളിൽ 'sin'ner മാർ. അതുകൊണ്ടുതന്നെ നാമ-രൂപ-ഗുണങ്ങളുള്ള എന്തും 'ഉത്ഭവപാപി'കളും.

ആദ്യമനുഷ്യരുടെ പ്രതീകംമാത്രമായ ആദത്തിനെയും ഹവ്വയെയും നമ്മുടെ ആരോപണങ്ങളിൽ നിന്നു മോചിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇന്നു പ്രചാരത്തിലിരിക്കുന്ന അർത്ഥത്തിൽ 'നാം പാപികൾ' എന്നാവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ വളരെ ഗുരുതരമായ ഒരു പിശകുണ്ടെന്നതും പറയാതെ വയ്യ. എന്നെക്കൊണ്ട് ചുക്കിനും ചുണ്ണാമ്പിനും കൊള്ളില്ലെന്നു പറഞ്ഞുകൊണ്ടിരിക്കുന്നവർ അങ്ങനെയായിത്തീരുമെങ്കിൽ, 'ഞാൻ പാപി'യെന്നാവർത്തിച്ചുകൊണ്ടിരിക്കുന്നവർ അങ്ങനെതന്നെ ആയിക്കൂടെന്നില്ലല്ലോ.

*ഫോൺ: 9495875338*

## മുഖക്കുറി തുടർച്ച.....

***അത്തരം സത്യങ്ങൾ പ്രാപിക്കുന്നതിനു വിഘാതമായി മനുഷ്യമനസ്സ് നിലകൊള്ളുന്നു. ഇത് ഇന്ദ്രിയങ്ങളും കല്പനാശക്തിയും മനുഷ്യമനസ്സിനേല്പിക്കുന്ന ആഘാതംകൊണ്ടുമാത്രമല്ല, ഉത്ഭവപാപ(original sin)ത്തിന്റെ ഫലമായി മനുഷ്യനിൽ സംഭവിച്ച താല്പര്യങ്ങളി(appetites)ലെ ക്രമംതെറ്റലുകൾ കൊണ്ടുംകൂടിയാണ്."***

അങ്ങനെ സഭയുടെ ദാർശനികമായ ഉൾക്കാഴ്ച വ്യക്തമാക്കിക്കൊണ്ട് മനുഷ്യന്റെ നൈസർഗ്ഗികമായ ദൈവാന്വേഷണത്വരയെ സംബന്ധിച്ചും, തന്റെ അസ്തിവാരമായ ദൈവത്തെ കണ്ടെത്താനുള്ള അവന്റെ ജന്മസിദ്ധമായ ധിഷണാശേഷിയെക്കുറിച്ചുമെല്ലാമുള്ള അടിസ്ഥാനതത്വങ്ങൾ തികഞ്ഞ പ്രാഗത്ഭ്യത്തോടെ അവതരിപ്പിച്ച അതേ പുരോഹിതകരങ്ങൾതന്നെ, 'ഉത്ഭവപാപ'മെന്ന തങ്ങളുടെ സിദ്ധാന്തത്തിലൂടെ അതിനെയെല്ലാം അട്ടിമറിക്കുകയാണ്, 'കത്തോലിക്കാവേദപാഠ'ഗ്രന്ഥത്തിലൂടെ!

അതിൽ തുടർന്നിങ്ങനെ പറയുന്നു: ***"ദൈവത്തെ അറിയുന്നതിനുള്ള മനുഷ്യന്റെ കഴിവിനെ സംരക്ഷിക്കുന്നതിന്, അവിടുത്തെക്കുറിച്ച് എല്ലാവരോടും എല്ലാവർക്കുമൊപ്പവും പറയുന്നതിൽക്കൂടിയും ഇതരമതങ്ങളുമായും തത്വശാസ്ത്രവും ശാസ്ത്രവുമായും ഒപ്പം അവിശ്വാസികളും നിരീശ്വരരുമായും ആശയസംവാദം നടത്തുന്നതിൽക്കൂടിയും സഭ അവളുടെ ആത്മവിശ്വാസം പ്രകടിപ്പിക്കുകയാണ്"*** (39-ാം ഖണ്ഡിക). ഇപ്രകാരം, മനുഷ്യനെയും ദൈവത്തെ അറിയാൻ കഴിവുള്ള അവന്റെ സവിശേഷബുദ്ധിയെയും സൂത്രത്തിൽ തള്ളിമാറ്റി,

മനുഷ്യന്റെ ആ കഴിവു സംരക്ഷിക്കാനെന്ന വ്യാജേന, ആ ഇടത്തേക്കു രംഗപ്രവേശംചെയ്യുകയാണ് സഭ എന്ന പുരോഹിതസ്ഥാപനം. തുടർന്നങ്ങോട്ട്, സഭാസിദ്ധാന്തങ്ങളും വചനവ്യാഖ്യാനങ്ങളും ഒന്നൊന്നായി അവതരിപ്പിച്ച് മനുഷ്യന്റെ വിശേഷബുദ്ധിയെ, മാർപാപ്പയും മെത്രാന്മാരുമടങ്ങുന്ന ഒരു 'ആധികാരികസംഘ' (majisterium)ത്തിന്റെ കീഴിലാക്കുന്നു! ഇവിടെ ആരിലും ഉയർന്നേക്കാവുന്ന ഒരു ചോദ്യമുണ്ട്-ഈ 'മജിസ്റ്ററിയ'ത്തിലുള്ളവർക്കും ഉത്ഭവപാപജന്യമായ 'താല്പര്യങ്ങളിലെ ക്രമംതെറ്റലു'കളുടെ പരിമിതിയുണ്ടാവില്ലേ എന്ന ചോദ്യം. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു" (ലൂക്കോ. 10:16) എന്ന യേശുവചനത്തെപ്പിടിച്ചാണ് 'കത്തോലിക്കാവേദപാഠം' ആ ചോദ്യത്തെ മറികടന്നിരിക്കുന്നത്! അങ്ങനെ, ദൈവത്തെ അന്വേഷിക്കാനും കണ്ടെത്താനും മനുഷ്യനു കഴിവും കടമയുമുണ്ടെന്നു പ്രബോധിപ്പിച്ച അതേ വേദപാഠം, ദൈവികാധികാരം അവകാശപ്പെടുന്ന ഒരു 'മജിസ്റ്റീരിയ'ത്തെ സൃഷ്ടിച്ച് മനുഷ്യനെ ആ അന്വേഷണത്തിൽ നിന്നു വിലക്കുകയാണ്; ഒപ്പം, ആ 'മജിസ്റ്റീരിയം' പിന്തുടരുന്നതും നിർമ്മിക്കുന്നതുമായ സിദ്ധാന്തങ്ങൾ മനുഷ്യനിൽ അടിച്ചേല്പിക്കുകയുമാണ്.

'കത്തോലിക്കാ വേദപാഠ'ത്തിന്റെ 3-ാം ഭാഗം 3-ാം അദ്ധ്യായം 'മനുഷ്യന്റെ സ്വാതന്ത്ര്യ'ത്തെക്കുറിച്ചും, 6-ാം അദ്ധ്യായം 'ധാർമ്മിക മനഃസാക്ഷി'യെക്കുറിച്ചുമുള്ളതാണ്. *(ഈ രണ്ട് അദ്ധ്യായങ്ങളിലെയും പ്രസക്തഭാഗങ്ങൾ കഴിഞ്ഞ ലക്കം 'സത്യജ്വാല'യിലെ ഫാ. ഡേവീസ് കാച്ചപ്പിള്ളി CMI-യുടെ ലേഖനത്തിൽ-പേജ്, 28- കൊടുത്തിട്ടുള്ളതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല. ദയവായി അതുകൂടി വായിച്ചിട്ടുവേണം ഇതിനി തുടർന്നു വായിക്കാൻ എന്നഭ്യർത്ഥിക്കുന്നു-എഡിറ്റർ)*

ഏതു വിധത്തിലാണോ 'കത്തോലിക്കാവേദപാഠം' ആദ്യം ഉയർത്തിക്കാട്ടിയ സഭയുടെ പ്രാഥമികതത്വങ്ങളെ സ്വയം തള്ളിക്കളഞ്ഞ് സഭയിൽ പുരോഹിതസിദ്ധാന്തങ്ങളെ പ്രതിഷ്ഠിച്ചത്, അതേ വിധത്തിൽത്തന്നെയാണ് 1730, 1731, 1738 എന്നീ ഖണ്ഡികകളിൽ മനുഷ്യന്റെ ദൈവദത്തമായ സ്വാതന്ത്ര്യത്തെ ശരിയായി നിർവ്വചിച്ചതിനുശേഷം, 1739-ാം ഖണ്ഡികയിലെ, ***"മനുഷ്യന്റെ സ്വാതന്ത്ര്യം പരിമിതവും തെറ്റുപറ്റാവുന്നതുമാണ്"*** (man's freedom is limited and fallible) എന്നുതുടങ്ങുന്ന ഭാഗംമുതൽ, ആ സ്വാതന്ത്ര്യത്തെ സഭാ'മജിസ്റ്റീരിയ'ത്തിന്റെ കീഴിലാക്കിയിരിക്കുന്നത്. ഇതുപോലെതന്നെ, 'ധാർമ്മികമനഃസാക്ഷി' (Moral conscience)യെപ്പറ്റിയുള്ള ശരിയായ കാഴ്ചപ്പാട് 1776, 1778, 1782 എന്നീ ഖണ്ഡികകളിലൂടെ കൃത്യവും യുക്തിഭദ്രവുമായി അവതരിപ്പിച്ചതിനുശേഷം, ***"...തങ്ങളുടെ സ്വന്തം വിധിത്തീർപ്പുകളെ സ്വീകരിക്കാനും ആധികാരികപ്രബോധനങ്ങളെ നിരാകരിക്കാനും പ്രേരിതരാകുന്ന, നിഷേധാത്മകസ്വാധീനങ്ങൾക്കു വിധേയപ്പെട്ടവർക്കും പാപത്തിന്റെ പ്രലോഭനത്തിൽപ്പെട്ടവർക്കും മനഃസാക്ഷി വിദ്യാഭ്യാസം (education of conscience) നൽകേണ്ടത് അനിവാര്യമാണ്"*** (1783-ാം ഖണ്ഡിക) എന്നു പ്രസ്താവിച്ച്, മനുഷ്യന്റെ മനഃസാക്ഷിസ്വാതന്ത്ര്യത്തെയും സഭാമജിസ്റ്റീരിയത്തിനു കീഴിലാക്കുകയാണ്, 'കത്തോലിക്കാ വേദപാഠം'!

'ദൈവശാസ്ത്ര സംഗ്രഹം' (Summa Theologia) എന്ന അഞ്ചു തടിയൻ പുസ്തകങ്ങളുടെ മൂന്നു വാല്യങ്ങളെഴുതിയ തോമസ് അക്വീനാസ്തന്നെ, അതെല്ലാം വെറും വൈക്കോലായിരുന്നുവെന്ന് പിന്നീട് പ്രസ്താവിക്കുകയുണ്ടായല്ലോ. അതുപോലെ, അതിബൃഹത്തായ ഈ വേദപാഠഗ്രന്ഥത്തിന്റെ ബാക്കി ഭാഗങ്ങൾ ഒന്നോടിച്ചുനോക്കിയ ഈ ലേഖകനും അതെല്ലാം സിദ്ധാന്തവൽക്കരണത്തിലുള്ള പുരോഹിതവിരുതുമാത്രം തെളിയിക്കുന്ന വെറും വൈക്കോൽക്കെട്ടുകളായി മാത്രമാണ് അനുഭവപ്പെട്ടതെന്നു പറയട്ടെ. ഇതിലുദ്ധരിച്ചിട്ടുള്ള 25-ാം ഖണ്ഡികയിലെ സ്വയംതാക്കീതിനെപ്പോലും കാറ്റിൽ പറത്തിക്കൊണ്ട്, യേശുവിന്റെ സ്നേഹത്തെ അനഭിഗമ്യമാക്കിയിരിക്കുകയാണ്, ഇതിലുയർത്തിക്കെട്ടിയിരിക്കുന്ന 'സഭാമജിസ്റ്റീരിയ'ത്തിന്റെ വൻമതിൽ. യേശു കനപ്പെട്ട കാര്യങ്ങളായി പഠിപ്പിച്ച നീതി, കരുണ, വിശ്വാസം മുതലായ കാര്യങ്ങളെയും അതു സംബന്ധിച്ച താത്വികദർശനങ്ങളെയും ഈ ആധികാരിക ഗ്രന്ഥത്തിൽ തപ്പിപ്പരതിയാൽ കഷ്ടിച്ച് എട്ടോ പത്തോ പേജുകൾ മാത്രമേ വരൂ. ബാക്കി 650-ലേറെ പേജുകളിൽ അതിനെയെല്ലാം മറികടക്കാനുള്ള ചപ്പുചവറുവിതണ്ഡവാദങ്ങൾ നിരത്തിയിരിക്കുകയാണ്!

പക്ഷേ, വിശ്വാസികളുടെ കൂട്ടായ്മയായ യഥാർത്ഥ സഭയെ സംബന്ധിച്ച്, ആ 8-10 പേജുകൾ വളരെ പ്രധാനപ്പെട്ടതാണ് എന്നു പറയാതെവയ്യ. കാരണം, സഭയുടെ പ്രാഥമികവും പ്രാമാണികവുമായ തത്വദർശനങ്ങളാണ് അവിടവിടെയായി ഈ പേജുകളിലുള്ളത്. അവ വചനാധിഷ്ഠിതവുമാണ്. അതിന്റെ ഉജ്ജ്വല പ്രകാശത്തിന്, സിദ്ധാന്തങ്ങൾ പടർത്തിയിരിക്കുന്ന കൂരിരുട്ടിനെ അപ്രത്യക്ഷമാക്കാനുള്ള, അവയെയെല്ലാം അസാധു(nullify)വാക്കാനുള്ള തെളിച്ചവും കരുത്തുമുണ്ട്. സത്യത്തിൽ, ഇന്നത്തെ കത്തോലിക്കാസഭയെ യഥാർത്ഥ ക്രൈസ്തവസഭയാക്കിമാറ്റാൻ അവയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ അർഹിക്കുന്ന ഗൗരവത്തിൽ പഠിക്കുകയും പഠിപ്പിക്കുകയുംചെയ്താൽ മാത്രംമതിയാകും. അതിനു തയ്യാറാകണമെന്ന നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ ചിന്തിക്കുന്ന സഭാപൗരന്മാർ തയ്യാറാകേണ്ടിയിരിക്കുന്നു. കാരണം, സ്വന്തം അസ്തിത്വത്തിനും വ്യക്തിത്വത്തിനും അടിസ്ഥാനമാകേണ്ട തനതുവിശ്വാസം കരുപ്പിടിപ്പിക്കാൻ മനുഷ്യനു ജന്മാവകാശമായി സിദ്ധിച്ചിരിക്കുന്ന അവന്റെ വിശേഷബുദ്ധിയെ സ്വതന്ത്രമാക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്ന സഭയുടെ സുപ്രധാനദർശനങ്ങളാണവ. സിദ്ധാന്തങ്ങളുടെ പറയ്ക്കടിയിൽനിന്ന് അവയെ പുറത്തെടുത്തേപറ്റൂ. ഇത് മനുഷ്യന്റെ അസ്തിവാരത്തിന്റെ പ്രശ്നമായതിനാൽ ഒരു വിട്ടുവീഴ്ചയ്ക്കും ഇവിടെ പ്രസക്തിയില്ല തന്നെ.

നമ്മുടെ സഭാമേലദ്ധ്യക്ഷന്മാർക്കും പണ്ഡിതന്മാരായി അറിയപ്പെടുന്ന പുരോഹിതശ്രേഷ്ഠർക്കും ബൗദ്ധികമായ സത്യസന്ധതയുണ്ടായിരുന്നെങ്കിൽ, അവർ ഒന്നുകിൽ ഈ നിർദ്ദേശത്തെ അംഗീകരിക്കുകയും, അല്ലെങ്കിൽ കാര്യ-കാരണങ്ങൾ യുക്തിസഹമായി വിശദമാക്കി നിരാകരിക്കുകയും ചെയ്യുമായിരുന്നു. ബുദ്ധിയും സത്യസന്ധതയും പരിശുദ്ധാത്മാവിന്റെ ദാനങ്ങളായിരിക്കേ, പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിച്ച ഇവർക്കെങ്ങനെ അതില്ലാതെവരും?

***-എഡിറ്റർ***

# ‘ദൈവത്തിൻ സ്വപ്നം കുടുംബം’



സക്കറിയാസ് നെടുങ്കനാൽ

**പാ**ലായിൽ വിവാഹ ഒരുക്ക ധ്യാനത്തിനു ചെല്ലുന്നവർക്കു കൊടുക്കുന്ന ഒരു പുസ്തകം കാണാനിടയായി. ‘ദൈവത്തിൻ സ്വപ്നം കുടുംബം’ എന്നാണു പേര്. ഒന്നോടിച്ചു വായിച്ചു. ആഴമായ പഠനത്തിന്റെയും അറിവിന്റെയും അഭാവംമൂലം പുരോഹിത കാഴ്ചപ്പാടുകളിൽ വന്നുപിണഞ്ഞിരിക്കുന്ന ചില അപാകതകൾ കാണാതിരിക്കാനായില്ല. അവയെ അത്ര ലഘുവായി തള്ളിക്കളയാനാവില്ലതാനും. ഉദാഹരണത്തിന് ഏതാനും ഉദ്ധരണികൾ പരിശോധിക്കാം:

*‘ഗർഭനിരോധനം അതിൽത്തന്നെ ഒരു തിന്മയാണ്. കാരണം, ദാമ്പത്യസ്നേഹത്തിന്റെ സ്വഭാവവും ലക്ഷ്യവും അതു തടയുന്നു’* (പേജ് 41).

ഈ പുസ്തകം ക്രോഡീകരിച്ചത് അച്ചന്മാരായതിനാൽ ദാമ്പത്യസ്നേഹത്തിന്റെ സ്വഭാവവും ലക്ഷ്യവും എന്നവർ ഉദ്ദേശിക്കുന്നത് ഓരോ ബന്ധപ്പെടലിലും ഒരു കുഞ്ഞ് എന്നായിരിക്കാനാണ് സാദ്ധ്യത. ലൈംഗികതയെ പരസ്പര സ്നേഹത്തിന്റെ പങ്കുവയ്ക്കലിനുള്ള ഒരുപാധിയായിക്കൂടി കാണാൻ അവർക്കാകുന്നില്ലെന്നതാണ് ഇതിലെ പാളിച്ച. വളരെ സങ്കുചിതമായ വീക്ഷണത്തിൽനിന്നും അജ്ഞതയിൽനിന്നുമുണ്ടാകുന്ന വളരെ അപക്വമായ ഒരഭിപ്രായം മാത്രമായി ഇതിനെ വിലയിരുത്തിയാൽ മതി. എന്നാൽ, വിവാഹജീവിതത്തിൽ എത്ര വലിയ മാനസിക സംഘർഷങ്ങൾക്കാണ് ഇത്തരം വിവരക്കേടുകൾ കാരണമാകുന്നതെന്ന് പാഠപുസ്തകം എഴുതിയവർ അറിയുന്നില്ല.

*‘ദൈവത്തിന്റെ തിരുനാമം വൃഥാ പ്രയോഗിക്കരുത്’* എന്ന കല്പനയെ വിശദീകരിക്കുന്നിടത്ത്, *‘നേർച്ചകളെല്ലാം ദൈവമഹത്വത്തിനുള്ളതാണ്. നേർന്ന നേർച്ചകൾ പൂർത്തിയാക്കാതിരുന്നിട്ടുണ്ടോ?’ എന്നും, ‘എല്ലാറ്റിനും എപ്പോഴും നേർച്ച നേരുന്ന പ്രകൃതക്കാരനാണോ?’ (പ്രഭാ. 18, 22-23; 23:11-12; പുറ. 35: 21; നിയ. 23, 21-23)’ എന്നും ചോദിച്ചിട്ടുണ്ട്.* (പേജ്-67).

വിവാഹഒരുക്കത്തിനു ചെല്ലുന്ന യുവതീയുവാക്കൾക്ക് മാനസ്സികസംഘർഷമുളവാക്കാൻ പോരുന്നത്ര അവ്യക്തത ഇവിടെ കടന്നുകൂടിയിട്ടുണ്ട്. കാര്യസാദ്ധ്യത്തിനായി പുണ്യാളന്മാർക്കു കോഴ കൊടുക്കുന്നതിനു പറയുന്ന വാക്കാണല്ലോ നേർച്ച. അതു തെറ്റാണെന്നും പ്രോത്സാഹിപ്പിക്കരുതെന്നും ഗ്രന്ഥകർത്താവിന്റെ മനസ്സാക്ഷി പറയുമ്പോൾത്തന്നെ, അതിനെ വളച്ചൊടിച്ച് ‘നേർച്ചകളെല്ലാം ദൈവമഹത്വത്തിനുള്ളതാണ്’ എന്നു ന്യായീകരിക്കുന്നു. നേർന്ന നേർച്ചകൾ പൂർത്തിയാക്കാതിരുന്നിട്ടുണ്ടോ?’ എന്ന ചോദ്യത്തിലൂടെ പള്ളിക്കും പട്ടക്കാരനും കണക്കില്ലാത്ത വരുമാനം ഉണ്ടാക്കുന്ന ഈ ശീലം (അതു മോശമാണെങ്കിലും) വിശ്വാസികൾ ഉപേക്ഷിക്കരുത് എന്ന കൗശലവും പ്രയോഗിക്കപ്പെടുന്നു. നിഷ്ക്കളങ്കരായ ചെറുപ്പക്കാരിൽ അന്ധവിശ്വാസം കുത്തിനിറയ്ക്കുന്ന ഏർപ്പാടല്ലേ ഇത്?

*‘നന്മ ലഭിക്കാൻ അവകാശമുള്ളവർക്ക് അത് നിഷേധിച്ചിട്ടുണ്ടോ?’* (പേജ്-71). മാതാപിതാക്കളെ ബഹുമാനിക്കണം എന്ന കല്പനക്കുള്ള ആത്മശോധനയുടെ ഭാഗമാണീ ചോദ്യം. സാമാന്യ മനസ്സാക്ഷിയുള്ള ഏതു ക്രൈസ്തവനെ സംബന്ധിച്ചും അവന്റെ ഏതു സഹോദരനും അവനിൽനിന്നു നന്മ ലഭിക്കാൻ യോഗ്യതയുള്ളവനാണ്. അപ്പോൾപ്പിന്നെ, അതു മാതാപിതാക്കൾ മാത്രമായി പരിമിതപ്പെടുത്തുന്നത് ക്രിസ്തീയകാഴ്ചപ്പാടല്ല. സ്വന്തക്കാരെന്നും അല്ലാത്തവരെന്നുമുള്ള വേർതിരിവുതന്നെ യേശു പാടേ നിഷേധിച്ചിട്ടുള്ളതാണ്. അതൊന്നും ഉൾക്കൊള്ളാൻമാത്രം പക്വത നേടിയിട്ടില്ലാത്ത ആരോ ആണ് ഈ പുസ്തകം എഴുതിയത്.

*‘മിണ്ടാപ്രാണികളോട് ക്രൂരത കാണിച്ചിട്ടുണ്ടോ?’*(പേജ്-75). വിവാഹാർത്ഥികളോടുള്ള ഒരു ചോദ്യമാണ്. കോഴിയെയും പോത്തിനെയും വെട്ടിയറഞ്ഞു തിന്നുന്നത് മാത്രമല്ല, ചെറുത്തുനില്ക്കാൻ കെല്പില്ലാത്ത ‘കുഞ്ഞാടു’കളെ പിരിവുകളുടെ ആധിക്യംകൊണ്ട് പിഴിഞ്ഞു ശ്വാസം മുട്ടിക്കുന്നതും മിണ്ടാപ്രാണികളോട് ക്രൂരത കാണിക്കലാണെന്നു മനസ്സിലാക്കുമെങ്കിൽ, വിവാഹാർഥികൾ മാത്രമല്ല, വൈദികരും ഉത്തരം പറയേണ്ട ഒരു ചോദ്യമാണിത്.

സ്നേഹവും പ്രേമവും എന്തെന്ന് വിവരിക്കാൻ തുടങ്ങുന്നിടത്ത് റാഹേലിനു വേണ്ടി 14 വർഷം കഠിനവേല ചെയ്ത യാക്കോബിന്റെ കഥ (ഉല്പ. 29:20) പറഞ്ഞിട്ട്, *‘അപരനുവേണ്ടി നൊമ്പരപ്പെടാനുള്ള സന്നദ്ധതയാണ് സ്നേഹം’* എന്നാണ് കുറിപ്പായി ചേർത്തിരിക്കുന്നത് (പേജ്-84). അതിമനോഹരമായ ഈ കഥ വായിച്ചിട്ടുള്ളവർക്കറിയാം, അതിൽ യാക്കോബ് സ്വന്തം നേട്ടത്തിനായിട്ടാണ് തന്റെ അമ്മാവനു കീഴ്പ്പെട്ട് പണിയെടുത്തതെന്ന്. സ്നേഹത്തെപ്പറ്റിയും പ്രേമത്തെപ്പറ്റിയും ഒരു ചുക്കും അറിയില്ലാത്ത കത്തനാരന്മാർ ഇത്തരം പുസ്തകങ്ങൾ എഴുതാനും ക്ലാസെടുക്കാനും ഇറങ്ങിത്തിരിക്കരുത് എന്നു മാത്രമേ ഇവിടെ പറയാനുള്ളൂ.

*‘ബുദ്ധിവൈകല്യം, മാനസിക രോഗങ്ങൾ എന്നിവ കല്യാണം കഴിക്കാൻ അയോഗ്യതകളാണ്; അത്തരക്കാർ വികാരിയച്ചന്റെ നിർദ്ദേശപ്രകാരം പ്രവർത്തിക്കണം!’* (പേജ്-89). നല്ല കൂത്തായിപ്പോയി! വികാരിയച്ചൻ ഒരു clinical psy-

chologist കൂടിയാണെങ്കിൽ ok. അല്ലെങ്കിൽ സംഭവിക്കുന്നത് എന്തൊക്കെയെന്ന് ആർക്കും അനുമാനിക്കാവുന്ന തേയുള്ളൂ. സെമിനാരിയിലെ പഠനം കഴി ഞ്ഞാൽ മനുഷ്യന്റെ സകലമാന പ്രശ്നങ്ങൾക്കും തങ്ങളുടെ കൈയിൽ ഉത്തരമുണ്ട് എന്നു വൈദികർ ധരിച്ചുവയ്ക്കുന്നതിന്റെ പോഴത്തം അനുഭവിച്ചു മടുത്ത വിശ്വാസികൾക്ക് കൂടുതലൊന്നും എഴുതാതെതന്നെ ഇതിലെ വിഡ്ഢിത്തം മനസ്സിലാകും.

*'പള്ളിയിൽ ഏൽപിക്കേണ്ട ഫീസുകൾ (പസ്സാരം, വാടക) വിവാഹത്തിനു മുമ്പുതന്നെ അടയ്ക്കണം'* (പേജ്-90) തീർച്ചയായും, അല്ലെങ്കിൽ ഒരു കാര്യവും നടക്കില്ലല്ലോ! എന്തെല്ലാം extras അക്കൂടെ വരുമെന്നുള്ളത് അനുഭവസ്തർക്കേ അറിയൂ. പിന്നെ, ഫീസെന്ന പ്രയോഗം എല്ലാ മലയാളികളുടെയും ഭാഷാവൈകല്യങ്ങളിൽപ്പെടുന്നു. ഫീ (fee) ആണ് വാക്ക്. പല ഫീകൾ സംഗതമാകുന്നിടത്തേ ഫീസ് എന്ന് ഉപയോഗിക്കേണ്ടതുള്ളൂ. ഫീസുകൾ എന്നത് ഭാഷാബോധമില്ലാത്തവന്റെ പ്രയോഗമാണ്. ബട്ടൺ, ഫീ എന്നീ ഏകവചന നാമങ്ങൾ ഉണ്ടെന്നത് മലയാളികൾ മറന്നുപോയിരിക്കുന്നു!

*'പള്ളിയിലെ തിരുക്കർമങ്ങൾ അവസാനിക്കുമ്പോൾ വധൂവരന്മാർ കാർമികരോടോത്ത് ഫോട്ടോ എടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ സങ്കീർത്തി ഭാഗത്ത് വേഗം എത്തിച്ചേരണം'* (പേജ്-93). ഇവിടെ കാർമികർ എന്നുദ്ദേശിക്കുന്നത് സന്നിഹിതരായ വൈദികരെയാണ്. അവരൊന്നും കാർമികരല്ല, വെറും അതിഥികൾ മാത്രമാണെന്നും വധുവും വരനുമാണ് വിവാഹമെന്ന കൂദാശയിലെ കാർമികരെന്നുമുള്ള സാമാന്യജ്ഞാനംപോലും ഈ പുസ്തകം തയ്യാറാക്കിയവർക്കും അതിന് അംഗീകാരവും പ്രശംസയുമെഴുതിയ മെത്രാന്മാർക്കും 'മേജറി'നുംപോലും ഇതുവരെ ഉൾക്കൊള്ളാനായിട്ടില്ല എന്നത് പരിതാപകരമാണ്. ശരിക്കുള്ള വേദപാഠംപോലും അറിയില്ലാത്തവർ ഒരുക്കിവിടുന്ന പാവം കുട്ടികൾ!

ഫോൺ: 9961544169, 04822271922

**KCRM പ്രോഗ്രാം റിപ്പോർട്ട് – തൊടുപുഴ**

# സഭാനവീകരണ പ്രവർത്തനങ്ങളിലെ ഊന്നലുകൾ

**2017** നവംബർ 26-ാം തീയതി ഞായറാഴ്ച 2 മണി മുതൽ തൊടുപുഴ വിനായകാ ഓഡിറ്റോറിയത്തിലാണ് ചർച്ചാപരിപാടി നടന്നത്. അഡ്വ. ജോസ് ജോസഫ് അദ്ധ്യക്ഷത വഹിച്ചു. 'കാത്തലിക് റിഫർമേഷൻ മൂവ്മെന്റ്' ഏതൊക്കെ രംഗത്ത് ശ്രദ്ധയൂന്നിവേണം മുന്നോട്ടുപോകാൻ എന്ന ഒരു പരിചിന്തനമായിരുന്നു നടന്നത്. അവതരിച്ച യേശുവിലും പരമമായ ഈശ്വരചൈതന്യത്തിലും ഉറപ്പിച്ച ദീപചൈതന്യമായിരിക്കണം നമ്മുടേതെന്ന് ശ്രീ. കെ.ജി. പോൾ സ്ഥാപിച്ചു. തുടർന്നു പ്രസംഗിച്ച അഡ്വ. ജോസ് പാലിയത്ത് കേരളസഭയുടെ തനിമ കൽദായകാലത്തും പാശ്ചാത്യമെത്രാന്മാരുടെ കാലത്തും ഉദയംപേരൂർ സൂനഹദോസിലൂടെയും നഷ്ടപ്പെട്ടുപോയെന്ന് ചൂണ്ടിക്കാണിച്ചു. നാട്ടുമെത്രാന്മാരുടെ കാലത്ത് പൗരസ്ത്യകാനൻനിയമത്തിന്റെ ചതിവിൽപ്പെട്ട് വെറും സീറോ-മലബാറികളായി, അടിമകളായി നാം മാറിപ്പോയി എന്നും സമർത്ഥിച്ചു. ചർച്ച് ആക്റ്റിലൂടെ സ്വത്തും അധികാരവും ദൈവജനം തിരിച്ചുപിടിക്കുകയാണ് വേണ്ടതെന്ന് അദ്ദേഹം ഉൽബോധിപ്പിച്ചു.

ഇന്നത്തെ സീറോ-മലബാർ ഹൈരാർക്കി, ജനങ്ങളിൽ നിന്നുപിടിച്ചെടുത്ത അധികാരവും പൈതൃകസ്വത്തും ഉപയോഗിച്ച് ഷോപ്പിംഗ് കോംപ്ലക്സുകളും ആഡംബര ഓഡിറ്റോറിയങ്ങളും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും നിർമ്മിച്ചും നികുതിവെട്ടിച്ചും സാമ്പത്തികസാമ്രാജ്യം കെട്ടിപ്പടുക്കുകയാണെന്നും സന്യാസസഭകൾ പ്രൈവറ്റ്‌ലിമിറ്റഡ് കമ്പനികളെപ്പോലെ ഈ കച്ചവടത്തിനു നേതൃത്വംനൽകുകയാണെന്നും സമർത്ഥിക്കുന്നതായിരുന്നു മൂന്നാമത്തെ ചർച്ച. പാവങ്ങളുടെ പക്ഷംചേർന്ന് യേശുവിനും സഭയിലെ പാവപ്പെട്ടവരായ ദളിത് ക്രിസ്ത്യാനികൾക്കും, കപ്യാരും കുഴിവെട്ടുകാരനും സ്വാശ്രയഅദ്ധ്യാപകരും ഉൾപ്പെട്ട ആകമാന പാവപ്പെട്ടവർക്കും ഇന്നത്തെ സഭയിൽ എന്തു സ്ഥാനമാണുള്ളത് എന്ന ചർച്ച അവതരിപ്പിച്ച സി.സി. ബേബിച്ചൻ ചോദിച്ചു.

നവീകരണഗ്രൂപ്പുകളുടെ ആത്മീയത എന്തായിരിക്കണമെന്ന വിഷയത്തിൽ ചർച്ച നയിച്ചത് ഈ ലേഖകനായിരുന്നു. മനുഷ്യപാപങ്ങൾക്കുവേണ്ടി യേശു മരിച്ചതാണെന്നു കരുതണോ അതോ ക്രിസ്തുവിനെ വിരോധികൾ കൊന്നതാണെന്നു കരുതണോ എന്നും, പാപബോധം തരണമേ എന്നു പ്രാർത്ഥിക്കണോ അതോ ദൈവമക്കളായ ഞങ്ങൾക്ക് പുണ്യപൂർത്തി നൽകണേ എന്നു പ്രാർത്ഥിക്കണോ എന്നും, പള്ളികളിലെ കുർബ്ബാനയെക്കാൾ നൊവേനകൾക്ക് പ്രാധാന്യം നൽകുന്നതും വിശുദ്ധന്മാരുടെമുമ്പിൽ നേർച്ചപ്പെട്ടി വയ്ക്കുന്നതും ശരിയോ എന്നുമുള്ള സന്ദേഹങ്ങൾ ഉന്നയിക്കപ്പെടുകയും അതിന്മേൽ ചർച്ച നടക്കുകയും ചെയ്തു. നവീകരണപ്രവർത്തകരുടെ ഭക്തിയും വിശ്വാസവും കരിസ്മാറ്റിക് ശൈലിയിൽ വികാരംമാത്രമായി അധഃപതിക്കാനിടയാകരുതെന്ന സ്വയംവിമർശനത്തോടുകൂടി ചർച്ച വൈകിട്ട് 5 മണിക്ക് സമാപിച്ചു.

റിപ്പോർട്ട് തയ്യാറാക്കിയത്: **പ്രൊഫ. പി.സി. ദേവസ്യ**
(യൂണിറ്റ് സെക്രട്ടറി)

# പുന്നക്കൽ ഹൈസ്കൂൾ പ്രശ്നവും ഡി.പി.ഐ-യുടെ ഉത്തരവും

**എം.എൽ. ജോർജ്**
(ജന.സെക്രട്ടറി, 'കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ')

**കോ**ഴിക്കോട് ജില്ലയിൽപ്പെട്ട വിളക്കാംകോട്ട് ഇടവകയുടെ ഉടമസ്ഥതയിലുള്ള പുന്നക്കൽ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ താമരശ്ശേരി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയിൽ ലയിപ്പിച്ചുകൊണ്ടുള്ള താമരശ്ശേരി വിദ്യാഭ്യാസജില്ലാ ഓഫീസറുടെ 06.01.2017-ലെ A3/5533/2016-ാം നമ്പർ ഉത്തരവ് പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ശ്രീമതി ജെസ്സി ജോസഫ് 16.11.2017-ലെ നമ്പർ: EM3/16419/2017/DPI പ്രകാരം നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. ഭരണഘടനാപ്രകാരം സെന്റ് സെബാസ്റ്റ്യൻസ് ചർച്ചിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്കൂൾ എങ്ങനെയാണ് താമരശ്ശേരി രൂപതാകോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിക്ക് D.E.O. തന്റെ ഉത്തരവുവഴി കൈമാറിയതെന്ന്, ടി കൈമാറ്റവുമായി ബന്ധപ്പെട്ട് DPI ഉന്നയിച്ച സംശയങ്ങൾക്ക് D.E.O. ക്ക് വ്യക്തമായ മറുപടി നൽകാൻ കഴിയാത്തതു പുതിയ ഉത്തരവിന് കാരണമായി. അതുപോലെതന്നെ, ഭരണഘടനാപ്രകാരം "ദി പ്രോപ്പർട്ടി റൈറ്റ് ഓഫ് ദി എഡ്യൂക്കേഷണൽ ഏജൻസി വിൽ റസ്റ്റ് വിത്ത് ദി സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്" എന്ന് വ്യക്തമാക്കിയിട്ടുള്ള വിവരം മറച്ചുവെച്ചുകൊണ്ട് D.E.O. പ്രസ്തുത സ്കൂൾ താമരശ്ശേരി രൂപതാകോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിക്ക് കൈമാറ്റം നടത്തിയതു സംബന്ധിച്ചും DPI യുടെ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

വിളക്കാംതോട് ഇടവകസമൂഹം പ്രദേശവാസികളായ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി സ്ഥാപിച്ച് ഇടവകയുടെ മാനേജ്മെന്റിൽ പ്രവർത്തിച്ചുവരുന്നതാണ് പുന്നക്കൽ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ. വർഷങ്ങളായി 100% വിജയം കരസ്ഥമാക്കി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഈ സ്കൂളിന്റെ മാനേജ്മെന്റും ഉടമസ്ഥാവകാശങ്ങളും തട്ടിയെടുക്കുന്നതിനുവേണ്ടി താമരശ്ശേരി രൂപതാ ബിഷപ്പ് കഴിഞ്ഞ അഞ്ചുവർഷത്തിലധികമായി കുത്സിതശ്രമങ്ങൾ നടത്തിവരികയായിരുന്നു. കഴിഞ്ഞകാലഘട്ടങ്ങളിൽ നാലഞ്ച് അധ്യാപകരുടെ ഒഴിവിലേക്കുള്ള നിയമനം മുന്നിൽക്കണ്ടാണ് രൂപതാ ബിഷപ്പ് തന്റെ അധീനതയിലുള്ള രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയിലേക്ക് ഈ സ്കൂൾ മാറ്റിയെടുക്കുന്നതിന് വഴിവിട്ട മാർഗ്ഗങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയത്. രൂപതാ കോർപ്പറേറ്റിൽ അധ്യാപക നിയമനത്തിന് മുപ്പതു മുതൽ മുപ്പത്തഞ്ച് ലക്ഷം രൂപവരെയാണ് കോഴയായി ബിഷപ്പ് വാങ്ങിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള സാമ്പത്തികനേട്ടം കൂടി മുന്നിൽകണ്ടുകൊണ്ടാണ് ദേശീയതയ്ക്കും ഇന്ത്യൻ ഭരണഘടനയ്ക്കും വിശുദ്ധ ബൈബിളിനും വിരുദ്ധമായ കാനൻ നിയമങ്ങളുടെ പിൻബലത്തിൽ ഏകപക്ഷീയമായി ഹൈസ്കൂൾ ഏറ്റെടുക്കുവാൻ വിദ്യാഭ്യാസ അധികാരികളെ സ്വാധീനിച്ചുകൊണ്ടുള്ള നടപടികൾ ആരംഭിച്ചത്. ഈ സാഹചര്യത്തിലാണ് 'കാത്തലിക് ലേമെൻസ് അസ്സോസിയേഷ'ന്റെ നേതൃത്വത്തിൽ ബിഷപ്പിന്റെ ഏകാധിപത്യനടപടികളെ നിയമപരമായി നേരിട്ടത്.

സ്കൂൾ മാനേജ്മെന്റും ഉടമസ്ഥാവകാശങ്ങളും രൂപതാകോർപ്പറേറ്റിലേക്ക് കൈമാറുവാൻ ഇടവക പൊതുയോഗതീരുമാനം ഉണ്ടെന്ന് കാണിച്ച് ബിഷപ്പിന്റെ ആജ്ഞാനുവർത്തിയായ ഇടവകവികാരി ഫാ. ജോസഫ് പാമ്പ്ലാനിയെക്കൊണ്ട് കൃത്രിമമായ പൊതുയോഗ റിപ്പോർട്ട് സൃഷ്ടിച്ച് പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സ്കൂൾ മാനേജ്മെന്റ് മാറ്റത്തിനുവേണ്ടി താമരശ്ശേരി D.E.O.യ്ക്ക് ബിഷപ്പ് അപേക്ഷ സമർപ്പിച്ചത്. ഈ വിവരമറിഞ്ഞ ഇടവകസമൂഹം പള്ളിവികാരിയെക്കൊണ്ട് 25.03.2012, 16.12.2012 എന്നീ തീയതികളിൽ പൊതുയോഗം വിളിപ്പിച്ചു. പൊതുയോഗത്തിൽ മാനേജ്മെന്റ് മാറ്റത്തിന് തീരുമാനമുണ്ടെന്നുള്ള വ്യാജറിപ്പോർട്ട് തയ്യാറാക്കിയ വികാരിയെ പൊതുയോഗം താക്കീതുചെയ്യുകയും, കൃത്രിമരേഖകൾ പിൻവലിക്കുന്നതിനും സ്കൂൾ വിളക്കാംതോട് ഇടവകയുടെ മാനേജ്മെന്റിൽ നിലനിറുത്തുന്നതിനും തീരുമാനമെടുത്ത് പൊതുയോഗ മിനിറ്റ്സ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും ആ തീരുമാനം അംഗീകരിച്ച് വികാരി മിനിറ്റ്സിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ഈ വിവരമറിഞ്ഞു കുപിതനായ ബിഷപ്പ്, ഹൈസ്കൂൾ തന്റെ ഭരണത്തിൻകീഴിലാക്കുമെന്ന വെല്ലുവിളിയോടെ, D.E.O.-യെ സ്വാധീനിച്ച് മാനേജ്മെന്റ് മാറ്റത്തിനുള്ള കൃത്രിമരേഖകൾ മേലാധികാരികൾക്ക് അയയ്ക്കുകയാണുണ്ടായത്.

ഇതിനെ ചോദ്യംചെയ്ത് ഇടവകാംഗമായ വിൻസെന്റ് ജോൺ എന്ന ആൾ ബഹു. കേരളാ ഹൈക്കോർട്ടിൽ WP(c)No. 4765/2013 ആയി വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ, താമരശ്ശേരി D.E.O., രൂപതാബിഷപ്പ്, കോർപ്പറേറ്റ് മാനേജർ, ഇടവകവികാരി എന്നിവരെ പ്രതികളാക്കി ഹർജി ഫയൽചെയ്തു. സ്കൂൾ മാനേജ്മെന്റ് മാറ്റനടപടികൾ തടഞ്ഞുകൊണ്ട് പ്രതികൾക്കെതിരെ 19.02.2013-ന് ഹൈക്കോടതി ഉത്തരവു പുറപ്പെടുവിച്ചു. പിന്നീട് ഇരുഭാഗവും വിശദമായി വാദംകേട്ട് ഉത്തരവു പുറപ്പെടുവിക്കുന്നതിന് താമരശ്ശേരി D.E.O-യെ ചുമതലപ്പെടുത്തിക്കൊണ്ട് 06.08.2016-ന് ഹൈക്കോടതി ഉത്തരവായി.

## KCRM പ്രതിമാസപരിപാടി – പാലാ

# കേരളത്തിൽ വളരുന്ന വർഗ്ഗീയസാഹചര്യം (ചർച്ചാസമ്മേളനം)

**2017 ഡിസം. 30, ശനിയാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ, പാലാ ടോംസ് ചേമ്പർ ഹാളിൽ**

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | **ശ്രീ. സി.വി. സെബാസ്റ്റ്യൻ** (KCRM പ്രസിഡണ്ട്) |
| വിഷയാവതരണം | : | **ശ്രീ. പ്രതാപ് ജി മങ്ങാട്ട്** (സാമൂഹികനിരീക്ഷകൻ, IT എക്സ്പ്പേർട്ട്) |
| പ്രതികരണ പ്രസംഗങ്ങൾ | : | **KCRM ഭാരവാഹികൾ** |
| | : | **സദസിൽ നിന്നുള്ളവർ** |

ബഹുമാന്യരേ,

ഭാരതത്തിലെ ഏറ്റവും വികസിതസംസ്ഥാനമെന്ന പുകഴ്പെറ്റ കേരളം മതങ്ങളുടെ കാര്യത്തിലും സമ്പന്നമാണ്. പൗരാണിക മതമായ ഹിന്ദുമതവും ജൂത മതവും ഇസ്ലാംമതവും ക്രിസ്തു മതവും കച്ചവടത്തിന് വടക്കേ ഇന്ത്യയിൽ നിന്നുവന്ന ജൈനരും എല്ലാവരുംകൂടി സമരസപ്പെട്ടു ജീവിച്ചുപോന്ന കേരളത്തിന്റെ മതപരമായ ഇന്നത്തെ അവസ്ഥ ഒരു പുനർവായനക്ക് വിധേയമാക്കപ്പെടുന്നു

സ്വതന്ത്രചിന്താഗതിക്കു തുലോം അവസരം കുറവായ ക്രിസ്തവ- ഇസ്ലാംമതങ്ങളുടെ കേരളത്തിലെ വളർച്ചയും, വളരെ സ്വതന്ത്ര കാഴ്ചപ്പാടുകളും ആരാധനാരീതികളും വിമർശനാത്മക അഭിപ്രായങ്ങൾക്കും ഇടമുള്ള ഹിന്ദുമതത്തിന്റെ തളർച്ചയും വിശകലനവിധേയമാക്കുന്നു.

ഈ ചർച്ച ശ്രവിക്കാനും അതിൽ ഭാഗഭാക്കാകാനും എല്ലാവരെയും ഹാർദ്ദമായി ക്ഷണിക്കുന്നു.

ആദരപൂർവ്വം

**ഷാജു ജോസ് തറപ്പേൽ** (9496540448)
(സെക്രട്ടറി, KCRM)

## KCRM പ്രതിമാസപരിപാടി – തൊടുപുഴ

ചർച്ചാവിഷയം: **"ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്നെന്നെ അയച്ചിരിക്കുന്നു" (ലൂക്കാ. 11:19).**

### ഇത് ക്രിസ്തുവിന്റെ ഒരു നയപ്രഖ്യാപനമായി കരുതാമോ?

**"എന്റെ രാജ്യം ഐഹികമല്ല." –**

### ഇത് വിധി അനുകൂലമാക്കി രക്ഷപെടാനുള്ള ശ്രമമായിരുന്നോ?

**ചർച്ച നയിക്കുന്നത്: ഡോ.(ഫാ.) ജെ. വലിയമംഗലം**

(വടവാതൂർ സെമിനാരി മുൻപ്രൊഫസർ, അറിയപ്പെടുന്ന ബൈബിൾ പണ്ഡിതൻ, ഗ്രന്ഥകാരൻ)

**സമയം: 2017 ഡിസംബർ 31 – ഞായർ 2 മണിമുതൽ**

**സ്ഥലം: തൊടുപുഴ – വിനായകാ ഓഡിറ്റോറിയം (ചാഴികാട്ട് ആശുപത്രി ജംഗ്ഷൻ)**

**ഏവർക്കും സ്വാഗതം!** സെക്രട്ടറി / ഫോൺ: 99612551751


എന്നാൽ, ഏതുവിധേനയും മാനേജ്മെന്റ് മാറ്റം സാധിച്ചെടുക്കുക എന്ന ദുരുദ്ദേശ്യത്തോടെ ബിഷപ്പും കോർപ്പറേറ്റ് മാനേജരും രൂപതാ ചാൻസലറും വികാരി ജനറലും ഇടവകവികാരിയുംചേർന്ന് ഹർജിക്കാരൻ വിൻസെന്റ് ജോണിനെ സ്വാധീനിച്ച് ഹൈക്കോടതി ഉത്തരവിന് വിരുദ്ധമായി, അടിസ്ഥാനരേഖകളൊന്നും പരിഗണിക്കാതെ, D.E.O-യുടെ സാന്നിദ്ധ്യത്തിൽ ഇടവകസമൂഹത്തിന്റെ ഉത്തമതാല്പര്യത്തിനെതിരായി മാനേജ്മെന്റ് മാറ്റത്തിന് ഒത്തുതീർപ്പ് വ്യവസ്ഥയുണ്ടാക്കുകയാണ് ചെയ്തത്. അങ്ങനെ 06.01.2017-ന് A3/5533/2016 ആയി ഹൈസ്കൂൾ രൂപതാകോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയിലേക്ക് - ബിഷപ്പിന്റെ അധീനതയിലേക്ക് - മാറ്റിക്കൊണ്ട് D.E.O. ഉത്തരവ് പുറപ്പെടുവിച്ചു.

ഈ ചതി മനസ്സിലാക്കിയ ശ്രീ. എം.വി. ഡോമിനിക് എന്ന ഇടവകക്കാരൻ ഇടവകസമൂഹത്തെ പ്രതിനിധീകരിച്ച് കേരളാ ഹൈക്കോടതിയിൽ D.E.O. യുടെ ക്രമവിരുദ്ധമായ മാനേജ്മെന്റ് മാറ്റവുംമറ്റും ചോദ്യംചെയ്ത് WP(c)No. 2964/2017 ആയി പൊതുവിദ്യാഭ്യാസ ഡയറക്ടർ, D.E.O., രൂപതാബിഷപ്പ്, കോർപ്പറേറ്റ് മാനേജർ, ഇടവകവികാരി, കൂറുമാറിയ മുൻ ഹർജിക്കാരൻ വിൻസെന്റ് ജോൺ എന്നിവരെ പ്രതികളാക്കി നൽകിയ റിട്ട് ഹർജിയിൽ ബ. ഹൈക്കോടതി DPI-യോട് മാനേജ്മെന്റ് മാറ്റം സംബന്ധിച്ച് വിശദമായ വാദംകേട്ട് രണ്ടു മാസത്തിനകം അതിന്മേൽ ഉത്തരവു പുറപ്പെടുവിക്കുവാൻ 30.01.2017-ൽ കല്പിച്ചു. ഇതിൻപ്രകാരം ഇരുഭാഗത്തെയും വാദംകേട്ട പൊതുവിദ്യാഭ്യാസവകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ ശ്രീമതി ജെസ്സി ജോസഫ്, ഹൈസ്കൂൾ രൂപതാ കോർപ്പറേറ്റിൽ ലയിപ്പിച്ച D.E.O-യുടെ നടപടി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയാണുണ്ടായത്.

അങ്ങനെ, ഇടവകസമൂഹത്തിന്റെ സ്വത്തുക്കൾ മെത്രാന്റേതാണെന്ന വാദമുഖങ്ങൾ സർക്കാരിന്റെ മുമ്പിൽ വിലപ്പോയില്ല; കാനൻനിയമമെന്ന ഓലപ്പാമ്പു കാണിച്ച് സർക്കാരിനെ ഭയപ്പെടുത്താൻ മെത്രാൻ പ്രഭൃതികൾക്ക് സാധിച്ചില്ല; ചർച്ചിന്റെ ഉടമസ്ഥതയിലുള്ള ഹൈസ്കൂൾ, ഭരണഘടനാപ്രകാരം എങ്ങനെയാണ് രൂപതാ കോർപ്പറേറ്റിന് കൈമാറിയതെന്ന് വ്യക്തമാക്കാൻ എതിർകക്ഷികൾക്ക് കഴിഞ്ഞില്ല; DPI മാനേജ്മെന്റ് മാറ്റവുമായി ബന്ധപ്പെടുന്നയിച്ച സംശയങ്ങൾക്കു തൃപ്തികരമായ യാതൊരു മറുപടിയും നൽകുവാൻ D.E.O-യ്ക്കും മറ്റുള്ളവർക്കും കഴിഞ്ഞില്ല; DPI-യുടെ ഈ നിരസന ഉത്തരവ് വിദേശനിർമ്മിത കാനൻനിയമത്തിനും അതിന്റെ പ്രയോക്താക്കളായ മെത്രാന്മാർക്കും ഏറ്റ കനത്ത പ്രഹരമാണ്.

*ഫോൺ: 9400953632*

# ഫ്രാൻസീസ് മാർപാപ്പയുടെ പക്ഷത്ത് ആരു നിലകൊള്ളും?



**സ്വാമി സച്ചിദാനന്ദഭാരതി**

*[സ്വാമിജി ഇംഗ്ലീഷിലെഴുതിയ ലേഖനത്തിന്റെ മലയാളം പരിഭാഷ. സ്വന്തം തർജമ - എഡിറ്റർ]*



**സ**ഭയുടെ ഒരു നിശിതവിമർശകനും ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ എന്റെയൊരു മുൻ ജെസ്യൂട്ട് വൈദികസുഹൃത്ത് ഒരു ദിവസം അതിരാവിലെ എന്നെ ഫോണിൽ വിളിച്ചു. കത്തോലിക്കാസഭയുടെ 266-ാം മാർപാപ്പയായി ജോർജ് മാറിയോ ബെർഗോഗ്ലിയോ തിരഞ്ഞെടുക്കപ്പെട്ട 2013 മാർച്ചിലെ ഒരു ദിവസമായിരുന്നത്. ഈ പുതിയ മാർപാപ്പാ 'ഫ്രാൻസീസ്' എന്ന, കത്തോലിക്കാലോകത്ത് 'രണ്ടാം ക്രിസ്തു' എന്നറിയപ്പെടുന്ന അസ്സീസിയിലെ ഫ്രാൻസീസിന്റെ പേര് സ്വീകരിച്ചുകഴിഞ്ഞിരുന്നു, അപ്പോൾ. എന്റെ സുഹൃത്തിന്റെ സ്വരം വികാരഭരിതമായിരുന്നു. കത്തോലിക്കാസഭയിൽ ഇപ്പോഴും പരിശുദ്ധാരൂപി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി തോന്നുന്നുവല്ലോ എന്നദ്ദേഹം പറഞ്ഞു. ക്രൂശിക്കപ്പെടുകയും ഉയിർക്കപ്പെടുകയുംചെയ്ത ക്രിസ്തുവിന്റെ സഭയെ, മാർപാപ്പാമാരെയും ബിഷപ്പുമാരെയും തന്നെയും എന്നെയുമെല്ലാം മറികടന്ന്, എല്ലായ്പ്പോഴും പരിശുദ്ധാരൂപി നയിച്ചുകൊണ്ടിരിക്കുകയാണെന്ന് ഞാനദ്ദേഹത്തെ ഓർമ്മിപ്പിച്ചു.

സഭയെയും ലോകത്തെയും ഉപഭോഗ-ഭൗതികത്വരകളുടെ ഹിംസാത്മകശക്തികൾ ഭീഷണിപ്പെടുത്തിനിർത്തിയിരിക്കുന്ന ഇന്നത്തെ ചരിത്രമുഹൂർത്തത്തിൽ ഫ്രാൻസീസ് പാപ്പായെ സഭയ്ക്കും ലോകത്തിനുമായി സമ്മാനിച്ച ദൈവത്തിനു നന്ദി പ്രകാശിപ്പിച്ച് അദ്ദേഹം മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ട ദിവസം, ഞാൻ മൗനമായി പ്രാർത്ഥിക്കുകയുണ്ടായി.

ഫ്രാൻസീസ് പാപ്പായെ സംബന്ധിച്ച്, കഴിഞ്ഞ നാലുവർഷം വലിയ വെല്ലുവിളികളുടെ കാലമായിരുന്നു. ആത്മീയജാഡ്യത്തിലും ഗാഢനിദ്രയിലും ആണ്ടുപോയ കത്തോലിക്കാസഭയെ ഉണർത്തുന്നതിന്, പ്രാർത്ഥനാനിരതനും നിർഭയനുമായി അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു, അദ്ദേഹം. ക്രിസ്തുവിനെയും, സ്നേഹത്തിന്റെയും ശാന്തിയുടെയുമായ അവിടുത്തെ സുവിശേഷത്തെയും കത്തോലിക്കാസഭയുടെ ഹൃദയകേന്ദ്രത്തിലേക്ക് ഒരിക്കൽക്കൂടികൊണ്ടുവരുവാനാണ് അദ്ദേഹം പരിശ്രമിക്കുന്നത്.

ലോകത്തിലെ വലിയൊരു ജനവിഭാഗം അദ്ദേഹത്തെ ആരാധ്യനായി കാണുമ്പോൾ, അത്രതന്നെ വലിയൊരു ജനവിഭാഗം അദ്ദേഹത്തെ തങ്ങളുടെ പ്രതിയോഗിയായും കാണുന്നു. അദ്ദേഹമിപ്പോൾ യാഥാസ്ഥിതികമായ ഒട്ടുവളരെ കർദ്ദിനാളന്മാരിൽനിന്നും ബിഷപ്പുമാരിൽനിന്നും ഗൗരവതരമായ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. വർദ്ധിച്ചുവരുന്ന അദ്ദേഹത്തിന്റെ പ്രതിയോഗികളിൽ സഭയിലെയും മതേതരലോകത്തിലെയും ധാരാളം നേതാക്കൾ വേറെയുമുണ്ട്. അവരുടെയെല്ലാം നിക്ഷിപ്തതാൽപ്പര്യങ്ങൾക്ക് വലിയൊരു വെല്ലുവിളിയായി ഉയർന്നുവരുകയാണദ്ദേഹം. ഒരു 'ധർമ്മയുദ്ധം' ഉരുവായിക്കൊണ്ടിരിക്കുകയാണ്. യുദ്ധഭൂമി സജ്ജമായിക്കൊണ്ടിരിക്കുന്നു; പോർവിളിയുടെ മുഴക്കം അലയടിക്കുന്നു.

ഇവിടെ ആരുടെ പക്ഷത്താകും നാം നിലകൊള്ളുക? ക്രിസ്തുവിന്റെ ലാളിത്യത്തിന്റെയും വിനയത്തിന്റെയും ആൾരൂപമായ ഫ്രാൻസീസ് പാപ്പായുടെ പക്ഷത്തോ; അതോ, സഭയെ ഒരു 'സിലിക്കൻ വാലി (Silicon Valley)യാക്കാനാഗ്രഹിക്കുന്ന ഉപഭോഗ-ഭൗതികരാജകീയാധീശശക്തികളുടെ പക്ഷത്തോ!

ഞാൻ വിശ്വസിക്കുന്നത്, ഫ്രാൻസീസ് മാർപാപ്പ നിയതിയാൽ നിയോഗിക്കപ്പെട്ട ഒരുവനാണ് (Man chosen by destiny) എന്നാണ്. അഥവാ, ഇന്നത്തെ ലോകത്തെ സർവ്വവിനാശത്തിലേക്കു ഭീഷണമായി നയിക്കുന്ന ഉപഭോഗ-ഭൗതികത്വരകളുടെ അടിമത്തത്തിൽനിന്ന് തന്റെ സഭയെ വിമോചിപ്പിക്കുവാൻ ക്രിസ്തുവിന്റെ ജീവിക്കുന്ന അരൂപി തിരഞ്ഞെടുത്ത ഒരുവനാണ് എന്നാണ്. സഭയുടെ സ്ഥാപനവൽക്കരണം

തുടങ്ങിയത് യൂറോപ്പിൽ റോം കേന്ദ്രീകരിച്ചായിരുന്നു എന്നതുപോലെ, സഭയുടെ ആത്മീയവൽക്കരണത്തിനു തുടക്കംകുറിക്കേണ്ടത് ഇന്ത്യയിൽ കേരളം കേന്ദ്രീകരിച്ചാകണം എന്നും ഞാൻ വിശ്വസിക്കുന്നു. മൂന്നാം സഹസ്രാബ്ദത്തിലെ ഈ ആഗോളധർമ്മയുദ്ധത്തിൽ, സീറോ-മലബാർ സഭയ്ക്ക് നിർണ്ണായകമായ ഒരു പങ്കു വഹിക്കുവാനുണ്ട്.

പക്ഷേ, സീറോ-മലബാർസഭതന്നെ സമാനമായ ഒരു പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ലാളിത്യത്തിന്റെയും വിനയത്തിന്റെയുമായ ക്രൈസ്തവാരൂപിയുടെ ശക്തികളും സീറോ-മലബാർസഭയിലെ ഉപഭോഗ-ഭൗതികരാജകീയാധീശത്വം നയിക്കുന്ന ശക്തികളും ഇപ്പോൾത്തന്നെ യുദ്ധക്കളത്തിലാണ്. ഇന്ത്യയുടെ സാമൂഹിക-ആദ്ധ്യാത്മികഭൂമികയിൽ ലാളിത്യത്തിന്റെയും വിനയത്തിന്റെയുമായ ക്രൈസ്തവാരൂപിയുടെ ശക്തികൾതന്നെ വിജയിക്കും എന്നത് ഉറപ്പാണ്. ഇത് സീറോ-മലബാർസഭയെ ഒരു ആദ്ധ്യാത്മിക പുനരുജ്ജീവനത്തിലേക്കു നയിക്കും.

ആത്മീയമായി നവീകരിക്കപ്പെട്ട സീറോ-മലബാർസഭ ഫ്രാൻസീസ് മാർപാപ്പയുടെ പക്ഷത്തുനിലകൊള്ളും. അവർ മാത്രമല്ല, സഭയെയും ലോകത്തെയും വിനാശത്തിലേക്കു നയിക്കുന്ന ഉപഭോഗ-ഭൗതികരാജകീയ ശക്തികൾക്കെതിരെ അണിനിരന്നിരിക്കുന്ന ലാളിത്യത്തിന്റെയും വിനയത്തിന്റെയുമായ ക്രൈസ്തവാരൂപി ഉൾക്കൊണ്ട മുഴുവൻ പേരും ഈ മൂന്നാം സഹസ്രാബ്ദ ആഗോളധർമ്മയുദ്ധത്തിൽ അദ്ദേഹത്തിന്റെ പക്ഷത്തു നിലകൊള്ളും.

ഓ! പരിശുദ്ധാത്മാവേ, വരണമേ!
സഭയെയും ലോകത്തെത്തന്നെയും
വിനാശത്തിലേക്കു നയിക്കുന്ന
ഉപഭോഗ-ഭൗതികരാജത്വശക്തികൾക്കെതിരായുള്ള
ഈ മൂന്നാം സഹസ്രാബ്ദധർമ്മയുദ്ധത്തിൽ
ഞങ്ങൾക്കൊപ്പമായിരിക്കാൻ
ഓ! പരിശുദ്ധാത്മാവേ വരണമേ!

ഫോൺ: 828187494

[*1982-ൽ, വിമാനം പറത്തുന്നതിനിടെ അപകടത്തിൽപ്പെട്ട് മരണത്തെ മുഖാമുഖം കണ്ട ഒരു ഇന്ത്യൻ എയർഫോഴ്സ് മുൻ സ്ക്വാഡ്രൻ ലീഡറാണ് ലേഖകനായ സ്വാമിജി. തുടർന്നദ്ദേഹം ഉദ്യോഗം ഉപേക്ഷിക്കുകയും യേശുശിഷ്യനാകുകയും ചെയ്തു. 'Disciple of Christ for Peace', 'Tyagacharana Shanti Mission', 'Dharma Bharathi Mission', 'Dharma Rajya Vedi' എന്നീ പ്രസ്ഥാനങ്ങളും, ശാന്തിയുടെ സംസ്കാരവും നിലനില്പിന്റെ വികസനവും ലക്ഷ്യംവച്ച് ഇന്ത്യയിൽ പലയിടത്തും ധാരാളം സംഘടനകളും സ്ഥാപനങ്ങളും ആശ്രമങ്ങളും സ്ഥാപിച്ചു പ്രവർത്തിക്കുന്നു. ഏറെനാളായി നാഗ്പൂരിലെ തന്റെ നവസൃഷ്ടി ആശ്രമത്തിലായിരുന്ന സ്വാമിജി ഇപ്പോൾ മുളന്തുരുത്തിയിലുള്ള ധർമ്മഭാരഥി ആശ്രമത്തിലാണുള്ളത്. Jaitanpur-ൽ 'Kabir Bharathi Ashram' എന്ന പേരിലും, ലക്നൗവിൽ 'Viswa Shanti Ashram' എന്ന പേരിലും രണ്ട് ആശ്രമങ്ങൾകൂടി അദ്ദേഹം സ്ഥാപിച്ചുനടത്തുന്നുണ്ട് - എഡിറ്റർ*]

●

# ഏഷ്യാനെറ്റ് ന്യൂസിൽ കേട്ടത്!



**2017** ഡിസംബർ 7 വൈകിട്ട് 8-ന്, ഏഷ്യാനെറ്റ് ന്യൂസ് ചാനലിൽ ശ്രീ വിനു വി. ജോൺ നേതൃത്വം കൊടുത്ത ഓഖി കൊടുങ്കാറ്റ് ദുരന്തത്തെക്കുറിച്ചുള്ള ചാനൽ ചർച്ചയിൽ, സിന്ധു നെപ്പോളിയൻ (Sindhu Nepolean) എന്ന ഒരു വിദ്യാർത്ഥിനി പങ്കെടുക്കുകയുണ്ടായി. ആ കുട്ടിയുടെ വാക്കുകളുടെ ചുരുക്കം ഇങ്ങനെ: **"നൂറിലേറെപ്പേർ മരിച്ചു. നൂറുശതമാനവും ലത്തീൻ കത്തോലിക്കർ. കത്തോലിക്കാസഭയിലെ പാർശ്വവൽക്കരിക്കപ്പെട്ടവരെന്ന് കരുതപ്പെടുന്ന ലത്തീൻ കത്തോലിക്കർക്കുണ്ടായ ദുരന്തത്തെയോർത്തു കണ്ണീരൊഴുക്കാനോ അവരുടെ ബുദ്ധിമുട്ടുകൾ കാണാനോ സീറോ-മലബാർ സഭയും സീറോ-മലങ്കരസഭയും എന്തെങ്കിലും ചെയ്തോ? ഈ സീറോ സഭകളിലെ എത്ര സീറോ മെത്രാന്മാർ അവരുടെ ദുരിതാശ്വാസക്യാമ്പുകളിൽ എത്തി? അവരെ സഹായിക്കാനാഹ്വാനം ചെയ്ത് എത്ര ഇടയലേഖനം ഇറക്കി? ഈ ദുരന്തസമയത്ത് മൂന്നാറിലെ കൈയേറ്റങ്ങളെ ന്യായീകരിക്കുവാൻ ഇടുക്കിയിലെ വൈദികർ ചാനൽ ചർച്ചകളിൽ പങ്കെടുക്കുകയല്ലേ ചെയ്തത്? ആഢ്യഭാവം പുലർത്തുന്ന സീറോ-മലബാർ സഭയോ സീറോ-മലങ്കരസഭയോ കടലിന്റെ മക്കൾക്കുവേണ്ടി ഒന്നും ചെയ്തില്ല..."**

*-ഇരു 'സീറോ' സഭകളിലുള്ളവരെയും ഇരുത്തിച്ചിന്തിക്കാൻ നിർബന്ധിക്കുന്നതാണ്, സിന്ധു നെപ്പോളിയന്റെ ഈ പൊള്ളുന്ന വാക്കുകൾ. ഉറ്റവർ നഷ്ടപ്പെട്ട അമ്മമാരുടെയും ഭാര്യമാരുടെയും നിലവിട്ട നിലവിളികളിൽ ഹൃദയം വിങ്ങാത്തവരും കണ്ണുനീർ കിനിയാത്തവരുമായി ആരുംതന്നെ കേരളത്തിലുണ്ടാവില്ല. എന്നാൽ, സഭാസമുദായത്തിന്റെ നേതാക്കളായി എല്ലാ അവസരങ്ങളിലും അനവസരങ്ങളിലും അവതരിക്കുന്ന ഇവിടുത്തെ 'സീറോ' സഭാനേതൃത്വങ്ങൾ, നിർഭാഗ്യം തളർത്തിയ ലത്തീൻ കത്തോലിക്കരുടെ മനസ്സുകൾ കത്തിയെരിയുന്നതു കണ്ടുകൊണ്ട് വീണ വായിക്കുകയാണുണ്ടായത് എന്നത്, സീറോ-മലബാർ, സീറോ-മലങ്കര സമുദായങ്ങൾക്ക് അപമാനകരമായിരിക്കുന്നു. മെഗാഹോസ്പിറ്റലുകളും കൊമേഴ്സ്യൽ കോംപ്ലക്സു*

▸▸

# ഭരിക്കുകയും പിരിക്കുകയും ചെയ്യുന്ന പൗരോഹിത്യം



**ഡോ.(ഫാ)ജെ.വലിയമംഗലം**

**യേ**ശുവും സഭയിൽ നിലവിലുള്ള പൗരോഹിത്യവും തമ്മിൽ അജഗജാന്തരമുണ്ടെന്നു കാണാം. ലാളിത്യം യേശുവിന്റെ മുഖമുദ്രയായിരുന്നെങ്കിൽ, സഭയിൽ രൂപംകൊണ്ട പൗരോഹിത്യം ആർഭാടത്തിന്റെ പര്യായമായിരിക്കുകയാണെന്ന് സംശയലേശമെന്യേ പറയാം. 'മനുഷ്യപുത്രന് തലചായ്ക്കാനിടമില്ലെ'ന്ന സ്ഥിതിയായിരുന്നെങ്കിൽ, സഭയിലെ പുരോഹിതർക്ക് 'പള്ളിമേടകളും അരമനകളു'മെന്ന സ്ഥിതിയാണ് പൊതുവെ ഇന്നുള്ളത്. തലചായ്ക്കാനിടമുണ്ടായിക്കൊള്ളട്ടെ, ഒരുവിധം ന്യായമായ ഭക്ഷണവും ആകാം.

ശരിയായിപ്പറഞ്ഞാൽ, സഭയിലെ പൗരോഹിത്യം യഹൂദപൗരോഹിത്യത്തിന്റെ രീതികളിലേക്ക് വഴുതിവീണു. ആർഭാട വസ്ത്രധാരണവുംമറ്റും ഉദാഹരണങ്ങൾ. ആരാധനാവസരങ്ങളിൽ അക്ഷരാർത്ഥത്തിൽ വെട്ടിത്തിളങ്ങുന്ന വസ്ത്രങ്ങൾ! യേശു ഒരു ഹാളിൽ, നിന്നും ഇരുന്നും മുട്ടുകുത്തിയും (ശിഷ്യരുടെ കാലുകഴുകിയപ്പോൾ) നടത്തിയ അവസാന അത്താഴത്തിന്റെ കാര്യം ചൂണ്ടിക്കാണിക്കട്ടെ. യേശു ഒരു ഹാളിൽ ലളിതമായി നടത്തിയകാര്യം ഇന്ന് ആവശ്യമില്ലാതെ രണ്ടു തട്ടുകളാക്കിയും, ഒരൾത്താരയ്ക്കുപകരം രണ്ടെണ്ണമാക്കിയും ചെലവ് കൂട്ടുന്നു. 'ഓർമ്മയാചരണ'ത്തിലുപയോഗിക്കുന്ന അപ്പവും വീഞ്ഞും അൾത്താരയുടെ ഒരു വശത്തുവച്ച്, യഥാസമയം എടുക്കുന്നതിനുപകരം ഇരുവശത്തുമായി പ്രത്യേക സംവിധാനമാക്കി ചെലവ് കൂട്ടുന്നു. അങ്ങോട്ടുമിങ്ങോട്ടും പോകുന്നതിന് കൂടുതൽ സമയവുമെടുക്കുന്നു!

ആത്മീയഭക്ഷണപാനീയങ്ങൾക്കു പ്രതീകാത്മകമായി ശാരീരികഭക്ഷണപാനീയങ്ങളുപയോഗിച്ചത് സ്വാഭാവികവും യുക്തവുംതന്നെ. യേശു അതാചരിച്ചത് പലസ്തീനായിലായിരുന്നതുകൊണ്ടാണ്, അവിടത്തെ ഭക്ഷണപാനീയങ്ങളായ അപ്പവും വീഞ്ഞും ഉപയോഗിച്ചത്. മറ്റു സ്ഥലങ്ങളിൽ, സംശയലേശമെന്യേ, അതാതിടങ്ങളിലെ അനുയോജ്യമായ ഭക്ഷണപാനീയങ്ങളുപയോഗിക്കാമെന്നർത്ഥം.

ഇവിടെ ഒരുകാര്യംകൂടി എടുത്തുപറയട്ടെ. യേശുവിന്റെ ബലി 'ഒരിക്കൽ എന്നേക്കുമായി' അർപ്പിക്കപ്പെട്ടതാണെന്ന് പുതിയനിയമത്തിലെ ഹെബ്രായ ലേഖനത്തിൽ ഊന്നൽ കൊടുത്തു പറഞ്ഞിരിക്കെ, 'നവമൊരു ബലിയർപ്പിക്കാൻ വരുന്നു' എന്നുംമറ്റും ഗായകസംഘം ആമുഖമായി പാടുന്നത് ശരിയായിരിക്കുകയില്ലല്ലോ. യേശു തന്റെ അന്ത്യഅത്താഴകർമ്മമാണ് 'യൂക്കരിസ്റ്റ്' എന്ന നിലയിൽ 'തന്റെ ഓർമ്മക്കായി ചെയ്യാൻ' ആഹ്വാനം ചെയ്തത്. അപ്പോഴത് ഗാഗുൽത്തായിലെ ബലിയുടെ ആവർത്തനമാകരുതെന്നും; മറിച്ച്, താൻ പ്രതീകമായി അന്ത്യത്താഴത്തോടുചേർത്താചരിച്ച യൂക്കരിസ്റ്റിന്റെ ഓർമ്മപുതുക്കലായിരിക്കണമെന്നും വ്യക്തമാണ്.

ഫ്രാൻസീസ് പാപ്പാ ലാളിത്യത്തിന് ആഹ്വാനം ചെയ്യുകയും സ്വയം മാതൃകയാകുകയും ചെയ്തെങ്കിലും, ആഗോളസഭാനേതൃത്വങ്ങളിലത് കാര്യമായ ചലനങ്ങളൊന്നും സൃഷ്ടിച്ചില്ലെന്നതാണ് വസ്തുത. യേശു തന്നെ ദരിദ്രരുടെയും കഷ്ടപ്പെടുന്നവരുടെയും കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുകയും തന്നെ ശ്രവിച്ചവരുടെ ശ്രദ്ധ അതിലേക്ക് ക്ഷണിക്കുകയും ചെയ്തിരുന്നുവെന്നത് ഇവിടെ കണക്കിലെടുക്കുക ആവശ്യമത്രെ.

ചെറുപ്രായത്തിലേ, സെമിനാരിയിൽ പോകുന്നു. അവിടെ അല്ലലൊന്നുമില്ലാതെ ജീവിക്കുന്നു. വൈദികരായി പുറത്തുവരുമ്പോഴും സുഖജീവിതം. എവിടെയും ബഹുമാനിതർ.... സെമിനാരിയിലെ ട്രെയ്നിങ്ങിൽ ത്തന്നെ മാറ്റം വരേണ്ടിയിരിക്കുന്നു! പൊതുവെ പറഞ്ഞാൽ, 'ഭരിക്കുകയും പിരിക്കുകയുമാണ്' ഇന്നത്തെ നമ്മുടെ വൈദികരുടെ ശൈലി. 'മനുഷ്യഹൃദയങ്ങളിൽ ദൈവാലയം പണിയേണ്ടവർ', സിമന്റും കമ്പിയും കൊണ്ടുള്ള പണികളിലാണ് ഇന്ന് കൂടുതലും വ്യാപൃതരായിരിക്കുന്നത്. ചുരുക്കം ചില അപവാദങ്ങളില്ലെന്നു പറയുന്നില്ല.

*ഫോൺ: 9496423443*

*കളും, മെഗാ പള്ളികളുമൊക്കെ പണിതുകൂട്ടുന്നതിനിടെ പാവങ്ങളുടെ നിലവിളി കേൾക്കാൻ നമ്മുടെ മെത്രാന്മാർക്കെവിടെ സമയം? തങ്ങളുടെ ആഢ്യതയ്ക്കുമുമ്പിൽ ലത്തീൻ റീത്തുകാർ ആര് എന്ന ചിന്തയും അവരുടെ കഠിനഹൃദയത്തെ ഭരിക്കുന്നുണ്ടാകാം....*

*പുരോഹിതനിയന്ത്രണമില്ലാത്ത കരുത്തുറ്റ സമുദായസംഘടനകൾ ഈ സഭാസമൂഹങ്ങളിലുണ്ടാകേണ്ടിയിരിക്കുന്നു.*

**-എഡിറ്റർ**

## ഒരു വിശദീകരണം

കഴിഞ്ഞലക്കം 'സത്യജ്വാല'യിൽ പ്രസിദ്ധീകരിച്ച, പ്രൊഫ. മാത്യു പ്രാലിന്റെ 'പള്ളിയെന്തിനാ?' എന്ന ലേഖനം (പേജ്, 16), 'ക്നാനായം' എന്ന മാസികയിൽ അടുത്തകാലത്ത് പ്രസിദ്ധീകരിക്കപ്പെട്ടതായിരുന്നു എന്നറിയുന്നു. ഈ ലേഖനം 'സത്യജ്വാല'യിൽ പ്രസിദ്ധീകരിക്കാൻ ശിപാർശചെയ്ത് എന്റെ ഇമെയിലിൽ അയച്ചുതന്നത്, അമേരിക്കയിൽനിന്നുള്ള ഒരു സത്യജ്വാല സുഹൃത്തായിരുന്നു. 'ക്നാനായ'ത്തിൽ പ്രസിദ്ധീകരിച്ച ലേഖനമാണതെന്ന് അദ്ദേഹം സൂചിപ്പിച്ചിരുന്നില്ല. ഇക്കാരണത്താലാണ്, 'ക്നാനായ'ത്തിനോടുള്ള കടപ്പാട് സൂചിപ്പിക്കാൻ കഴിയാതെപോയത് എന്ന് ലേഖകനെയും 'ക്നാനായ'ത്തിന്റെ ചുമതലക്കാരെയും വായനക്കാരെയും അറിയിക്കുന്നു.

**- എഡിറ്റർ**

# എല്ലാ വിശ്വാസികൾക്കും അപ്പംമുറിക്കൽശുശ്രൂഷ നടത്താൻ അവകാശമുണ്ട്

സി.കെ. പുന്നൻ



**ജൂ**ലൈ ലക്കം 'സത്യജ്വാല'യിൽ ഡോ (ഫാ)ജെ. വലിയമംഗലത്തിന്റേതായി വന്ന, 'അന്ത്യഅത്താഴ ഓർമ്മയാചരണത്തിന്റെ കാർമ്മികത്വം പട്ടക്കാർക്കു മാത്രമുള്ളതല്ല' എന്ന പ്രസ്താവന വളരെ സത്യമായി എനിക്കു തോന്നുന്നു. അന്ത്യഅത്താഴത്തിന്റെ ഓർമ്മയാചരണത്തെ ബലിയാക്കുകയും അതിന്റെ കാർമ്മികത്വം പട്ടക്കാർക്കുമാത്രമാക്കി നിയമം കൊണ്ടുവരുകയും ചെയ്തത് റോമൻ സമ്പ്രദായപ്രകാരമായിരുന്നുവെന്ന് അദ്ദേഹം വിശദീകരിക്കുകയും ചെയ്തു.

പെസഹാ കുർബാനയിൽ വൈദികർ, 'ഇന്ന് വൈദികരുടെ ദിവസമാണ്' എന്നും, 'ക്രിസ്തു പുരോഹിതരെ വാർത്തെടുത്ത് അവർക്ക് അധികാരങ്ങൾ നൽകിയത് ഈ ദിവസമാണ്' എന്നുംമറ്റും ഒരു ഉളുപ്പുമില്ലാതെ പ്രസംഗിക്കുമ്പോൾ കേട്ടുനിൽക്കാനല്ലാതെ സാദാ അത്മായർക്ക് എന്തുചെയ്യാൻ സാധിക്കും? ജീവിച്ചിരിക്കുമ്പോൾ ഒരു വ്യക്തി പറയുന്നു, താൻ മരിക്കുമ്പോൾ ഒരു കാരണവശാലും തന്റെ ദേഹത്ത് റീത്തുകൾ വയ്ക്കരുത് എന്ന്. പക്ഷേ, മരിച്ചുകഴിയുമ്പോൾ റീത്തുകളുടെ കൂമ്പാരം അദ്ദേഹത്തെ മൂടുന്നു. അപ്പോൾ എഴുന്നേറ്റു തൊഴിക്കാൻ നിവൃത്തിയില്ലാത്തതിനാൽ മൃതനായവൻ സഹിക്കുന്നു. ഏതാണ്ട് ഇതേ അവസ്ഥയാണ്, പള്ളിപ്രസംഗം കേട്ടുകൊണ്ടുള്ള അൽമായന്റെ സഹനം!!!

ഏതാനും വർഷംമുമ്പ് ഒരു വാർത്ത കണ്ടു; യേശുവിന്റെ അന്ത്യഅത്താഴവേളയിൽ പീലാത്തോസും പങ്കെടുത്തിരുന്നു എന്ന്. പീലാത്തോസ് മാത്രമല്ല, അന്നത്തെ ഉയർന്ന രാഷ്ട്രീയ, പുരോഹിതഗ്രൂപ്പുകളിലും ശിഷ്യഗണങ്ങളിലുംപെട്ട പലരും പങ്കെടുത്തിരിക്കാം. കാരണം, യേശു പെസഹാ ഒരുക്കിയത് സജ്ജീകൃതമായ ഒരു വലിയ മാളികമുറിയിലാണ് (കാണുക, മർക്കോ. 14:15, ലൂക്കോ 22:12). പന്ത്രണ്ടു ശിഷ്യന്മാർക്ക് മാത്രമായിരുന്നു, അത്താഴമൊരുക്കിയിരുന്നതെങ്കിൽ സജ്ജീകൃതമായ ഇത്ര വലിയ മാളികമുറിയുടെ ആവശ്യമെന്ത്? ഈ പെസഹാ തന്റെ അവസാനകൂട്ടായ്മയാണെന്ന് അറിയാമായിരുന്നതുകൊണ്ട്, അപ്പവും വീഞ്ഞും തന്റെ ശരീര-രക്തങ്ങളായി സങ്കല്പിച്ചുകൊണ്ട് അവർക്കു നൽകി. കൂടാതെ, 'നിങ്ങൾ ഒരുമിച്ചു കൂടുമ്പോൾ എന്റെ നാമത്തിൽ ഇതു ചെയ്യുവാ'നും കല്പിച്ചു. യേശുതന്നെ, പൂർണ്ണമായി അർപ്പിച്ചുകൊണ്ട് നടത്തിയ ഏറ്റവും വലിയ സ്നേഹകൂട്ടായ്മയായിരുന്നു അത്.

ലൂക്കോ. 24:13-ൽ രണ്ടു ശിഷ്യന്മാർ എമ്മാവൂസിലേക്ക് പുറപ്പെടുന്നതും, മാർഗ്ഗമദ്ധ്യേ ഉയിർത്തെഴുന്നേറ്റ യേശു അവരോട് സംസാരിക്കുന്നതും, വൈകിയതിനാൽ അവരോടൊപ്പം അവിടെ താമസിച്ചതുമായ കാര്യങ്ങൾ കാണാം. തുടർന്ന്, യേശു അപ്പമെടുത്ത് വാഴ്ത്തി അവർക്കു നൽകിയപ്പോൾ അവരുടെ കണ്ണുകൾ തുറന്നതും, യേശുവിനെ അവർ തിരിച്ചറിഞ്ഞതും വിവരിക്കുന്നു. ഇക്കാര്യം മറ്റുള്ളവരെ അറിയിക്കുന്നതിനായി അവർ ജെറൂസലേമിലേക്ക് മടങ്ങിപ്പോയി. അവിടെ പതിനൊന്നുപേരും കൂടെയുണ്ടായിരുന്നവരും സമ്മേളിച്ചിരിക്കുന്നതായി അവർ കണ്ടു.

ഇവിടെ '11 പേർ' എന്നു പറഞ്ഞത് അപ്പസ്തോലന്മാരും, 'മറ്റുള്ളവർ' എന്നു പറഞ്ഞത് വചനം ഗ്രഹിച്ച് അതിൽ ആകൃഷ്ടരായ ശിഷ്യഗണങ്ങളുമാണ്. അതിൽപ്പെട്ട രണ്ടു പേരാണ് എമ്മാവൂസിലേക്ക് പോയിവന്നത്.

ക്രിസ്തുവിനെ അറിയുകയും അവിടുത്തെ വചനത്തിൽ വിശ്വസിക്കുകയും ചെയ്തവരെല്ലാം ക്രിസ്തുവിന്റെ ശിഷ്യന്മാരാണ്. അവരെയാണല്ലോ ക്രിസ്തുവിന്റെ അനുയായികൾ എന്നർത്ഥംവരുന്ന ക്രിസ്ത്യാനികൾ എന്നു വിളിക്കുന്നത്. അതിനാൽ, എല്ലാ ക്രിസ്ത്യാനികൾക്കും അപ്പംമുറിക്കൽ ശുശ്രൂഷ നടത്തുവാൻ അവകാശമുണ്ട്. ധാരാളം പേർ ഒരുമിച്ചു കൂടുമ്പോൾ അതിലെ ഏറ്റവും മുതിർന്നയാൾ അപ്പംമുറിക്കൽ ശുശ്രൂഷയ്ക്കു നേതൃത്വം നൽകുന്നതായിരിക്കും അഭികാമ്യം. ഇങ്ങനെയുള്ള സ്നേഹകൂട്ടായ്മകളിൽ ഇന്നത്തെ പുരോഹിതർ വേണമെന്നില്ല.

*ഫോൺ 9288046925*



# മാറൻ മാർ ജോർജ്ജ് ആലഞ്ചേരി അഖിലേന്ത്യയുടെ മെത്രാപ്പോലീത്തയും വാതിലും!

ചാക്കോ കളരിക്കൽ-USA

**മാ**ർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിന്റെ മെത്രാൻപട്ടാഭിഷേകത്തോടനുബന്ധിച്ച് 'വാട്സാപ്പി'-ൽ പ്രചരിച്ച ഫോട്ടോയുടെ ഭാഗമാണ് ഇതോടൊപ്പം കൊടുത്തിരിക്കുന്നത്. അതിൽ കൊടുത്തിരിക്കുന്ന മാർ ആലഞ്ചേരിയുടെ വിശേഷണപദവികൾ കണ്ട് ഒരു സുഹൃത്ത്, "അങ്കിളേ, ഈ 'മാറൻ മാർ', 'വാതിൽ' എന്നെല്ലാം പറയുന്നത് എന്താണ്" എന്ന് ടെലിഫോണിൽ എന്നോടു ചോദിക്കുകയുണ്ടായി.

അമേരിക്കൻ പ്രസിഡന്റിനെവരെ 'മിസ്റ്റർ പ്രസിഡന്റ്' എന്ന് അഭിസംബോധനചെയ്യുന്ന ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ കാലഹരണപ്പെട്ട പഴഞ്ചൻ പ്രയോഗങ്ങളിൽ സഭാധികാരംമാത്രമേ തൂങ്ങിക്കിടക്കുകയുള്ളൂ. ആറാം നൂറ്റാണ്ടിലോമറ്റോ ആണെന്നുതോന്നുന്നു, റോമൻ പൗരസ്ത്യസഭയിലെ പാത്രിയാർക്കാമാർ യഹൂദപാരമ്പര്യത്തിന്റെ ചുവടുപിടിച്ച് 'മാറൻ മാർ' (Maran Mar) എന്ന് അവരുടെ പേരുകൾക്കുമുമ്പ് ബഹുമാനസൂചകമായി കൂട്ടിച്ചേർത്തിരുന്നു. 'മാറൻ' എന്ന സുറിയാനി പദത്തിനർത്ഥം 'നമ്മുടെ നാഥൻ' (Our Lord) എന്നും മാർ എന്ന പദത്തിനർത്ഥം എന്റെ നാഥൻ (My Lord) എന്നുമാണ്. മാർ പാപ്പയെ മലയാളത്തിൽ നാം മാർപാപ്പ എന്നെഴുതുന്നുണ്ട്. മാർപാപ്പയുടെ കാര്യത്തിൽപ്പോലും മാർ-നുമുമ്പ് 'മാറൻ'കൂടി ചേർത്തുകാണുന്നില്ല.

സഭാധികാരത്തിന്റെ ചിന്താഗതിയിൽ ആലഞ്ചേരി മെത്രാപ്പോലിത്തയുടെ പേര് മൊത്തമായി എഴുതിയാൽ, അത് 'His Beatitude Maran Mar Major Archbishop George Cardinal Alancherry, Metropolitan and Gate of all India' എന്നായിരിക്കും! ഇതുകേട്ട് ആരും ഞെട്ടരുത്; ബോധംകെട്ടു വീഴരുത്. സീറോ-മലങ്കര സഭാധ്യക്ഷൻ ബസേലിയോസ് കർദിനാൾ ക്ലിമ്മീസ് റോം നൽകാതെതന്നെ കാതോലിക്കോസ് അഥവാ, 'കാതോലിക്കാ ബാവ' എന്ന സ്ഥാനനാമംകൂടി ഉപയോഗിക്കുന്നുവെന്നതും ഗൗരവതരമായ തമാശയല്ലേ? അവരെയെല്ലാം ഏല്പിച്ചിരിക്കുന്ന ഒരേയൊരു പണി ദൈവജനശുശ്രൂഷ (Pastoral care of the faithful) മാത്രമാണ്. എങ്കിലും അവരുടെ പേരിനോടു ചേർക്കുന്ന അധികാര/ബഹുമാന സൂചക പദങ്ങളോട് അവർക്കു വലിയ കമ്പമാണ്. അത് ഒരു സാധാരണ വിശ്വാസിയെ വിസ്മയിപ്പിക്കാതിരിക്കില്ല. മാറൻ ഈശോ മിശിഹാ (Our Lord Jesus Christ) എന്നു നാം കേട്ടിട്ടുണ്ട്. അപ്പോൾ അവരും ഈശോയുടെ സ്ഥാനത്തുതന്നെ! എന്റെ കർത്താവായ ദൈവമേ, അഹങ്കാരികളും അധികാരപ്രേമികളുമായ അവരോട് ക്ഷമിക്കണമേ.

ഇനി എന്താണ്, 'അഖിലേന്ത്യായുടെ മെത്രാപ്പോലീത്തയും വാതിലും?' അതിനൊരു ചരിത്രമുണ്ട്. വിദേശ വൈദികമേധാവിത്വത്തിനെതിരെ നസ്രാണികൾ നടത്തിയ പേരുകേട്ട കലാപമായ കൂനൻ കുരിശുസത്യത്തെത്തുടർന്ന്, സുറിയാനി ക്രിസ്ത്യാനികളിൽ ബഹുഭൂരിപക്ഷവും റോമൻ നേതൃത്വവുമായി വിഘടിച്ചുനിന്ന കാലത്തും പശ്ചാത്തലത്തിലും, മുട്ടുചിറക്കാരനായ പറമ്പിൽ (പള്ളിവീട്ടിൽ) ചാണ്ടിക്കത്തനാരെ നസ്രാണികളുടെ അന്നത്തെ മെത്രാനായിരുന്ന ഇറ്റലിക്കാരൻ ജോസഫ് സെബസ്ത്യാനി മെത്രാനായി വാഴിച്ച് റോമിനു കീഴ്പ്പെട്ടുനിന്നവരുടെ മേല്പട്ടക്കാരനായി നിയമിച്ചു (1663-1687). യൂറോപ്യൻ രേഖകളിൽ അദ്ദേഹത്തെ പരാമർശിക്കുന്നത് 'അലക്സാണ്ടർ ഡി കാമ്പോ' എന്ന പേരിലാണ്. ആ നിയമനം തന്ത്രപരമായ ഒരു നീക്കമായിരുന്നു. വിഘടിച്ചുനിന്ന അനേകം പള്ളിക്കാരും പള്ളികളും പുത്തൻകൂർ വിഭാഗത്തിൽനിന്നു കത്തോലിക്കാസഭയുമായി രമ്യതയിലായി. 1663 -ൽ ലന്തക്കാർ കൊച്ചി പിടിച്ചടക്കിയതിനേത്തുടർന്ന് സെബസ്ത്യാനി മെത്രാന് കേരളം വിട്ടു പോകേണ്ടതായുംവന്നു. ചരിത്രപരമായി ചിന്തിക്കുമ്പോൾ ആ പറമ്പിൽ ചാണ്ടിമെത്രാനാണ്, 'ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്തയും കവാടവും' എന്ന സ്ഥാനനാമം അവസാനമായി ഉപയോഗിച്ചത്.




ഇവിടെ നാം ചില കാര്യങ്ങൾ സ്മരിക്കേണ്ടതായിട്ടുണ്ട്. ഫ്രാൻസീസ് പാപ്പാ 2017 ഒക്ടോബർ 9-ന് ഇന്ത്യയിലെ മെത്രാന്മാർക്ക് ഒരു കത്തയയ്ക്കുകയുണ്ടായി. ആ കത്തിൽ ഇന്ത്യ മുഴുവനിലുമുള്ള സീറോ-മലബാർ വിശ്വാസികളുടെ പാസ്റ്ററൽ കെയർ, ശ്രേഷ്ഠമെത്രാപ്പോലീത്തയായ മാർ ആലഞ്ചേരിയേയും സീറോ-മലബാർ സഭയുടെ മെത്രാൻ സംഘത്തെയും ചുമതലപ്പെടുത്തുന്നുണ്ട്. അതിലെ പ്രസക്ത ഭാഗം ഇവിടെ ഉദ്ധരിക്കുന്നു:

# ഈ മതിൽ പൊളിക്കുകതന്നെ വേണം

ജയിംസ് കുരുവിള

ഫ്രാൻസീസ് മാർപാപ്പാ അമേരിക്കൻ പ്രസിഡണ്ടിനോട് സമീപകാലത്ത് പറയുകയുണ്ടായി. “മതിലുകൾ പണിയുന്നവനല്ല; മറിച്ച്, പാലങ്ങൾ പണിയുന്നവനാണ് യഥാർത്ഥ ക്രിസ്ത്യാനി” എന്ന്. അമേരിക്കയ്ക്കും മെക്സിക്കോയ്ക്കുമിടയിൽ വൻമതിൽ നിർമ്മിക്കുമെന്ന ട്രമ്പിന്റെ പ്രഖ്യാപനത്തിനെതിരെയാണ് മാർപാപ്പ ഇപ്രകാരമൊരു ഉപദേശം നൽകിയത്. എല്ലാ ക്രിസ്ത്യാനികൾക്കും അഭിമാനിക്കാൻ വകനൽകിയ ഉപദേശം.

ഈ ഉപദേശത്തിന്റെ പശ്ചാത്തലത്തിൽ, കോട്ടയംരൂപത സീറോ-മലബാർ സഭയുടെ കീഴിലുള്ള ഇതര രൂപതകൾക്കെതിരെ തീർത്തിരിക്കുന്ന ഉപരോധമതിൽ പൊളിച്ചുമാറ്റി പാലം പണിയേണ്ടതല്ലേ? ധാർമ്മികതയ്ക്ക് വ്യത്യസ്ത നിറങ്ങളുണ്ടോ? മെത്രാന്മാർക്കും വിശ്വാസികൾക്കും ഒരേതരത്തിലുള്ള ധാർമ്മികനീതിയും പ്രമാണങ്ങളുമല്ലേ ഉണ്ടായിരിക്കേണ്ടത്?

സീറോ-മലബാർസഭയ്ക്കു കീഴിലുള്ള മറ്റു രൂപതകളെ മതിലുകെട്ടി തിരിച്ചുകൊണ്ട്, യാക്കോബായക്കാരിൽ ഒരുവിഭാഗത്തെ അവർ ‘ക്നാനായം’ എന്ന വാൽ കൊണ്ടുനടക്കുന്നുവെന്നതിന്റെപേരിൽ മതിൽക്കെട്ടിനുള്ളിലാക്കുന്ന നീതിശാസ്ത്രം എന്തായിരിക്കും? ദൈവശാസ്ത്രം എന്തായിരിക്കും?

ബിജു ഉതുപ്പുകേസിൽ മൂന്നു നീതിപീഠങ്ങൾ തുടർച്ചയായി എതിർവിധി പ്രഖ്യാപിച്ചിട്ടും പാഠം പഠിക്കാതെ കോടികൾ മുടക്കി സുപ്രീം കോടതിയിൽ പോയതിന്റെ ദൈവശാസ്ത്രം എത്ര ദുരൂഹമായിരിക്കുന്നു!

ഫോൺ: 8129005157

‘I decree also that the new circumscriptions, as with those already in existence, be entrusted to the pastoral care of the Major Archbishop of Ernakulam-Angamaly and the Synod of Bishops of the Syro-Malabar Church, according to the norms of the Code of the Canons of the Eastern Churches.’

ദൈവജനശുശ്രൂഷയ്ക്ക് ശ്രേഷ്ഠമെത്രാപ്പോലീത്തയെ ഭരമേല്പിക്കുന്നതല്ലാതെ അദ്ദേഹത്തിന് ‘അഖിലേന്ത്യയുടെ മെത്രാപ്പോലീത്തയും വാതിലു’മായിട്ടുള്ള സ്ഥാനം നൽകുന്നതായി ആ കത്തിൽ ഒരിടത്തും സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ല. പഴയ സംജ്ഞ ആ കത്തിലൂടെ പതിച്ചുകൊടുക്കുന്നുമില്ല. തന്നെയുമല്ല, ആ അജപാലനദൗത്യത്തെ അധികാരത്തിന്റെയോ ആധിപത്യത്തിന്റെയോ ആയി കാണരുതെന്ന് (‘no way be perceived as a growth in power and domination’) മാർപാപ്പ ആ കത്തിൽ എടുത്തു പറയുന്നുമുണ്ട്. എങ്കിലും ഇന്നത്തെ ഇടയന്മാർക്ക് അജപാലനത്തെക്കാൾ ഇഷ്ടം സ്ഥാനമാനങ്ങളിലും അധികാരത്തിലുമാണ്.

400 വർഷത്തിനുമേൽ ഉണ്ടായിരുന്നു എന്നവകാശപ്പെടുന്ന അഖിലേന്ത്യയുടെ മെത്രാപ്പോലീത്താസ്ഥാനം കൊച്ചുകുട്ടികളെപ്പോലെ, ‘ഇപ്പം വേണം’ എന്നു വാശിപിടിക്കുന്ന സഭാധികാരത്തോട് ഞാനൊന്നു ചോദിക്കട്ടെ: റോമൻ പൗരസ്ത്യസഭകളുടെ ഭാഗമല്ലാത്ത, മാർത്തോമ്മാ അപ്പോസ്തലനാൽ ഒന്നാം നൂറ്റാണ്ടിൽത്തന്നെ സ്ഥാപിതമായ നസ്രാണിസഭയെ നിങ്ങൾ പൗരസ്ത്യസംഘത്തിന് അടിയറവുവെച്ച് കൽദായ സഭയുടെ ഭാഗമാക്കാൻ കൂട്ടുനിന്നില്ലേ? പൗരസ്ത്യവും പാശ്ചാത്യവുമായ ആരാധനക്രമപാരമ്പര്യമുള്ള നമ്മുടെ സഭയ്ക്ക്, ഭാരതീയ സംസ്കാരത്തെയുംകൂടി ഉൾക്കൊണ്ടുകൊണ്ട് പുതിയ സജീവമായ ഒരു ആരാധനക്രമം വികസിപ്പിച്ചെടുക്കാൻ നിങ്ങൾ തടസ്സമായി നിൽക്കുകയല്ലേ ചെയ്തത്? നമ്മുടെ കർത്താവിന്റെ തൂങ്ങപ്പെട്ട രൂപം എടുത്തുമാറ്റി മണ്ണിൽക്കിടന്ന മാനിക്കേയൻ പാഷണ്ഡകുരിശിനെ വണങ്ങാൻ നിങ്ങൾ അൾത്താരയിൽ സ്ഥാപിച്ചില്ലേ? 25 വർഷം മുമ്പ് റോമിൽനിന്നു സ്വയംഭരണാധികാരം ലഭിച്ചിട്ടും, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ 2000 വർഷത്തെ പാരമ്പര്യമുള്ള നസ്രാണി മഹായോഗത്തെ (സീറോ-മലബാർ സഭാസിനഡ്) നിങ്ങൾ പുനഃസ്ഥാപിച്ചോ? സീറോ-മലബാർ മെത്രാൻസിനഡു സ്ഥാപിച്ച് അതിനെ സഭാസിനഡ് എന്നുവിളിച്ച് നിങ്ങൾ വിശ്വാസികളെ പറ്റിക്കുകയും ആക്ഷേപിക്കുകയുമല്ലേ ചെയ്തുകൊണ്ടിരിക്കുന്നത്? വികാരിയെ ഉപദേശിക്കാൻമാത്രം അവകാശമുള്ള പള്ളിസമിതിയായി മാർത്തോമ്മാ ക്രിസ്ത്യാനികളുടെ എല്ലാമായിരുന്ന പള്ളിയോഗത്തെ നിങ്ങൾ തരംതാഴ്ത്തിയില്ലേ? മലങ്കരയിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ തങ്ങളുടെ സഭാഭരണം നടത്തിയിരുന്നത് പള്ളിയോഗ തീരുമാനപ്രകാരമായിരുന്നു എന്ന് ആർക്കാണ് അറിയാൻപാടില്ലാത്തത്? ഇടവകക്കാരുടേതായിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പള്ളികൾ നിങ്ങൾ ബലമായി പിടിച്ചെടുത്തില്ലേ? സ്വന്തം ചെല്ലത്തിൽനിന്നെടുത്ത് ചെലവാക്കുന്നതുപോലെ ആരോടും ചോദിക്കാതെ പള്ളിസ്വത്തുക്കൾ തോന്നുന്നവിധത്തിൽ ചെലവാക്കുകയല്ലേ ഇപ്പോൾ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്? ആരെയും കണക്കു ബോധിപ്പിക്കണ്ടതില്ല എന്ന വ്യവസ്ഥയല്ലേ സഭയിൽ നിങ്ങൾ സ്ഥാപിച്ചിരിക്കുന്നത്?

സഭാധികാരത്തിനു വേണ്ടത് ലോകം മുഴുവൻ ഭരിക്കാനുള്ള അധികാരമാണ്. അതിനുള്ള സർവ്വകുതന്ത്രങ്ങളും രാപകലില്ലാതെ അവർ മെനഞ്ഞുകൊണ്ടിരിക്കുന്നു. ലോകം മുഴുവൻ രൂപതകൾ സ്ഥാപിക്കുന്നു. മെത്രാന്മാരെ സൃഷ്ടിക്കുന്നു. അവരെ തീറ്റിപ്പോറ്റാനും വിശ്വാസി അധ്വാനിക്കണം. അന്ധവിശ്വാസത്തെ പരിപോഷിപ്പിച്ച് വിശ്വാസികളെ സാമ്പത്തികമായി ചൂഷണംചെയ്യുന്നു. സീറോ-മലബാർ

# പാര
# പരോപകാരമാകുന്നതെങ്ങനെ?

**ഇപ്പൻ**



**ക**ർമ്മങ്ങളുടെ അടിസ്ഥാനത്തിൽ ഭർത്തൃഹരി മനുഷ്യരെ ഉത്തമാധമമധ്യമന്മാരായി തിരിക്കുന്നു:

"ഏകേ സത്പുരുഷഃ പദാർത്ഥഘടകാഃ
സ്വാർത്ഥം പരിത്യജ്യ യേ
സാമാന്യസ്തു പരാർത്ഥമുദ്യമ ഭൃത
സ്വാർത്ഥാവിരോധേന യേ
തേമീ മാനുഷ രാക്ഷസാഃ പരഹിതം
സ്വാർത്ഥായനിഘ്നന്തി യേ
യേതുഘ്നന്തി നിരർത്ഥകം പരഹിതം
തേ കേ ന ജാനീമഹേ"

(മഹാന്മാർ സ്വകാര്യം ത്യജിച്ച് അന്യർക്കുവേണ്ടി ജീവിക്കുന്നു. നല്ല മനുഷ്യർ സ്വകാര്യം വേണ്ടെന്നു വയ്ക്കാതെ അന്യർക്കുവേണ്ടി പ്രവർത്തിക്കുന്നു. നീചന്മാർ സ്വകാര്യത്തിനുവേണ്ടി അന്യരെ ഉപദ്രവിക്കുന്നു. തനിക്ക് ഒരുപകാരവുമില്ലാതെ മറ്റുള്ളവരെ ഉപദ്രവിച്ചു സുഖിക്കുന്നവരെ ഏതു വിഭാഗത്തിൽപ്പെടുത്തണമെന്ന് എനിക്കറിയില്ല.)

കുമാരകവിയും കുറിക്കുന്നു:
"അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"

ജീവിതം ധന്യമാകുന്നത് അന്യജീവനുതകുമ്പോഴാണ്. പരോപകാരത്തെ ഒരു പുണ്യമായി ലോകം അംഗീകരിച്ചിരിക്കുന്നു. എനിക്ക് എതിർപ്പില്ല. പക്ഷേ, ഏറ്റവും ശ്രേഷ്ഠമായ പരോപകാരം പരോപദ്രവമാണെന്നു സമർത്ഥിച്ച് ഭർത്തൃഹരിയോട് വിയോജിക്കാനാണ് ഈ കുറിപ്പ്. ജനനവേളയിൽ എല്ലാവരുടെയും തലയാണല്ലോ ആദ്യം പുറത്തുവരുന്നത്. എന്റെ മുതുകാണാദ്യം പുറത്തുവന്നത്. ഞാനിങ്ങനെ ഒരു തലതിരിഞ്ഞവനായത് അതുകൊണ്ടാവാം.

ആളുകളുടെ പരോപകാരപ്രവൃത്തികളെ നിരീക്ഷിക്കുക. അജ്ഞതമൂലം ഇക്കാര്യത്തിലും അവർ ചതിക്കപ്പെടുന്നില്ലേ? രാവിലെ ഒരുത്തനു ഭിക്ഷ കൊടുക്കുന്നു. വൈകുന്നേരം വിയർപ്പിൽ കുളിച്ച് പതിവുള്ള ക്വാർട്ടർ ജവാനു ക്യൂ നിൽക്കുന്ന നിങ്ങളുടെ മുമ്പിൽ രണ്ടാമത്തെ സീസർ ഫുള്ളിനുവേണ്ടി ആടിയാടി നിൽക്കുന്ന അവൻ. അർഹിക്കുന്നവർക്കു കൊടുക്കണം. അർഹിക്കുന്നവർ അഭിമാനംമൂലം ദുരിതങ്ങളുടെ നിറപറകൾ നിത്യേന അളന്ന് കുടിലുകളിൽ കുത്തിയിരിക്കുന്നു. വീട്ടിൽ സഹായം ചോദിച്ചുവന്ന അപരിചിതനായ ഒരു ശുഭ്രവസ്ത്രധാരിയോട്, 'ഇവിടെ വരുന്നവർക്കൊക്കെ ഞാൻ അഞ്ചു രൂപയാണു കൊടുക്കുന്നതെന്നും അതു തന്നാൽ ചേട്ടൻ മേടിക്കുമോ'ന്നും ഞാൻ ചോദിച്ചു. അയാൾ ഒന്നാന്തരം കുടുംബത്തിൽ പിറന്നവനാണെന്നും എന്റെ അമ്പതുരൂപാപോലും തെണ്ടിവാങ്ങേണ്ട ഗതികേട് അയാൾക്കില്ലെന്നും ആക്രോശിച്ച് അയാൾ സ്ഥലം കാലിയാക്കി. ഇവൻ ഒരു ഐ.പി. ഭിക്ഷാടകനാണ്. മിനിമം നൂറുരൂപാ കൊടുത്താൽ അവൻ വാങ്ങാൻ കനിയാം.

കാമ്പസിന്റെ മുമ്പിലുള്ള വെയിറ്റിങ്ങ് ഷെഡ്ഡിൽ ബസുകയറാൻ നിന്ന സതീർത്ഥ്യയോട് എന്റെ ഒരു സുഹൃത്ത് കേരളപാണിനീയത്തിലെ അംഗപ്രത്യയമോ ലിംഗപ്രത്യയമോ എന്ന വ്യാകരണപ്രശ്നം ചർച്ചചെയ്യുകയായിരുന്നു. കഷ്ടകാലത്തിന് അവളൊരു സുന്ദരിയായിരുന്നു. അവൾ പോയിക്കഴിഞ്ഞ് ആ വെയിറ്റിങ്ങ് ഷെഡ്ഡിലെ സ്ഥിരം ഭിക്ഷക്കാരൻ സുഹൃത്തിന്റെ ചെവിയിൽ ചെന്നു മന്ത്രിക്കുകയാണ്, 'അപ്പോഴേ ഇത്രയും നേരം സുഖിച്ചതിന്റെ കാശിങ്ങെടുത്തേ' എന്ന്. അവർ സംസാരിച്ചതിലെ 'ലിംഗം' 'ലിംഗം' എന്ന വാക്കുമാത്രമേ അവനു മനസ്സിലായിക്കാണൂ. ഇവനൊരു സദാചാരഗുണ്ടായത്തെണ്ടിയാണ്.

ഇനിയൊരു വിഭാഗമുള്ളത് വി.ഐ.പി.കളാണ്. മഹാത്മാവ് പരുത്തിനൂൽകൊണ്ടു നെയ്തെടുത്ത വെൺമയുള്ള ആശയലോകംകൊണ്ടു ദുർമേദസു പൊതിഞ്ഞാണ് അവന്റെ വരവ്. ഓന്തിനെപ്പോലെ ചുവപ്പും പച്ചയും കാവിയുമായി ഇക്കൂട്ടർ നിറംമാറും. ഇവനെ പേടിക്കണം. നിങ്ങളെത്ര കരുത്തനായ കാട്ടുപോത്താണെങ്കിലും ഇവനെ പിണക്കിയാൽ ഇവന്റെ സഭ അങ്ങനെ തടിച്ചുകൊഴുത്ത് 'വളരുന്നു'.

കർത്താവ് കപടനാട്യക്കാരായ നിയമജ്ഞരോടും ഫരിസേയരോടും പറഞ്ഞത് ഇന്നത്തെ സഭാധികാരത്തിനും ചേർന്നതുതന്നെ: **"അവർ തങ്ങളുടെ നെറ്റിപ്പട്ടങ്ങൾക്കു വീതിയും വസ്ത്രത്തിന്റെ തൊങ്ങലുകൾക്കു നീളവും കൂട്ടുന്നു; വിരുന്നുകളിൽ പ്രമുഖസ്ഥാനവും സിനഗോഗുകളിൽ പ്രധാനപീഠവും നഗരവീഥികളിൽ അഭിവാദനവും ഇഷ്ടപ്പെടുന്നു. റബ്ബീ എന്നു സംബോധന ചെയ്യപ്പെടാനും ഇഷ്ടപ്പെടുന്നു........ കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ വെള്ളയടിച്ച കുഴിമാടങ്ങൾക്കു സദൃശരാണ്. അവ പുറമേ മനോഹരമായി കാണപ്പെടുന്നെങ്കിലും അവയ്ക്കുള്ളിൽ മരിച്ചവരുടെ അസ്ഥികളും സർവ്വവിധ മാലിന്യങ്ങളും നിറഞ്ഞുകിടക്കുന്നു. അതുപോലെ, ബാഹ്യമായി മനുഷ്യർക്കു നല്ലവരായി കാണപ്പെടുന്ന നിങ്ങൾ ഉള്ളിൽ കാപട്യവും അനീതിയും നിറഞ്ഞവരാണ്"** (മത്താ. 23: 5-7; 27-29).

ഫോൺ: (001) 586-601-5195

അനുയായികളായ ചെന്നായ്ക്കൾ നിങ്ങളെ അനങ്ങാൻ സമ്മതിക്കാതെ പൃഷ്ടഭാഗത്തുനിന്നു കടിച്ചുതിന്നു തുടങ്ങും.

ഇനിയുള്ള ദേഹങ്ങൾ വിശുദ്ധ വി.വി.ഐ.പി.കളാണ്. കർത്താവിനെ തറച്ചുകൊന്ന കുരിശ് 22-കാരറ്റ് സ്വർണ്ണത്തിൽ വാർത്ത് ഇവർ കഴുത്തിൽ തൂക്കിയിരിക്കും. കുഞ്ഞാടുകളെ വിഴുങ്ങുന്ന വിഷയത്തിൽ ഇവരുടെ ഗുരു മുതലയാണ്. ഗുരുഭക്തിമൂലം ഇവർ ഗുരുവക്ത്രത്തിന്റെ ആകൃതിയിലുള്ള ഒരു തൊപ്പിയാണു ധരിക്കുന്നത്. തങ്ങളുടെ വക്രതയുടെ പ്രതീകമാണ് അവരുടെ വളഞ്ഞ ചെങ്കോൽ. മോതിരത്തിൽ ഇവർ കോഴിമുട്ടയുടെ വലിപ്പമുള്ള രത്നം പതിക്കുന്നത് ജാടകാട്ടാനല്ല, കേട്ടോ! സ്ത്രീകൾ മുത്തുമ്പോൾ അവരുടെ പവിഴാധരങ്ങൾ സ്പർശിക്കരുതല്ലോ. ഇവർ നമ്മുടെ കുപ്പമാടത്തിലേക്ക് എഴുന്നള്ളുകയില്ല. പാമ്പിനെ വരുത്തി വിഷമിറക്കാൻ വിദഗ്ദ്ധരാണിവർ. നമ്മളിവരുടെ കൊട്ടാരത്തിൽ ചെന്ന് ക്യൂനിന്ന് ഇവർക്കു ഭിക്ഷ കൊടുത്തുകൊള്ളും. ഇവരുടെ പണക്കൊതിയെ പൂർത്തീകരിക്കാൻ ശ്രമിക്കുന്നത് മണ്ണെണ്ണയൊഴിച്ച് തീ കെടുത്താൻ ശ്രമിക്കുംപോലെ വ്യർത്ഥമാണ്. പ്രാചീന റോമൻപ്രമാണിമാർക്ക് വിരുന്നുശാലയോടനുബന്ധിച്ച്, വയറുനിറയുമ്പോൾ തൊണ്ടയിൽ കൈയിട്ട് ഛർദ്ദിക്കാൻ ഇടമുണ്ടായിരുന്നു. വീണ്ടും വന്ന് വിശിഷ്ടവിഭവങ്ങൾ വിഴുങ്ങാനാണ്. ഖജനാവു നിറയുമ്പോൾ ഇവരും ഇടയലേഖനങ്ങൾ ഛർദ്ദിക്കും. 'രൂപതാ... രൂപതാ, ഞാനുമൊരു സൂപ്പർ സ്പെഷ്യൽ കാശുപത്രി പണിയട്ടെ.' നമ്മൾ ഭയഭക്തിപുരസ്സരം മടിശ്ശീലയഴിക്കുന്നു. നമ്മുടെ സ്വർഗ്ഗ-നരകവാതിലുകളുടെ റിമോട്ട് കൺട്രോൾ ഇവരുടെ കൈയിലാണല്ലോ. ഒരു ഭിക്ഷക്കാരിമുത്തശ്ശി ദേവാലയത്തിന് രണ്ടരലക്ഷം രൂപ സംഭാവനചെയ്തത് ഇന്നത്തെ പത്രത്തിൽ വായിച്ചതേയുള്ളൂ.

ഭിക്ഷ കൊടുക്കുന്നവർ മൂന്നു വിഭാഗമുണ്ട്. ഒന്നാമത്തെ കൂട്ടർ ശുദ്ധാത്മാക്കളാണ്. അംബാനിയെക്കാൾ സമ്പന്നനായ മെത്രാനു കൊടുക്കുന്ന ഭിക്ഷപോലും പരോപകാരമാണെന്ന ഉത്തമബോദ്ധ്യത്തോടെയാണ്! അവർ വിയർപ്പിന്റെ വിലയുടെ ദശാംശത്തിൽ കൂടുതൽ കൊടുക്കുന്നു. രണ്ടാമത്തെ കൂട്ടർ ഒളിച്ചോട്ടക്കാരാണ്. ഇവർ പണക്കാരാണ്. വരുമാനത്തിന്റെ ഒരംശം പ്രൊഫഷണൽ തെണ്ടി മുതൽ മെത്രാൻവരെയുള്ളവർക്കു വീതംവെച്ച് ദൈവത്തിനുള്ള കടം വീട്ടി എന്ന മനസ്സമാധാനത്തോടെ ജീവിക്കുന്നവർ. കൂദാശകൾ നിഷേധിക്കാതിരിക്കാനുള്ള റൗഡി ഫീസും കൂടിയാണിത്. സ്വർഗ്ഗക്കൊതിയും നരകഭീതിയും ഇവർക്ക് കലശ്ശലായിരിക്കും. അടുത്ത കൂട്ടർ ഭൂമിക്കു ബ്രഹ്മവെച്ച കള്ളന്മാരാണ്. കട്ടുണ്ടാക്കിയ കാശിൽ ഒരു പങ്ക് അവർ ദൈവത്തിനും മെത്രാനും രാഷ്ട്രീയക്കാരനും കൈക്കൂലിയായി കൊടുക്കുന്നു. സ്വർഗ്ഗ-നരകങ്ങളില്ലെങ്കിലും അവനു നഷ്ടമില്ല. അവനെ സംബന്ധിച്ച് ഇത് നല്ലൊരു ഇൻവെസ്റ്റ്മെന്റാണ്. മെത്രാനുകൊടുക്കുന്നത്, കഴിയുമെങ്കിൽ 45 മെത്രാന്മാരും കൂടിവന്ന് അവന്റെ അപ്പനെ കുഴിയിലിറക്കാനാണ്. അതുയർത്തുന്ന സോഷ്യൽസ്റ്റാറ്റസിലാണവന്റെ കണ്ണ്.

പരോപകാരത്തിന്റെ പരമപദത്തിലെത്തി ജീവിതസായൂജ്യം നേടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ഭിക്ഷാടകരില്ലാത്ത ലോകം സൃഷ്ടിക്കലാണത്. നിങ്ങളുടെ മണിയും തുണിയും ജീവനും അതിനുവേണ്ടി സമ്പൂർണ്ണമായി സമർപ്പിക്കേണ്ടിവരും. വ്യവസ്ഥയുടെ കാവലാളന്മാർ തുടക്കംമുതലേ നിങ്ങളെ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരിക്കും. നിങ്ങളെ കൈകാര്യം ചെയ്യുന്നതിന് അവർക്ക് 'വൺ, ടൂ, ത്രീ'യുടെ മെതേഡുകളുണ്ട്. ആദ്യപടിയായി, നിങ്ങളാർക്കുവേണ്ടി ജീവിതം സമർപ്പിച്ചുവോ അവരെക്കൊണ്ടു നിങ്ങളെ ഭ്രാന്തനെന്നു വിളിപ്പിക്കും. അവസാനപടി അന്ത്യകൂദാശയാണ്. ഇതുവരെയായിട്ടും നിങ്ങൾ കൊല്ലപ്പെട്ടില്ലെങ്കിൽ അതിന്റെ അർത്ഥം നിങ്ങളുടെ പോരാട്ടത്തിൽ എവിടെയോ മായംകലർന്നിട്ടുണ്ടെന്നതാണ്.

മരണഭയമുള്ളവർക്കും ചെറിയ കാര്യങ്ങൾ ചെയ്ത് വലിയ ഫലങ്ങൾ ഉളവാക്കാം. 'സഭ ജീവകാരുണ്യത്തിൽ ശ്രദ്ധിക്കുക' എന്നെഴുതി പത്തു പോസ്റ്റർ ഒട്ടിച്ചുകൂടേ? നിയമവിധേയമാണത്. നിങ്ങൾക്ക് അമ്പതുരൂപയേ ചെലവാകൂ. വികാരി വികാരഭരിതനാകും. രൂപത അധികം രൂപയിറക്കും. ചെറിയ ഇരയിട്ട് വലിയ മീൻ പിടിക്കുന്ന ബുദ്ധിയാണിത്. അർഹിക്കുന്നവർക്ക് 50 കോടിയുടെ സഹായം ചെയ്തതിന്റെ സംതൃപ്തി നിങ്ങൾക്കും ലഭിക്കും.

ഭൂരിപക്ഷ ഭൂരിസുഖത്തിനുവേണ്ടി പ്രവർത്തിക്കുന്ന നിങ്ങൾക്ക് അനിവാര്യമായും ഒരു ന്യൂനപക്ഷത്തിന്റെ ശത്രുവാകേണ്ടിവരും. നീതിക്കുവേണ്ടിയുള്ള പോരാട്ടം അനീതിയുടെ ഗുണഭോക്താക്കളോടു കാട്ടുന്ന 'അനീതി'യാണ്. പുലിക്കുന്നനെയും പുലിക്കുന്നന്റെ പിള്ളേരെയും മതമാഫിയാ പാരയായി കാണുന്നതതുകൊണ്ടാണ്. പാര പരമമായ പരോപകാരമാണെന്നു പറയുന്നതും അതുകൊണ്ടാണ്. വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുന്നവനെ വിശുദ്ധനെന്നും വിശപ്പിന്റെ കാരണമായ അനീതിക്കെതിരെ പോരാടുന്നവനെ പാരയെന്നും വിളിക്കുന്നതെന്തുകൊണ്ടാണെന്നു വ്യക്തമായല്ലോ. യേശു ഈ പാരയെ ആശീർവ്വദിക്കുന്നു. 'നീതിക്കുവേണ്ടി പോരാടുന്നവർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു.' അവർക്കേ ഭൂമിയിൽ സ്വർഗ്ഗരാജ്യം സൃഷ്ടിക്കാനാവൂ എന്ന് അവിടുത്തേക്കറിയാമായിരുന്നു; ഇതിനപ്പുറത്ത് വേറൊരു സ്വർഗ്ഗരാജ്യം ഇല്ലെന്നും.

കോളേജ്കുമാരനായിരുന്ന കാലത്ത് എന്റെ ഒരു ഹോസ്റ്റൽമേറ്റ് പറഞ്ഞതാണ്. അനന്തമായ രതിമൂർച്ഛ-അതാണു സ്വർഗ്ഗീയസുഖങ്ങളിലെ മാസ്റ്റർപീസ്. അനന്തമായ വിശപ്പും വിശിഷ്ടഭോജ്യങ്ങളുമാവും ശാപ്പാട്ടുരാമന്റെ സ്വർഗ്ഗം. ഗുണ്ടർട്ടിന് ഒരു ഭാഷ പഠിച്ചുതീരുമ്പോൾ പുതിയൊരു ഭാഷ റെഡിയായാൽ മതി. നരകത്തിലാകട്ടെ ഒന്നുകിൽ എണ്ണയിലിട്ടു പൊരിക്കുന്നു അല്ലെങ്കിൽ തീയിലിട്ടു ചുടുന്നു. സ്വർഗ്ഗക്കൊതിയോ നരകഭീതിയോ തരിമ്പുമില്ലാതെ നീതിക്കുവേണ്ടി പോരാടി മരിക്കുന്ന അവിശ്വാസിയാണ് എന്റെ നോട്ടത്തിൽ ഏറ്റവും ശ്രേഷ്ഠനായ പരോപകാരി. മരിക്കാനേ അവന് അവകാശമുള്ളൂ. കൊല്ലാനില്ല.

ഫോൺ: 9446561252

പ്രതികരണം



# അഭിപ്രായവ്യത്യാസങ്ങൾ അപഹാസ്യമാകരുത്

**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ**

'അല്മായശബ്ദം' ബ്ലോഗിൽ കുറേക്കാലംമുമ്പു വന്നിരുന്ന ലേഖനം 'അന്ധവിശ്വാസവിരുദ്ധവിശേഷാൽപ്പതിപ്പി'ൽ ചേർത്തത് (സത്യജ്വാല – നവംബർ – പേജ് 21) തീർത്തും അസ്ഥാനത്താണ്. ജോസഫ് പെരുമാലിയുടെ അഭിപ്രായത്തോടു യോജിക്കുകയും സാമുവൽ കൂടലിന്റെ പ്രതികരണത്തോട് വിയോജിക്കുകയും ചെയ്യുന്നു. വിശാലമായ ചിന്തയും പുരോഗമനാശയങ്ങളും നവീകരണവും കാലത്തിന്റെ ആവശ്യമാണെന്നു സമ്മതിക്കുന്നു. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന ഗുരുവചനം വ്യത്യസ്ത ആചാരാനുഷ്ഠാനങ്ങൾ ഒന്നിപ്പിക്കാനുള്ള ആഹ്വാനമല്ല. ആകാശത്തിന്റെ കീഴിലുള്ള സമസ്തമതാനുയായികളും മനുഷ്യബന്ധങ്ങൾ ഊട്ടിയുറപ്പിച്ച് ജീവിക്കണമെന്ന കേവലസന്ദേശമാണ് സമൂഹത്തിനു നൽകുന്നത്. മനുഷ്യബന്ധങ്ങൾ ഊഷ്മളമാകാൻ 'നാനാത്വത്തിൽ ഏകത്വം' കണ്ടെത്താനുള്ള മാനവികചിന്ത മനുഷ്യനുണ്ടായാൽമാത്രം മതിയാകും.

ദൈവവചനസത്യങ്ങൾ സാഗരതുല്യമായി വിശാലമായതും അഗാധവുമാണ്. ദൈവവചനങ്ങൾ ജീവനും ചൈതന്യവും നിറഞ്ഞതാകയാൽ ഇതിലെ ആശയങ്ങൾ എന്നും വളർന്നുകൊണ്ടിരിക്കുന്നതും പുതുമയുള്ളതുമായിരിക്കും. അതിനാൽ, വേദപുസ്തകം വായിക്കുന്നവർക്ക് ഒരേ സത്യത്തിന്റെ നവ്യമായ ആശയങ്ങൾ ലഭിക്കുക സ്വാഭാവികമാണ്. മതം എന്നതിന് അഭിപ്രായം എന്നതാണ് സാധാരണയായി ഉപയോഗിക്കുന്ന ലളിതമായ അർത്ഥം. ദൈവവുമായിട്ടുള്ള ശരിയായ പെരുമാറ്റമാണ് മതമെന്ന് ഗ്രീക്കുതാത്ത്വികനായിരുന്ന പ്ലേറ്റോ വിവക്ഷിക്കുന്നു. എന്നാൽ, സ്തോയിക്കരുടെ ചിന്താഗതിയിൽ മതമെന്നത് ദൈവത്തെ എപ്രകാരം ആരാധിക്കണം എന്നതിന്റെ ശരിയായ അറിവാണ്. മനുഷ്യന്റെ ആത്മീയവശം വളർത്തി അവനെ മരണത്തിന് സന്നദ്ധനാക്കുന്നതാണ് ഉന്നതമായ മതം എന്നതാണ് സ്വാമി വിവേകാനന്ദന്റെ അഭിപ്രായം.

ഏതു കാര്യത്തിനും ഒരുകാരണമുണ്ടായിരിക്കണം എന്നതാണ് 'കോസ്മോ ലോജിക്കൽ' വാദം പറയുന്നത്. അതനുസരിച്ച് കത്തോലിക്കാസമുദായത്തിൽ ജനിച്ചുവളർന്ന ഒരു കുടുംബത്തിലെ അംഗത്തിന്റെ വിവാഹം കത്തോലിക്കാസഭയുടെ വിശ്വാസം അനുസരിച്ചുതന്നെയാണ് പൂർണ്ണമായും നടക്കേണ്ടത്. ഹിന്ദുപൂജാരി വിശുദ്ധപീഠത്തിൽ പൂജാസാമഗ്രികൾ സമർപ്പിച്ച് ഹൈന്ദവരീതിയിൽ വിവാഹച്ചടങ്ങു നടത്തിയത് തികച്ചും വഴിപിഴച്ച സമ്പ്രദായമാണ്. ഓരോ മതവും സമുദായവും അനുശാസിക്കുന്ന രീതിയിൽ 'കർമ്മാദി'കൾ അവരവരുടെ വിശ്വാസമനുസരിച്ച് നടത്തുന്നതാണ് അഭികാമ്യം. എല്ലാ സഭകളിലും സാന്മാർഗ്ഗികചിന്തയില്ലാത്ത കുടുംബങ്ങളെ കാണാൻ കഴിയും. സാന്മാർഗ്ഗികചിന്തയില്ലാത്ത രണ്ടു കുടുംബങ്ങളിലെ വ്യക്തികൾ തമ്മിലുള്ള വിവാഹത്തിലാണ് അമേരിക്കയിൽ ശ്രീ ജോസഫ് പെരുമാലി പങ്കെടുത്തത്.

മതചിന്തകളിലെ പ്രായോഗികവശത്തുള്ള അപാകതകളെയും സഭാവക്താക്കളിലുള്ള വൈകല്യങ്ങളെയും ചൂണ്ടിക്കാണിക്കുന്നതിലാണ് 'സത്യജ്വാല' ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. വിജ്ഞാനം പങ്കിട്ടുപ്രാപിക്കേണ്ടതാണ്; ആരുടെയും കുത്തകയല്ല. കേട്ടതും വായിച്ചതും ഒപ്പം അന്വേഷിച്ചതും കൂട്ടിച്ചേർത്തു 'സത്യജ്വാല'യിൽ വായിക്കുമ്പോൾ, വായനക്കാർ പ്രോട്ടസ്റ്റന്റ് ചിന്താ ▸▸

## സത്യജ്വാല സാമ്പത്തികസ്ഥിതി

**2017** നവംബർ ലക്കം അച്ചടിച്ചുകഴിയുമ്പോൾ 8000 –ത്തോളം രൂപാ കടമുണ്ടാകുമെന്നായിരുന്നുവല്ലോ കണക്കാക്കിയിരുന്നത്. എന്നാൽ, നവംബർ ലക്കത്തിന് 23000 രൂപാ മാത്രമേ ചെലവാകുകയുണ്ടായുള്ളു എന്നതിനാൽ, കുറവു (കടം) വന്നത് 4300 രൂപാ മാത്രമായിരുന്നു.

അതിനുശേഷം 16140 രൂപാ വരിസംഖ്യയും 4900 രൂപാ സംഭാവനയുമാണ് ഡിസംബർ പകുതിവരെ ലഭിച്ചിട്ടുള്ളത്. അപ്പോൾ ഈ കാലയളവിലെ ആകെ വരവ് 21040 രൂപാ. കടം വീട്ടിയുള്ള ഇപ്പോഴത്തെ നീക്കിയിരുപ്പ് 16740 രൂപയും.

ഡിസംബർ ലക്കം അയച്ചുകഴിയുമ്പോൾ 'സത്യജ്വാല'ക്ക് 7000–ത്തോളം രൂപാ കടമുണ്ടായേക്കാം എന്ന് എല്ലാവരെയും അറിയിക്കുന്നു.

**–സർക്കുലേഷൻ മാനേജർ & എഡിറ്റർ**

### സംഭാവന

**2017 നവംബർ – ഡിസംബർ**

| | |
|---|---|
| 2017 ഏപ്രിൽ മുതൽ നവംബർ പകുതിവരെ ലഭിച്ച ആകെ സംഭാവന | 37950 |
| ഒരു അഭ്യൂദയകാംക്ഷി | 500 |
| ജേക്കബ് ജോസഫ് വെള്ളാപ്പള്ളിൽ | 1400 |
| ഡോ. ജോസ് ബോബൻ | 3000 |
| ഈ കാലയളവിലെ ആകെ സംഭാവന | 4900 |
| ഈ സാമ്പത്തികവർഷത്തെ ആകെ സംഭാവന | 42850 |

ഗതിയിലേക്ക് കൂടുവിട്ടുകൂടുമാറുവാൻ 'സത്യജ്വാല'യിലെ ഉള്ളടക്കങ്ങൾ പ്രേരണയാകരുത്. എന്നാൽ, അന്വേഷിക്കുന്നവർക്കു ഗ്രഹിക്കുവാനിടയാകുംവിധം 'സത്യം' വെളിപ്പെടുത്തുകയും വേണം.

ഫോൺ: 0484 – 2740515

– നിലവിലുള്ള ക്രൈസ്തവവിശ്വാസാചാരങ്ങളിൽ ജനിച്ചുവളർന്ന ഒട്ടുമിക്കവർക്കും ശ്രീ. ജോസഫ് പെരുമാലിയെയും ഫാ. ഡാർലിയെയുംപോലെതന്നെ, ഹൈന്ദവരീതിയിലുള്ള വിവാഹച്ചടങ്ങ് ഒരു പള്ളിയുടെ മദ്ബഹായ്ക്കുമുന്നിൽ വച്ചു നടത്തുന്നതിനോട്, യോജിപ്പുണ്ടാവില്ല എന്നതൊരു വസ്തുതയാണ്. ഇന്നത്തെ അവസ്ഥയിൽ, സർവ്വമതസമഭാവന പുലർത്തുന്നവരുടെപോലും നെറ്റി ചുളിക്കാൻപോന്ന ഒരു കാര്യമാണിത് എന്നും സമ്മതിക്കുന്നു.

നാനാത്വത്തിൽ ഏകത്വം ദർശിക്കാൻമാത്രം മനോവികാസം നേടിയവരും സർവ്വമതസമഭാവന പുലർത്തുന്നവരുംപോലും അതെല്ലാം താത്വികമായ, അഥവാ ബൗദ്ധികമായ, ഒരു തലത്തിൽമാത്രമേ അംഗീകരിച്ചിട്ടുള്ളൂവെന്നല്ലേ, ഇത്തരം നെറ്റിചുളിക്കലുകൾ തെളിയിക്കുന്നത്? അത്തരമൊരു ആത്മപരിശോധനയ്ക്ക് വായനക്കാരെ പ്രേരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നു, അമേരിക്കൻ പള്ളിയിൽ നടന്ന ക്രൈസ്തവ-ഹൈന്ദവ വിവാഹച്ചടങ്ങിനെക്കുറിച്ചുള്ള ലേഖനം പ്രതികരണങ്ങൾസഹിതം കൊടുത്തത്. സർവ്വമതസമഭാവനയെ ബൗദ്ധികതലത്തിൽനിന്ന് ഹൃദയതലത്തിലേക്കു കൊണ്ടുവരേണ്ടതാവശ്യമല്ലേ? അങ്ങനെ സംഭവിക്കാത്തിടത്തോളംകാലം, ഒരുവൻ താത്വികമായി അംഗീകരിക്കുന്ന സർവ്വമതസമഭാവനയെ പ്രായോഗികതലത്തിൽ സ്വയം എതിർക്കുന്നു എന്നല്ലേ അർത്ഥം? സ്വതന്ത്രചിന്തകരെന്നും നവീകരണചിന്തകരെന്നും സ്വയം കരുതുന്നവരിൽപ്പോലും അതിസൂക്ഷ്മമായി നിലനിൽക്കുന്ന ഈ ഇരട്ടമുഖത്തിലെ കാപട്യം തിരിച്ചറിയേണ്ടതില്ലേ? 'ദൈവത്തെ ആരാധിക്കേണ്ടത് സത്യത്തിലും അരൂപിയിലുമാണ്' എന്ന യേശുവിന്റെ പ്രബോധനം വേണ്ടതുപോലെ ഉൾക്കൊണ്ടിരുന്നെങ്കിൽ, പള്ളിക്കും മദ്ബഹായ്ക്കുമൊക്കെ ദിവ്യത്വം കല്പിക്കുന്നതിലെ അന്ധതയും നാം തിരിച്ചറിയുമായിരുന്നു.

ഓരോ ക്രൈസ്തവസഭയും ഓരോ വ്യത്യസ്ത മതമായാണ് ഇന്നു പ്രവർത്തിക്കുന്നത്. എന്നാൽ, ചില പള്ളികൾ മറ്റു സഭകളുടെ ആരാധനകൾക്കു വിട്ടുകൊടുക്കാറുണ്ട്. പല സഭകൾക്കായി പൊതുവായ ഒരുപള്ളി എന്ന സങ്കല്പമാണല്ലോ നിലയ്ക്കലിൽ പ്രായോഗികമാക്കിയിട്ടുള്ളത്. അതൊക്കെ നല്ല കാര്യങ്ങളാണെന്നും നന്മയാണെന്നും നാമെല്ലാം അംഗീകരിക്കുന്നു. അതു നന്മയെങ്കിൽ, ആ നന്മയെ വികസിപ്പിക്കുന്നതിൽ, അതിനു കൂടുതൽ വ്യാപകത്വം നൽകുന്നതിൽ, എന്താണു തെറ്റ്? മറ്റു മതവിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്താൻ പാകത്തിൽ ഓരോ മതസ്ഥരുടെയും മനസ്സ് വിശാലമാക്കുന്നത് കൂടുതൽ നല്ലതല്ലേ? ഡി. പങ്കജാക്ഷക്കുറപ്പിന്റെ ഉദ്ധരണിയിൽ ചോദിക്കുന്നതുപോലെ, 'ലോകത്തുള്ള സർവ്വപ്രാർത്ഥനാലയങ്ങളും സർവർക്കും ഉള്ളതാ'കുന്നതു നല്ലതല്ലേ? സർവ്വേശ്വരാ, എന്ന സംബോധന അപ്പോഴല്ലേ അന്വർത്ഥമാകൂ?

പോർട്ടുഗീസുകാർ കേരളത്തിൽ വരുന്നതിനുമുമ്പ്, ഇവിടുത്തെ ക്രൈസ്തവരും ഹിന്ദുക്കളുംതമ്മിൽ എന്തെല്ലാം കൊടുക്കൽ-വാങ്ങലുകളാണുണ്ടായിരുന്നത്! നമ്മുടെ പള്ളികൾ അന്ന് അമ്പലത്തിന്റെ മാതൃകയിൽ ആയിരുന്നുതാനും. അടിച്ചേല്പിക്കപ്പെട്ട പാശ്ചാത്യക്രിസ്തുമതത്തിന്റെ പ്രതാപശക്തിയാലാണല്ലോ അതെല്ലാം ഇല്ലാതായത്. സാമുവൽ കൂടൽ പറഞ്ഞതുപോലെ 'കർത്താവറിയാത്ത 'സെറ്റപ്പി'ന്റെ ഭാഗമാണീ മദ്ബഹയും അൾത്താരയും വിരിയുമൊക്കെ' എന്നു മനസ്സിലാക്കാൻ നമുക്കായാൽ ആ 'സെറ്റപ്പി'ലൊന്നും യേശുവോ ദൈവമോ ഇല്ലെന്നും നമുക്കു ബോധ്യമാകും. അപ്പോൾപ്പിന്നെ, ചെറുപ്പംമുതലുള്ള ആ കൃത്രിമ വിശ്വാസാചാരരൂപീകരണം മനസ്സിലുണ്ടാക്കിയിട്ടുള്ള വിഭജനഭിത്തികൾക്ക് ദൈവികപരിവേഷം നൽകി നാം സ്ഥിരപ്രതിഷ്ഠ നടത്തേണ്ടതുണ്ടോ?

ഉദയംപേരൂർ സൂനഹദോസിലൂടെ, നസ്രാണിക്രൈസ്തവരെ അനധികൃതമായി റോമൻ കത്തോലിക്കരാക്കുംവരെ, ഇന്നു 'ഹൈന്ദവം' എന്നു വിശേഷിക്കപ്പെടുന്ന സാമൂഹികാചാരങ്ങളെല്ലാം നമ്മുടേതുകൂടിയായിരുന്നു. ക്ഷേത്രകലകളെല്ലാം ക്രൈസ്തവരും അഭ്യസിച്ചിരുന്നു. വിദ്യാഭ്യാസവും വേദപാഠപഠനംപോലും ഹിന്ദുക്കളായ ആശാന്മാരുടെ കീഴിലായിരുന്നു. കേരളീയപേരുകളായിരുന്നു, ക്രൈസ്തവർക്കും ഉണ്ടായിരുന്നത്. ആഘോഷാവസരങ്ങളിൽ മുത്തുക്കുടകൾ, ആനകൾ മുതലായവ ക്ഷേത്രങ്ങളും പള്ളികളും പരസ്പരം കൈമാറിയിരുന്നു.... ചുരുക്കത്തിൽ, 'സർവ്വമതസാരവുമേകം' എന്ന ഭാരതത്തിന്റെ വിശാലമായ ആദ്ധ്യാത്മികകാഴ്ചപ്പാടിൽനിന്നുകൊണ്ട് യേശുദർശനത്തെ ഉൾക്കൊണ്ടവരായിരുന്നു, നസ്രാണികളായി നാം. ഇന്നു നമുക്കു ചിന്തിക്കാൻ കഴിയാത്തമാതിരി, സാംസ്കാരികമായി ഒറ്റസമൂഹമായിരുന്നു കേരളത്തിലെ ഹിന്ദുക്കളും ക്രൈസ്തവരും.

പറഞ്ഞുവരുന്നത്, ഇന്ത്യൻ ക്രൈസ്തവർ ഇത്രമേൽ പാശ്ചാത്യവൽക്കരിക്കപ്പെട്ടിരുന്നില്ലെങ്കിൽ, ഒരു ക്രൈസ്തവ-ഹൈന്ദവവിവാഹത്തിന്, ഇരുവരുടെയും മതാചാരപ്രകാരമുള്ള ചടങ്ങുകൾക്കുവേണ്ടി ഒരു ക്രൈസ്തവദേവാലയം വേദിയാക്കിയതിൽ ഇത്ര വലിയ അനൗചിത്യം നമുക്കനുഭവപ്പെടാൻ സാധ്യതയില്ലായിരുന്നു എന്നാണ്. ഫാ. ഡാർലി ആരോപിച്ചിരിക്കുന്നതുപോലെ, അവിടെ വ്യത്യസ്ത ആചാരാനുഷ്ഠാനങ്ങളെ ഒന്നിപ്പിക്കുകയുണ്ടായില്ല. വ്യത്യസ്ത ആചാരരീതികൾ ഒരു വേദിയിൽനടത്തുകമാത്രമാണു ചെയ്തത്. ഏകമായ ഒരു വേദിയിൽ നാനാത്വമാർന്ന അനുഷ്ഠാനങ്ങൾ നടത്തുകയെന്നാൽ, അത് 'നാനാത്വത്തിൽ ഏകത്വം' എന്ന തത്ത്വത്തിന്റെ വിശിഷ്ടമായ ആവിഷ്ക്കാരമല്ലേ എന്ന്, വളർത്തലിലും പരിശീലന-രൂപീകരണങ്ങളിലും വന്നുഭവിച്ചിട്ടുള്ള മനസിടുക്കങ്ങൾക്കു മുകളിൽനിന്നു നോക്കേണ്ടതുണ്ട് എന്നാണ് എന്റെ അഭിപ്രായം. മതവർഗ്ഗീയതയും സമുദായഭിന്നതകളും കൂടിവരുന്ന കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തെ തണുപ്പിക്കാൻ ഇത്തരം 'ഉൾക്കൊള്ളലുകൾ' സഹായകമാകുമെന്നും എനിക്ക് അഭിപ്രായമുണ്ട്.

**– എഡിറ്റർ**



# ബൈബിൾ ഉദ്ധരിക്കുന്ന രക്തശുദ്ധിവാദക്കാർ ദയവായി ശ്രദ്ധിക്കുക

**ജയിംസ് ഐസക്, കുടമാളൂർ**

**ബാ**ബിലോൺ പ്രവാസത്തിനുശേഷം മടങ്ങിയെത്തിയ യഹൂദർ എസ്രാ, നെഹേമിയാ എന്നീ പ്രവാചകന്മാരുടെ നേതൃത്വത്തിലാണ് ദേവാലയനവീകരണവും സമുദായശുദ്ധീകരണവും നടത്തിയത്. യഹൂദരായ പലരും വിജാതീയ സ്ത്രീകളെ ഭാര്യമാരാക്കി വച്ചിരുന്നതു പ്രവാചകരെ ദുഃഖിപ്പിച്ചു. വിജാതീയരായ സ്ത്രീകളെ ഉപേക്ഷിക്കുവാൻ അവർ ജനത്തെ ഉപദേശിച്ചു.

ക്നാനായ സമുദായത്തിൽ അടുത്തകാലത്തു വളർന്നുവരുന്ന രക്തശുദ്ധിവാദം ശ്രദ്ധേയമാണ്. സ്വന്തം ഇഷ്ടപ്രകാരം തിരഞ്ഞെടുത്ത ജീവിതപങ്കാളികൾ കത്തോലിക്കാസഭയിൽ അംഗങ്ങളാണെങ്കിലും ക്നാനായരല്ലാത്തതിന്റെപേരിൽ സ്വന്തം ഇടവകയിൽനിന്നു ബഹിഷ്കൃതരാകേണ്ടിവരുന്നു. തന്മൂലം, സ്വന്തം സമുദായത്തോടുതന്നെ വിദ്വേഷവും വെറുപ്പും മനസ്സിൽ പേറുന്നവരുടെ എണ്ണം കൂടുന്നു.

മറ്റു രൂപതാദ്ധ്യക്ഷന്മാർ കോട്ടയംരൂപത ഇനിയും മേലോട്ടു വളരേണ്ടതില്ല എന്നു തീരുമാനിച്ചുകഴിഞ്ഞു. മാമ്മോദീസാ സ്വീകരിച്ച എല്ലാവരും ക്രിസ്തുവിൽ ഒന്നായിരിക്കും എന്ന അപ്പോസ്തലികവചനം കോട്ടയംരൂപതയിൽ അവഗണിക്കപ്പെട്ടിരിക്കുന്നു. ഈ രൂപതയുടെ ഭാവി അപകടത്തിൽത്തന്നെ. സ്വന്തം രൂപതാദ്ധ്യക്ഷനിൽപോലും ജനം വിശ്വസിക്കുന്നില്ല.

കോട്ടയംരൂപത യഹൂദമതത്തിലോ ക്രൈസ്തവമതത്തിലോ? ഇന്നും യഹൂദമതത്തിൽ തുടരുന്നുവെങ്കിൽ രക്തശുദ്ധിവാദം തുടരാം. യഹൂദരുടെ നിയമം അതാണ്. എന്നാൽ ക്രിസ്തുവിന്റെ കാഴ്ചപ്പാട് തികച്ചും വ്യത്യസ്തമാണ്.

അബ്രഹാമിനെ ദൈവം തിരഞ്ഞെടുക്കുകയും ശാശ്വതമായ ഒരു ഉടമ്പടി ചെയ്യുകയുംചെയ്തു. ഈ ഉടമ്പടിയുടെ ബാഹ്യഅടയാളമാണ് പരിച്ഛേദനം. യഹൂദരും മുസ്ലീങ്ങളും ഇന്നും പരിച്ഛേദനം ആചരിക്കുന്നു. യഹൂദരക്തം പേറുന്നു എന്നവകാശപ്പെടുന്ന ക്നാനായക്കാർ എന്തുകൊണ്ടു പരിച്ഛേദനം ഉപേക്ഷിച്ചു? പരിച്ഛേദനം ഉപേക്ഷിച്ചവർ ക്രൈസ്തവനീതിയാണു പാലിക്കേണ്ടത്. ഗ്രീക്കുകാരും, യഹൂദരും, റോമാക്കാരും ക്രിസ്തുവിൽ ഒന്നുതന്നെ. മാമ്മോദീസാ സ്വീകരിച്ച ഏതൊരു വ്യക്തിയെയും ജീവിതപങ്കാളിയാക്കാൻ ക്നാനായർ മടിക്കേണ്ടതില്ല.

**പെൺബുദ്ധി ബൈബിളിൽ**

പാരമ്പര്യവും തനിമയും സ്ഥാപിക്കാൻ ബൈബിൾ ഉദ്ധരിക്കുന്നവർ അപകടം വരുത്തിവയ്ക്കുന്ന ചില ബൈബിൾ കഥകൾ അവഗണിക്കരുത്.

സോദോം ഗൊമോറയിൽനിന്നു രക്ഷപ്പെട്ട ലോത്തും പെൺമക്കളും ഒരു ഗുഹയിൽ കഴിയവേ പെൺമക്കൾക്ക് ഒരു ബുദ്ധിതോന്നി. വംശം നിലനിർത്താൻ ആ പ്രദേശത്ത് ഒരു പുരുഷനും ഇല്ല. അഥവാ, സ്വന്തം ജാതിയിൽപ്പെട്ട ആരും ഇല്ലാതിരുന്നിരിക്കണം. എന്തായാലും രണ്ടു പെൺമക്കളും തിരഞ്ഞെടുത്ത മാർഗ്ഗം പരസ്യമായി പറയാൻ കൊള്ളില്ല. മൊവാബ്യർ, അമ്മോന്യർ എന്നീ വംശങ്ങളുടെ ഉത്ഭവം ആണ് ബൈബിൾ വെളിവാക്കുന്നത്. മനുഷ്യചരിത്രത്തിൽ ചില സന്ദർഭങ്ങളിൽ സംഭവിക്കുന്ന പാളിച്ചകളെ മഹത്തായ പാരമ്പര്യമെന്നു വിളിക്കുന്നത് അബദ്ധമെന്നു പറയാം. ക്നാനായ സമൂഹത്തിലെ ചില തീവ്രവാദികൾ ഇന്നു ചെയ്യുന്നത് ഇതല്ലേ? കച്ചവാഴ്ത്തൽ, അന്തം ചാർത്ത്, മൈലാഞ്ചി ഇടൽ, നടവിളി എന്നിങ്ങനെയുള്ള ആചാരങ്ങൾപോലും ബൈബിൾ വാക്യംകൊണ്ടു വിശദീകരിക്കുന്നു.

അബ്രഹാമിനു ദൈവം മക്കളെ വാഗ്ദാനം ചെയ്തു. എങ്കിലും കാലതാമസം ഉണ്ടായപ്പോൾ ഭാര്യ സാറാ സ്വന്തം ദാസി ഹാഗാറിനെ ഭർത്താവിനൊപ്പം ശയിക്കാൻ നിർബന്ധിച്ചു. എന്നാൽ ഹാഗാർ ഒരു പുത്രനെ പ്രസവിച്ചുകഴിഞ്ഞപ്പോൾ വിധംമാറി. അബ്രഹാം ദയാലുആയിരുന്നതിനാൽ ഹാഗാറും മകനും രക്ഷപ്പെട്ടു. ദൈവം ഇസ്മായേലിനെയും അനുഗ്രഹിച്ചു. ബൈബിൾ പറയുന്നു എന്ന കാരണത്താൽ ഈ നടപടികൾ പാരമ്പര്യമാക്കുമോ തീവ്രവാദികൾ?

നവോമി എന്ന വിധവ തന്റെ മകന്റെ ഭാര്യ വിജാതീയസ്ത്രീ ആയിരുന്നിട്ടും സ്വന്തനാട്ടിൽ കൂട്ടിക്കൊണ്ടുവന്നു. ചാർച്ചക്കാരനായ ബോവാസ് എന്ന ധനികന്റെ മെതിക്കളത്തിൽ യജമാനന്റെ കാൽക്കൽത്തന്നെ കിടന്നുറങ്ങുവാൻ നിർദ്ദേശിച്ചു. റൂത്ത് എന്ന വിജാതീയ സ്ത്രീ ബോവാസ് എന്ന ബത്‌ലേഹംകാരൻ യഹൂദന്റെ ഭാര്യയായി. നമ്മുടെ കർത്താവിന്റെ വംശാവലിയിൽ റൂത്ത് എണ്ണപ്പെട്ടു. ക്നാനായക്കാർക്കു വേണമെങ്കിൽ പ്രതിഷേധിക്കാം. ശുദ്ധരക്തവാദം പഴയനിയമകാലത്തുതന്നെ കാലഹരണപ്പെട്ടതാണ്.

ദാവീദും സോളമനും രക്തശുദ്ധി പാലിക്കാൻ ശ്രദ്ധിച്ചവരല്ല. വിജാതീയരായ ജീവിതപങ്കാളികളെ സ്വീകരിക്കുന്ന രീതി ആദിമസഭയിലും ഉണ്ടായിരുന്നു. അവരെയും ക്രിസ്തുവിലേക്കു കൊണ്ടുവരണമെന്നാണ് അപ്പോസ്തലന്മാർ ഉപദേശിച്ചിരുന്നത്. വിശാലമായ ക്രൈസ്തവമനോഭാവമാണ് ഇവിടെ വളരേണ്ടത്.

# 'KCRM നോർത്ത് അമേരിക്ക'-യുടെ രണ്ടാമത് ടെലി-കോൺഫറൻസ്

**2017** സെപ്റ്റംബർ 30 ശനിയാഴ്ച ഷിക്കാഗോയിൽ ചേർന്ന ആദ്യ സഭാനവീകരണ കൂട്ടായ്മയിൽവെച്ച് മാസവും രണ്ടാം ബുധനാഴ്ചകൾതോറും വൈകിട്ട് ഒമ്പതു മണിക്ക് (Eastern Standard Time) ടെലി-കോൺഫറൻസ് ചേർന്ന് സഭാസംബന്ധിയായ വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടത്തണമെന്ന് തീരുമാനിച്ചിരുന്നു. അതിൻപ്രകാരം, 'KCRM North America'-യുടെ രണ്ടാം ടെലി-കോൺഫറൻസ് 2017 നവംബർ 8, ബുധനാഴ്ച നടത്തുകയുണ്ടായി. ശ്രീ എ സി ജോർജ് മോഡറേറ്റ് ചെയ്ത ടെലി-കോൺഫറൻസിൽ അമേരിക്കയിലെ വിവിധ ഭാഗങ്ങളിൽ നിന്നുമായി അനേകർ സജീവമായി പങ്കെടുത്തു.

ഇപ്രാവശ്യത്തെ മുഖ്യവിഷയം KCRM പ്രസിദ്ധീകരണമായ 'സത്യജ്വാല'മാസികയെ സാമ്പത്തികമായും മറ്റു വിധത്തിലും അമേരിക്കൻ മലയാളികൾക്ക് എപ്രകാരം സഹായിക്കാൻ കഴിയും എന്നതായിരുന്നു.

'KCRM North America'-യുടെ ജനറൽ കോർഡിനേറ്ററായ ഈ ലേഖകൻ ഹ്രസ്വമായി വിഷയാവതരണം നടത്തി. സഭാധികാരത്തിന് പ്രസിദ്ധീകരണങ്ങൾ നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടുകളൊന്നുമില്ല. അവർക്ക് ധാരാളം പണമുണ്ട്. സഹായത്തിന് വൈദികരും കന്യാസ്ത്രീകളുമുണ്ട്. എന്നാൽ, 'സത്യജ്വാല' നടത്തിക്കൊണ്ടുപോകുന്നത് വളരെ ബുദ്ധിമുട്ടിയാണ്. പരിമിതമായ വരിസംഖ്യകൊണ്ടും, ഉദാരമനസ്കരുടെ സംഭാവനകൊണ്ടും, പിന്നെ ഏതാനും പേരുടെ സ്വയംസന്നദ്ധപ്രവർത്തനംകൊണ്ടുമാണ് അതു നടന്നുപോകുന്നത്. പ്രതിമാസം 25000-ത്തിനും 30,000-ത്തിനുമിടയ്ക്കു രൂപ ഇതിനു ചെലവുവരുന്നുണ്ട്.

അമേരിക്കയിലെ സീറോ-മലബാർ സഭയിൽ നടന്നുകൊണ്ടിരിക്കുന്ന പല സംഭവങ്ങളും സത്യജ്വാല വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുന്നുണ്ട്. സാൻ ഫ്രാൻസിസ്കോ പള്ളിയിൽ ചില പള്ളിക്കാർക്കെതിരായി സഭാധികാരികൾ കൊടുത്ത കള്ളക്കേസും അതിലുൾപ്പെട്ട സഭാപൗരന്മാരുടെ പ്രാർത്ഥനായജ്ഞ സമരവും, അമേരിക്കയിലെ ക്നാനായ പള്ളികളിൽ ശുദ്ധരക്തവാദത്തിന്റെപേരിൽ നടത്തിക്കൊണ്ടിരിക്കുന്ന വിവേചനവുമൊക്കെ 'സത്യജ്വാല' ചർച്ചാവിഷയങ്ങളാക്കുന്നുണ്ട്. സഭാവിശ്വാസികളിൽ സ്വതന്ത്രചിന്തയെ പരിപോഷിപ്പിക്കുന്ന, സഭാവിഷയങ്ങളെ താത്വികതലത്തിലും പ്രയോഗതലത്തിലും വിശകലനം ചെയ്യുന്ന KCRM-ന്റെ മുഖപത്രമായ സത്യജ്വാലയെ നിലനിർത്തിക്കൊണ്ടുപോകേണ്ടത് സഭാസ്നേഹികളായ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. -ഇതായിരുന്നു, വിഷയാവതരണത്തിന്റെ രത്നച്ചുരുക്കം. 'സത്യജ്വാല' സ്ഥിരമായി വായിച്ച് സഭാസംബന്ധിയായ വിഷയങ്ങളെപ്പറ്റി പഠിക്കാനും, കൂടുതൽ വരിക്കാരെ കണ്ടുപിടിച്ച് 'സത്യജ്വാല' പ്രചരിപ്പിക്കാനും, സുമനസ്ക്കരെ കണ്ടെത്തി സംഭാവനകൾ സ്വീകരിക്കാനും അഭ്യർത്ഥിക്കുകയും ചെയ്തു. കൂടാതെ, കാലികസഭാവിഷയങ്ങളെ സംബന്ധിച്ച നല്ല ലേഖനങ്ങളെഴുതി സത്യജ്വാല എഡിറ്റർക്ക് അയച്ചു കൊടുക്കാൻ അമേരിക്കൻ എഴുത്തുകാരുടെ മുമ്പിൽ ഒരു നിർദ്ദേശം വയ്ക്കുകയും ചെയ്തു.

തുടർന്ന് സജീവമായ ഒരു ചർച്ചയാണു നടന്നത്. 'സത്യജ്വാല'യെപ്പറ്റി പലരും നല്ല അഭിപ്രായങ്ങൾ പറഞ്ഞു. അത് അമേരിക്കയിൽ കൂടുതൽ പ്രചരിപ്പിക്കണമെന്നും, പ്രതിമാസം വരിസംഖ്യയായും സംഭാവനയായും ഒരു 300 ഡോളറെങ്കിലും സമാഹരിച്ചുനൽകാൻ പരിശ്രമിക്കണമെന്നുമായിരുന്നു പൊതുതീരുമാനം.

യോഗസമയത്തുതന്നെ പലരും സംഭാവന നൽകാൻ സന്നദ്ധതപ്രകടിപ്പിച്ചത് ഹൃദ്യമായ അനുഭവമായിരുന്നു.

റിപ്പോർട്ട് തയ്യാറാക്കിയത്
**ചാക്കോ കളരിക്കൽ**
(ജനറൽ കോ-ഓർഡിനേറ്റർ)

---

അന്യജാതിയിൽപ്പെട്ടവരെ വിവാഹം ചെയ്താൽ സ്വന്തം സമുദായത്തിൽനിന്നു വേർപെടണമന്ന നിയമം ലോകത്ത് ഒരു രൂപതയിൽ മാത്രം. അതിൽത്തന്നെ നല്ല പങ്ക് യുവതലമുറ പ്രതിഷേധം രേഖപ്പെടുത്തിയിരിക്കുന്നു. തുടർന്നുള്ള ഭവിഷ്യത്തുകൾ ആശാവഹമല്ല. ഗലാത്തിയർക്കുള്ള പൗലോസിന്റെ ലേഖനം ഇവിടെ പ്രസക്തമാണ്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു പരിച്ഛേദനമോ അപരിച്ഛേദനമോ കാര്യമില്ല. സ്നേഹത്തിലൂടെ പ്രവർത്തനനിരതമായ വിശ്വാസമാണ് സുപ്രധാനം (ഗലാ. 5, 6).


ഇവിടെ പരിച്ഛേദനം എന്ന വാക്കിനുപകരം രക്തശുദ്ധി എന്നോ എൻഡോഗമി എന്നോ ചിന്തിച്ചാൽ കാര്യം വ്യക്തമാകും. എല്ലാവരെയും ക്രിസ്തുവിൽ ഒന്നായി കാണുന്ന നല്ല ക്രൈസ്തവന് ഇതൊന്നും പ്രശ്നമല്ല. കോട്ടയം രൂപതയിൽ ഇപ്രകാരം ഒരു വലിയ മാനസാന്തരം ഉണ്ടാകുവാൻ പ്രാർത്ഥിക്കുന്നു.

ഫോൺ: 9847126316

# വിവാഹപൂർവ്വ സെമിനാറുകൾ പിഴയ്ക്കുന്നതെവിടെ?



**ഡോ. റോബിൻ മാത്യു**
**(ബിഹേവിയറൽ സൈക്കോളജിസ്റ്റ്)**




**ക്രി**സ്ത്യൻസമൂഹങ്ങളിൽ ഏതാനും പതിറ്റാണ്ടുകളായി വിവാഹപൂർവ്വ സെമിനാറിൽ പങ്കെടുക്കുകയെന്നത് വിവാഹിത രാകുന്നതിന് നിർബന്ധമായ ഒന്നാണ്. ഇപ്പോൾ SNDP, NSS തുടങ്ങിയ സമുദായങ്ങളും ഇത്തരത്തിലുള്ള കോഴ്സുകൾ വിവാഹത്തിനുമുൻപ് നിഷ്ക്കർഷിക്കുന്നുണ്ട്. സ്ത്രീ-പുരുഷ സൗഹൃദങ്ങൾക്ക് ഒരുപാട് അതിർവരമ്പുകൾ കൽപ്പിക്കുന്ന, കപടസദാചാരത്തിന്റെ ദുർഭൂതംപേറുന്ന, സ്ത്രീവിരുദ്ധ കാഴ്ച്ചപ്പാടുകളെ അങ്ങേയറ്റം താലോലിക്കുന്ന കേരളീയ സമൂഹത്തിൽ സ്ത്രീയുടെ സ്വത്വബോധത്തെയും, ശാരീരിക-മാനസിക-വ്യത്യാസങ്ങളെയും സംബന്ധിച്ച ഒരുപാട് തെറ്റിദ്ധാരണകൾ ഉണ്ട്. ഇവ മാറ്റുവാൻ ഈ സെമിനാറുകൾക്ക് സാധിക്കേണ്ടതാണ്.

ക്രിസ്ത്യൻ വിവാഹപൂർവ്വ സെമിനാറുകളിലെ പ്രതിപാദ്യങ്ങളിൽ സ്ത്രീ-പുരുഷ ലൈംഗികവിദ്യാഭ്യാസം, മനശ്ശാസ്ത്രപ്പൊരുത്തങ്ങൾ എന്നിവയൊക്കെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിൽ പ്രധാനമായുള്ളത്, സഭയുടെ ചട്ടക്കൂടിൽ നിന്നുകൊണ്ട് ദാമ്പത്യജീവിതം നയിക്കേണ്ട വഴികളെക്കുറിച്ചും കുട്ടികളെ വിശ്വാസത്തിൽ വളർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമുള്ള ക്ലാസ്സുകളും, കൂടാതെ ഗർഭഛിദ്രത്തെ ഏറ്റവും ഭീകരമായി അവതരിപ്പിക്കുന്ന ക്ലാസ്സുകളുമായിരിക്കും. ദാമ്പത്യവിഷയങ്ങൾ കൈകാര്യംചെയ്യുന്നതാവട്ടെ, ദാമ്പത്യജീവിതവുമായി യാതൊരു ബന്ധവുമില്ലാത്ത വൈദികരും കന്യാസ്ത്രീകളും ആയിരിക്കുംതാനും.

ജീവിതത്തിലെ പൊരുത്തപ്പെടലുകളെക്കുറിച്ചും അടിസ്ഥാനമൂല്യങ്ങളെക്കുറിച്ചും മാനവികതയെക്കുറിച്ചും ലൈംഗികതയെക്കുറിച്ചും ലൈംഗികമനശ്ശാസ്ത്രത്തെക്കുറിച്ചുമൊന്നും കാര്യമായ അവബോധം ഈ സെമിനാറുകൾ നൽകുന്നില്ല. ഇന്നത്തെ മാറിയ ചുറ്റുപാടുകൾ, സാമൂഹിക അവബോധങ്ങളിലും കാഴ്ച്ചപ്പാടുകളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ, സ്ത്രീകൾക്ക് വിദ്യാഭ്യാസപരവും സാമ്പത്തികവുമായി ഉണ്ടായിട്ടുള്ള സ്വാതന്ത്ര്യം എന്നിവയൊന്നും കണിക്കിലെടുക്കാതെ, പണ്ടു വിഭാവനംചെയ്ത അതേ പാഠ്യപദ്ധതി ഇന്നും അനുവർത്തിക്കുന്നതും ഒരു പരിധിവരെ ഈ സെമിനാറുകൾ പരാജയപ്പെടാൻ കാരണമാകുന്നു.

**വിവാഹമോചനസാഹചര്യം**

സ്ത്രീ സാമ്പത്തികമായി സ്വാതന്ത്ര്യം പ്രാപിച്ചതോടുകൂടി അവർ അസ്വസ്ഥമായ ബന്ധങ്ങളിൽനിന്നു വിടുതൽ പ്രാപിക്കുവാൻ ആരംഭിച്ചു. തന്മൂലം, വിവാഹമോചനങ്ങളുടെ എണ്ണം കൂടി. പുരുഷനുമാത്രം പ്രാപ്യമായിരുന്ന പല കർമ്മമേഖലകളിലേക്കും സ്ത്രീകളും കടന്നുവന്നു. സുഖാനുഭൂതികേന്ദ്രീകൃതമനോഭാവം സ്ത്രീകളിലും കൂടുതൽ പ്രകടമായിത്തുടങ്ങി.

ഇന്ന് കേരളത്തിലെ കോടതികളിൽ വിവാഹമോചനത്തിനു കേസ് കൊടുക്കുന്നത് കൂടുതലും സ്തീകളാണ്. പലപ്പോഴും, ഒരു പുനരൈക്യത്തിനുള്ള സാധ്യതപോലും സ്ത്രീകൾ തള്ളിക്കളയുന്നു. വളരെ നിസ്സാരമായ കാരണങ്ങളും അസ്വാരസ്യങ്ങളും ചൂണ്ടിക്കാട്ടി വേർപിരിയലിനു മുൻപിൽനിൽക്കുന്നതും ഇന്ന് സ്ത്രീകളാണ്.

വിവാഹക്കമ്പോളത്തിൽ വധൂവരന്മാരുടെ സ്വീകാര്യത വർധിപ്പിക്കുന്ന പ്രധാന ഗുണം ഇന്ന്, 'നല്ല ദൈവവിശ്വാസവും ഭക്തിയുമുള്ള വരാവുക' എന്നതാണ്. എല്ലാ ഗുണങ്ങളും നന്മകളും ഇതിലടങ്ങിയിരിക്കുന്നു എന്നു ധരിച്ചുവശായിരിക്കുന്നു, നമ്മുടെ മതസമൂഹങ്ങൾ. പുരുഷന്മാരായ ദൈവങ്ങളുടെ ചിത്രത്തെപ്പോലും നോക്കാത്ത പെൺകുട്ടിയാണെങ്കിൽ ഏറ്റവും നല്ലത്!

**വിചിത്രമായ ഒരു വിവാഹമോചന കൗൺസിലിങ് കേസ്**

അവരുടെ വിവാഹം കഴിഞ്ഞിട്ട് ഒരാഴ്ച മാത്രമേ ആയിരുന്നുള്ളു. എല്ലാ ദിവസവും പള്ളിയിൽ പോകുന്ന വളരെ ഭക്തിയുള്ള ഒരു പെൺകുട്ടി. ശാന്തസ്വഭാവക്കാരനായ ഭർത്താവ്. രണ്ടുപേരും അഭ്യസ്തവിദ്യർ.

'എന്തുകൊണ്ട് ഒരാഴ്ചയ്ക്കുള്ളിൽ വിവാഹമോചനത്തിനു ശ്രമിക്കുന്നു' ഞാൻ ചോദിച്ചു.

നവവധുവിന്റെ മറുപടി ഇതായിരുന്നു:

'അയാൾ സാത്താന്റെ വഴിയേ നടക്കുന്ന ആളാണ്. എനിക്ക് കൂടുതലൊന്നും പറയാനില്ല.'

ചാത്തൻ സേവയുടെ പ്രശ്നമായിരിക്കുമെന്നു ഞാൻ കരുതിപ്പോയി.

ഭർത്താവ് പറഞ്ഞ മറുപടിയാണ് എന്നെ യഥാർത്ഥത്തിൽ ഞെട്ടിച്ചത്.

വിവാഹം കഴിഞ്ഞ അടുത്ത ദിവസം പെൺകുട്ടിയുടെ ശരീരത്തിൽ ആഗ്രഹത്തോടെ സ്പർശിച്ച ഭർത്താവിന് കേൾക്കേണ്ടി വന്ന മറുപടി ഇതായിരുന്നു: 'പാപം ചെയ്യുവാനാണോ

നിങ്ങൾ ശ്രമിക്കുന്നത്? സാത്താന്റെ പരീക്ഷണങ്ങളിൽ വീഴുന്നവളല്ല ഞാൻ. മാറി പൊയ്ക്കോണം.' അതിനുശേഷം അവൾ ഒരു കൊന്തയെടുത്ത് അയാളുടെ തലയ്ക്കുമുകളിൽ പിടിക്കുകയുംചെയ്തു!

**വാൽക്കഷണം**: 'ആദിപാപം എന്നു പറയുന്നത്, ആദിമാതാവായ ഹവ്വാ, ആദത്തെ തന്റെ ലൈംഗികാവയവങ്ങൾ കാണിച്ചുകൊടുത്ത് പാപത്തിന്റെ വഴിയേ നടത്തിയതാണ്.' – എന്റെ സുഹൃത്തായ സീനിയർ സർക്കാർ ഡോക്ടർ ഇതെന്നോട് പറഞ്ഞപ്പോൾ ഇതികർത്തവ്യതാമൂഢൻ ആയിരിക്കുവാൻ മാത്രമേ എനിക്ക് സാധിച്ചുള്ളു. മതം കണ്ടീഷൻചെയ്ത മസ്തിഷ്ക്കത്തെ മോചിപ്പിക്കുവാൻ വിദ്യാഭ്യാസത്തിന് എപ്പോഴും കഴിഞ്ഞുവെന്നുവരില്ല.

**വിവാഹത്തിനുമുൻപ്**
**അവശ്യം വേണ്ട പരിശീലനം**

വിവാഹത്തിന് മുൻപ് വധൂ-വരന്മാർക്ക് ആവശ്യമായിരിക്കുന്ന മാനസികവും ബൗദ്ധികവും ശാരീരികവുമായ തയ്യാറെടുപ്പുകളെക്കുറിച്ചും നേടേണ്ട അറിവുകളെക്കുറിച്ചും അവബോധം നൽകുന്ന ശാസ്ത്രീയപരിശീലനപരിപാടികൾ രൂപകല്പന ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഇതിനുവേണ്ടി കേരളസർക്കാരിന്റെ യുവജന വെൽഫയർ കമ്മീഷൻ ആലോചിച്ചുവരുന്നുവെന്നത് ശുഭോദർക്കമാണ്.

ഇത്തരം പരിശീലനപദ്ധതികളിൽ, വ്യത്യസ്തമായ സാഹചര്യങ്ങളിൽനിന്നു വരുന്ന രണ്ടു വ്യക്തികളുടെ മനോഭാവങ്ങളും രീതികളും തമ്മിലുണ്ടാകേണ്ട ഐക്യം, അതിനാവശ്യമായ സഹിഷ്ണുത,ശരിയായ രീതിയിലുള്ള കുടുംബ മാനേജ്മെന്റ്, സമയത്തിന്റെ വിനിയോഗം, സമൂഹമാധ്യമങ്ങളും സെൽഫോണും ടിവി-യും ഉപയോഗിക്കുന്നതിൽ കാണിക്കേണ്ട വിവേകം എന്നിവയെല്ലാം ഉൾപ്പെടുത്തേണ്ടതുണ്ട്. സെക്സിന്റെ അരുതുകൾക്കും അതിർവരമ്പുകൾക്കുമെല്ലാം അങ്ങേയറ്റം പ്രാധാന്യംനൽകിവേണം കോഴ്സ് രൂപീകരിക്കുവാൻ.

ഒരുപക്ഷേ, വിവാഹത്തിനുമുൻപ് കുറഞ്ഞത് ആറുമാസത്തെ പരിചയമെങ്കിലും വധൂവരന്മാർ തമ്മിൽ ഉണ്ടാകണം എന്ന് അനുശാസിക്കുന്നതും നല്ലതാണ്. ഇപ്പോൾ വിവാഹത്തിനുമുൻപ് നടക്കുന്ന, മണിക്കൂറുകൾ നീളുന്ന ഫോൺവിളികൾ പരസ്പരം മനസിലാക്കുവാൻ അപര്യാപ്തംതന്നെയാണ്.

യുവജന വെൽഫെയർ കമ്മീഷനും മറ്റു സാമൂഹികസംഘടനകളും ഒരുമിച്ചുനിന്ന് ആധുനികലോകത്ത് അവശ്യം ആവശ്യമായിത്തീർന്നിരിക്കുന്ന വിവാഹ ഒരുക്ക പരിശീലനപദ്ധതിക്ക് ശാസ്ത്രീയമായി രൂപംകൊടുക്കുമെന്നും, ഗവൺമെണ്ട് അതു നിയമപരമായി നടപ്പാക്കുമെന്നും പ്രതീക്ഷിക്കാം.

ഫോൺ: 9847598247

# റാഫേൽ വടക്കന് ഒരു തുറന്ന കത്ത്

ചിറ്റാട്ടുകര ഇടവകക്കാർ

പ്രിയ ബഹു. അച്ചാ,

05.11.2017 ഞായറാഴ്ച താങ്കൾ കുർബ്ബാനമദ്ധ്യേ പ്രസംഗത്തിൽ പറഞ്ഞത്, ചിറ്റാട്ടുകര പള്ളി പൊളിച്ചുകളഞ്ഞ് പുതിയ ഒരു പള്ളി പണിയാത്തതുകാരണം ചിറ്റാട്ടുകര ഇടവകക്കാരെല്ലാം തലയിൽ മുണ്ടിട്ട് നടക്കേണ്ട അവസ്ഥയിലാണെന്നാണല്ലോ? എന്നാൽ ഞങ്ങൾ മാത്രമല്ല, മൊത്തം കത്തോലിക്കരും തലയിൽ മുണ്ടിട്ട് നടക്കേണ്ട അവസ്ഥയാണ് ദൈവത്തിന്റെ പ്രതിപുരുഷന്മാർ മുഖേന ഉണ്ടായിട്ടുള്ളത്. ഈ പുണ്യാത്മാക്കളുടെ ധീരകൃത്യങ്ങൾ പത്ര-ദൃശ്യമാധ്യമങ്ങൾ വേണ്ടതുപോലെ ചർച്ച ചെയ്യുന്നതുകൊണ്ട് കത്തോലിക്കരാകെ തലയിൽ മുണ്ടിട്ടാണ് നടക്കുന്നത്.





എന്തൊക്കെയാണ് സമീപകാലത്ത് ദൈവത്തിന്റെ പ്രതിപുരുഷന്മാർ ചെയ്തുകൊണ്ടിരിക്കുന്നത്? നമുക്ക് കൊട്ടിയൂരിൽനിന്നുതന്നെ ആരംഭിക്കാം. അരമനയുടെ വിശ്വസ്തൻ, കോർപറേറ്റ് മാനേജർ, കൊട്ടിയൂർ ഇടവകവികാരിയും പ്രഗത്ഭനും പ്രശസ്തനും! വെരി. റവ.ഫാ. റോബിൻ വടക്കുഞ്ചേരി ശ്ലൈഹികമായ വാത്സല്യത്താൽ പതിനഞ്ച് വയസ്സുമാത്രമുള്ള ഒരു പെൺകുട്ടിയെ ഗർഭിണിയാക്കി. ദൈവത്തിന്റെ പ്രതിപുരുഷന്റെ പ്രായം അമ്പതിനടുത്ത്. കാലത്തിന്റെ തികവിൽ പതിനാറാം വയസ്സിൽ ആ ബാലിക ഒരു ശിശുവിന് ജന്മംകൊടുത്തു. ശിശുവിന്റെ പിതാവാര് എന്ന ചോദ്യം സ്വാഭാവികമായും ഉയരുമല്ലോ. അതിനും ശ്ലൈഹികമായി അദ്ദേഹം വഴി കണ്ടെത്തി. ബാലികയുടെ സ്വന്തം പിതാവ് ആ ഉത്തരവാദിത്വം ഏറ്റെടുക്കണം, വെറുതെയല്ല! കരുണയുടെ കവാടം തുറന്നകാലമാണല്ലോ? ദൈവത്തിന്റെ പ്രതിപുരുഷൻ ബാലി ▸▸

കയുടെ പിതാവിന് 10 ലക്ഷം രൂപയാണ് ദാനം ചെയ്തത്, പ്രെയ്സ് ദ ലോർഡ്! ഹല്ലേലൂയ!

പുത്തൻവേലിക്കരയിലെ ഉജ്ജ്വല പ്രസംഗകനും അനുഗൃഹീത ഗായകനുമായ വെരി.റവ.ഫാ. എഡ്വിൻ ഫിഗറസ്. ആ പേരിനുതന്നെയുണ്ട് ഒരു ഗമ!, അദ്ദേഹം 14 വയസ്സു തികയാത്തൊരു ബാലികയിലാണ് ദൈവവചനം പ്രഘോഷിച്ചത്. പെൺകുട്ടി ഗർഭിണിയായി. ദൈവത്തിന്റെ പ്രതിപുരുഷന് വെരി.റവ.ഫാ. വടക്കുഞ്ചേരിയുടെ പ്രായവും പക്വതയും ഇല്ലാത്തതിനാലാവും അദ്ദേഹം ഗർഭം അലസിപ്പിച്ചു. (സാധാരണ പുരോഹിതന്മാർ ചെയ്യാറുള്ളതുതന്നെ). അദ്ദേഹം സെൻട്രൽ ജയിലിൽ ഇരട്ടജീവപര്യന്തം ആഘോഷിച്ചുവരികയാണ്. പ്രെയ്സ് ദ ലോർഡ്!

തൈക്കാട്ടുശ്ശേരിയിലെ വികാരി വെരി.റവ.ഫാ. രാജു കൊക്കൻ, പാറന്നൂർ ഇടവകവികാരി വെരി.റവ.ഫാ. ഫ്രാങ്കോ പുത്തരി, കെ.സി.ബി.സി. മദ്യനിരോധന കമ്മീഷന്റെ ഡയറക്ടർ പ്രോട്ടോ സിഞ്ചെല്ലൂസ് (എന്നുവച്ചാൽ വികാരി ജനറൽ) മൂക്കറ്റം മദ്യപിച്ച് റോഡാകെ കുട്ടിച്ചോറാക്കിയ മഹാൻ വെരി. വെരി.റവ.ഫാ. പോൾ പേരാമംഗലം (2500 ക കോടതിയിൽ അദ്ദേഹം പിഴയടച്ചാണ് തല യൂരിയത്,) ചിയ്യാരം ഗലീലിയുടെ ഡയറക്ടർ വെരി.റവ. ഫാ. സോണി തൊട്ടിയാൻ, പാവറട്ടി മുൻ വികാരി വെരി. റവ.ഫാ. പോൾ പയ്യപ്പിള്ളി, മങ്ങാട്ട് ഇടവകയിലെ കുടുംബസഹായനിധിയിലെ മുഴുവൻ പണവും കട്ടുകൊണ്ടോടിപ്പോയ വെരി.റവ.ഫാ. മുരിങ്ങാത്തേരി, എറണാകുളം രൂപതാ മെത്രാൻ മാർ ജോൺ തട്ടുങ്കൽ (ഇരുപത്താറുവയസ്സായ ഒരു പെൺകുട്ടിയെ ദത്തെടുത്ത് കൂടെ കിടത്തിയ അത്യുന്നതൻ!), നമ്മുടെ പുണ്യാളന്മാരുടെ ലിസ്റ്റിൽ വെയ്റ്റിങ്ങിൽ നിൽക്കുന്ന വെരി.റവ.ഫാ. ബെനഡിക്ട് (പഴയ മറിയക്കുട്ടി കൊലക്കേസ്) പിന്നെ അഭയകേസിലെ റവ.ഫാ.മാർ കോട്ടൂരാനും പൂതൃക്കയിലും.... ലിസ്റ്റ് അങ്ങനെ നീണ്ടുപോകുന്നു. എങ്ങനെ കത്തോലിക്കർ തലയിൽ മുണ്ടിടാതെ പുറത്തിറങ്ങും?

പള്ളി പൊളിക്കാതെ താങ്കൾക്ക് ഉറക്കം വരുന്നില്ല എന്നറിയാം. കാരണം പറപ്പൂരും കൊട്ടേക്കാടുംമറ്റും പഴയ പള്ളികൾ പൊളിച്ചുകളഞ്ഞല്ലോ. എന്നാൽ പൊളിക്കാത്ത ചില പള്ളികളുണ്ട്. താങ്കൾക്കറിയാത്തതുകൊണ്ട് ഓർമ്മിപ്പിക്കുകയാണ്. മാർപാപ്പയുടെ ഇടവകപള്ളി താങ്കൾ കണ്ടിട്ടുണ്ടോ? തീരെ ചെറുതാണ്. 16-ാം നൂറ്റാണ്ടിൽ പണികഴിപ്പിച്ച ആ പള്ളി എന്താ പൊളിച്ചുകളഞ്ഞ് പുതിയ ഒരു ബ്രഹ്മാണ്ഡപ്പള്ളി പണിയാത്തത്? വത്തിക്കാന് പണമില്ലാഞ്ഞിട്ടാണോ? കാനായിൽ ദൈവപുത്രൻ വെള്ളം വീഞ്ഞാക്കിയ വീടിന്റെ തകർന്നടിഞ്ഞ തറയും ചുമരും അതുപോലെ നിലനിർത്തി ചുറ്റും ചെറിയൊരു പള്ളി പണിത് ഇന്നും സംരക്ഷിക്കുന്നു! എന്തുകൊണ്ട്? ഉണ്ണീശോ ജനിച്ച കാലിത്തൊഴുത്തിന്റെ സ്ഥാനം ഉൾപ്പെടുത്തി പണി കഴിപ്പിച്ച പുരാതന ദേവാലയം ഒരു കൊച്ചു പള്ളിയായിത്തന്നെ ഇപ്പോഴും നിലനിർത്തിയിരിക്കുന്നു! പണമില്ലാഞ്ഞിട്ടാണോ? ബ്രസീലിലെ റിയോഡി ജനീറോയിലെ നൂറ്റാണ്ടു പഴക്കമുള്ള യേശുദേവൻ കൈവിരിച്ചു നിൽക്കുന്ന രൂപം കഴിഞ്ഞ വേൾഡ് കപ്പിന്റെ കാലത്ത് ടിവിയിൽ പലവട്ടം നാം കണ്ടതാണ്. 'ക്രൈസ്റ്റ് ദ റിഡീമർ' എന്ന ആ പ്രതിമക്കുതാഴെ ഒരു ദേവാലയമുണ്ട്. നമ്മുടെ മുത്തേ്യമ്മ കുരിശുപള്ളിയേക്കാൾ ചെറുത്. എന്തേ അവരതു പൊളിച്ച് വലിയ ദേവാലയം പണിതില്ല?

പുതിയ ബ്രഹ്മാണ്ഡദേവാലയങ്ങൾ പണികഴിപ്പിക്കുന്നതിലെ ഹിഡൻ അജണ്ട അങ്ങാടിപ്പാട്ടാണ്. പകിട്ടിലും പത്രാസിലും മനംമയങ്ങിക്കഴിയുന്ന നമ്മുടെ മെത്രാന്മാർക്കും കത്തനാർമാർക്കും ക്രിസ്തു കാലിത്തൊഴുത്തിൽ ജനിച്ച കാര്യത്തിൽ തികഞ്ഞ പുച്ഛമാണ്. റോമാപുരിയിൽ ഉഗ്രൻ രാജകൊട്ടാരങ്ങളുണ്ടായിരുന്നിട്ടും ഈ ചങ്ങാതി എന്തേ ഒരു തൊഴുത്തിൽ പോയി ജനിച്ചത്? മോശം മഹാമോശം!-അതാണവരുടെ ചിന്ത.

ഏതായാലും ഞങ്ങൾ ചിറ്റാട്ടുകര ഇടവകക്കാർ ഞങ്ങളുടെ പൈതൃകദേവാലയം കെട്ടിപ്പിടിച്ചിരിക്കാൻതന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. മെത്രാനു കാശുണ്ടെങ്കിൽ വേറൊരിടത്ത് ഒരു പുതിയ ദേവാലയം പണിതോട്ടെ.

പുതിയൊരു പള്ളി പണിയുന്നതിനേക്കാൾ താങ്കൾക്ക് ആവശ്യം നിലവിലുള്ള പുരാതനദേവാലയം തകർക്കുക എന്നതാണെന്ന് തോന്നുന്നു. ഇത് തകർക്കാമെന്ന് മെത്രാന് വാക്കുകൊടുത്തിട്ടാണോ താങ്കൾ ഇങ്ങോട്ട് പോന്നത്? ഏതായാലും തല മൂടുന്ന മുണ്ട് അടുത്ത കാലത്തൊന്നും മാറ്റാൻ നമ്മുടെ റവ. ഫാദർമാർ സമ്മതിക്കില്ല എന്നു തോന്നുന്നു.

പിന്നെ മറ്റൊരു കാര്യം. താങ്കൾക്കും മറ്റ് പുരോഹിതപ്രമാണിമാർക്കും കേൾക്കാൻ താല്പര്യം ഒട്ടും ഇല്ലാത്ത ഒരു കാര്യം ഞങ്ങൾ എന്നും ഓർക്കുന്നുണ്ട്. ആരാന്റെ കാലിത്തൊഴുത്തിൽ ജനിച്ച് തലചായ്ക്കാൻ ഇടമില്ലാതെ ജീവിച്ച് ആരാന്റെ കല്ലറയിൽ അടക്കപ്പെട്ട യേശുക്രിസ്തുവിന് ബ്രഹ്മാണ്ഡദേവാലയങ്ങളേക്കാൾ എളിമയുടെ പ്രതീകങ്ങളായ ദേവാലയങ്ങളിൽ വസിക്കാനായിരിക്കും ഇഷ്ടം കൂടുതൽ.

ആശംസകളോടെ,

സ്വന്തം ചിറ്റാട്ടുകര ഇടവകക്കാർ

തയ്യാറാക്കിയത്: **ആന്റണി ചിറ്റാട്ടുകര**
(സംസ്ഥാനപ്രസിഡന്റ്, കേരളകാത്തലിക് ഫെഡറേഷൻ)

## അറിയിപ്പ്!

പ്രസിദ്ധീകരിക്കുന്നതിനായി തർജ്ജമ ചെയ്ത് തയ്യാറാക്കിയിരുന്ന ഡോ.ജെ.സി.കുമരപ്പയുടെ 'Practice and Precepts' എന്ന ഗ്രന്ഥത്തിലെ രണ്ടാം അദ്ധ്യായം ഒന്നാംഭാഗം സ്ഥലപരിമിതി മൂലം അടുത്തലക്കത്തിലേക്ക് മാറ്റിവച്ചു എന്നറിയിക്കുന്നു.

ജിജോ ബേബി ജോസിന്റെ 'ധിഷണാവ്യാപന'ത്തിന്റെ തുടർച്ച അടുത്ത ലക്കത്തിൽ പ്രതീക്ഷിക്കുക.



# മറിയക്കുട്ടിക്കൊലക്കേസ്: കുറ്റവാളി ഫാ. ബെനഡിക്ടുതന്നെ

(നാലാംഭാഗം)

കെ. ജോർജ് ജോസഫ് കാട്ടേക്കര (Treasurer, KCRM)

## കത്തോലിക്കാപുരോഹിതർ പച്ചക്കള്ളങ്ങൾ പ്രചരിപ്പിക്കുന്നു

**കാ**ഞ്ഞിരപ്പള്ളിയിലെ ഡോക്ടറുടെ മക്കളും അവരുടെ മക്കളും മന്ദബുദ്ധികളായി എന്നും സ്വത്തു മുഴുവൻ നശിച്ചു എന്നും അതിനാലാണ് അവർ മാപ്പപേക്ഷിച്ചതെന്നുമാണ് പ്രചാരണം നടക്കുന്നത്. (മന്ദബുദ്ധികൾ എങ്ങനെ മാപ്പപേക്ഷിച്ചു എന്ന ചോദ്യം ഉദിക്കുന്നില്ല. കാരണം, വണക്കമാസക്കഥയിൽ ചോദ്യത്തിനു പ്രസക്തിയില്ല!) കഥയിലെ ഡോക്ടറുടെ അഞ്ചു മക്കളിൽ ഒരാൾക്ക് അങ്ങനെയുണ്ട് എന്നത് വാസ്തവമാണ്. പക്ഷേ, 1966-നു മുമ്പു ജനിച്ചയാ ളാണത്. ഡോക്ടറാണ് ഉത്തരവാദിയെങ്കിൽപ്പോലും കുറ്റംചെയ്യുന്നതിനുമുമ്പേ ശിക്ഷ ലഭിക്കുന്നതെങ്ങനെ? ഡോക്ടർക്കുമാത്രമേ ഇത്തരം കുട്ടികൾ ഉണ്ടായിട്ടുള്ളോ? എങ്കിൽ, ബെനഡിക്റ്റ് പക്ഷാഘാതംവന്ന് മൂന്നു വർഷത്തോളം തളർന്നുകിടന്നത് എന്തുകൊണ്ട്?

വധശിക്ഷ വിധിച്ച കൊല്ലം സെഷൻസ് കോടതി ജഡ്ജിയായിരുന്ന കുഞ്ഞുരാമൻവൈദ്യരുടെ മക്കളും കുടുംബവും നശിച്ചുപോയി എന്നാണ് മറ്റൊരു കുപ്രചരണം. പക്ഷേ, യാഥാർഥ്യം ഇതിനെതിരാണ്. കുഞ്ഞിരാമൻവൈദ്യർ തന്റെ 98-ാമത്തെ വയസിലാണ് മരിച്ചത്. അമേരിക്കയിൽ ശാസ്ത്രജ്ഞനായ ഡോ. ജെ.കെ.റാമും, കേരള ചീഫ് സെക്രട്ടറിയായിരുന്ന ഭരത് ഭൂഷണുമുൾപ്പെടെ അദ്ദേഹത്തിന്റെ അഞ്ചുമക്കളും നല്ല നിലയിലാണ് ജീവിക്കുന്നത്.

പക്ഷാഘാതംമൂലം കിടപ്പിലായി, മുടിയൂർ ക്കരയിലെ പ്രീസ്റ്റുഹോമിൽ കഴിയുന്ന സമയത്തും ബെനഡിക്റ്റ്, തന്റെ മകനായ ജോയിമോനെ കാണണമെന്നു വാശിപിടിച്ചിരുന്നത്രെ! ഇതൊരു ശല്യമായതിനെത്തുടർന്ന്, കൗൺസിലിംഗ് നടത്തിയെങ്കിലും അദ്ദേഹം പിന്തിരിഞ്ഞില്ല. അധികം വൈകാതെ, ബെനഡിക്റ്റിനെ തന്റെ മുറിയിലെ കട്ടിലിൽ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു, 71-ാമത്തെ വയസിൽ. മറ്റു വൈദികർപോലും ഈ മരണത്തിൽ അസ്വാഭാവികത ആരോപിക്കുന്നതുംകൂടി ഇവിടെ കൂട്ടിവായിക്കേണ്ടതാണ്.

### 1966-ൽ DNA ടെസ്റ്റ് നിലവിലില്ല!

ബെനഡിക്റ്റിനെ കുറ്റവിമുക്തനാക്കാൻ നിരത്തുന്ന വാദങ്ങളിലൊന്നാണ് DNA ടെസ്റ്റ്. മാണി പുതിയിടം എന്ന പട്ടക്കാരൻ (ഇപ്പോൾ ദീപിക M.D) ഏറ്റവും ശക്തമായി ഇതു പ്രചരിപ്പിക്കുന്നുണ്ട്. 1984-ൽമാത്രം ലോകത്ത് നിലവിൽവന്നതാണ് DNA




പരിശോധന. അത് 1966-ൽ നടത്തി, ജോയിമോൻ ബെനഡിക്റ്റിന്റെ മകനല്ലെന്നു തെളിയിച്ചിട്ടുണ്ടെന്നാണ് മാണിപുതിയിടത്തിന്റെ അവകാശവാദം! ഇത്, ബെന ഡിക്ടിനെ വിശുദ്ധനാക്കാൻ നിരത്തുന്ന എല്ലാ വാദങ്ങളുടെയും പൊള്ളത്തരം വെളിവാക്കുന്നു. എന്തായാലും, 1966-ൽ നടത്തി തെളിയിച്ച പിതൃശൂന്യത ജോയിമോനെയും ബെനഡിക്റ്റിനെയുംചേർത്ത് ഒരിക്കൽക്കൂടി നടത്താൻ തന്റേടം കാണിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്. 'അഗ്നിശുദ്ധി'യിൽ മറ്റൊരു വിഡ്ഢിത്തംനിറഞ്ഞ വാദവും കാണാം. ബെനഡിക്റ്റിന്റെ ളോഹയിൽ അണ്ണാന്റെയോമറ്റോ ചോര പുരട്ടിയാണത്രെ തെളിവുണ്ടാക്കിയത്! അണ്ണാന്റെ രക്തവും മനുഷ്യരക്തവും തിരിച്ചറിയാൻ കഴിവില്ലാ ത്തവരാണ് ആ ഡോക്ടർമാരെന്നുകൂടി പറഞ്ഞു വെക്കുകയാണ് ഗ്രന്ഥകർത്താവായ ഫാ. കള പ്പുരയ്ക്കൽ!

ഞങ്ങൾ അദ്ദേഹത്തെ സന്ദർശിച്ച് ഇത്തരം അടിസ്ഥാനരഹിതമായ കാര്യങ്ങൾനിരത്തി ഒരു ഗ്രന്ഥം രചിച്ചതെന്തുകൊണ്ടെന്നു ചോദിക്കുകയുണ്ടായി. കത്തോലിക്കാപുരോഹിതർക്കാകെ അപമാന മുണ്ടാക്കിയ ഈ സംഭവം അക്കാലത്ത് അദ്ദേഹത്തിന് വളരെയധികം മനോവിഷമമുണ്ടാക്കിയെന്നും, എങ്ങനെയും ഈ അപമാനം പുരോഹിതരിൽനിന്ന് ▸▸

# കത്തോലിക്കാസഭ ആത്മീയവ്യവസായത്തിലെ ആഗോളകുത്തക (തുടർച്ച)


**സെബാസ്റ്റ്യൻ വട്ടമറ്റം**

## പുരോഹിത കന്യാത്വവും അരമനക്കോടതികളും

കുഞ്ഞാടുകളിൽ വിധേയത്വനിർമ്മാണത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന പുരോഹിതന്മാരുടെ കന്യാവ്രതമാണ് സാമ്പത്തികമായി സഭയ്ക്കു വലിയ നേട്ടമുണ്ടാക്കിയത്. അതുമൂലം സഭാസ്വത്തുക്കൾ പുരോഹിതസന്തതികൾക്ക് വീതംവച്ചുപോകാതിരുന്നു. അവരുടെ ഈ മഹാത്യാഗത്തിൽ പങ്കുചേരുന്നതിന് കുഞ്ഞാടുകൾ അവരുടെ വരുമാനത്തിലൊരംശം പള്ളിക്കു നൽകണമെന്നു നിർദ്ദേശിക്കപ്പെട്ടു. പുരോഹിതകന്യാത്വം വിശുദ്ധിയുടെ പാരമ്യമായി ഉയർത്തിക്കാട്ടി, കുഞ്ഞാടുകളുടെ സഹജമായ ലൈംഗികതോന്നലുകൾപോലും മഹാപാപമാണെന്ന ധാരണ അവരിൽ കുത്തിവയ്ക്കപ്പെട്ടു. ഓരോ പാപവും പള്ളിക്കു പണമായി മാറി.

എന്നാൽ, മുകളിൽനിന്നടിച്ചേൽപിക്കപ്പെടുന്ന കന്യാത്വം സ്വാഭാവികമായും പുരോഹിതന്മാരിൽ ഏറെപ്പേരെ മനോരോഗികളോ കുറ്റവാളികളോ ആക്കിക്കൊണ്ടിരുന്നു. കുഞ്ഞാടുകൾ ഇതൊന്നുമറിയാതിരിക്കാൻ സഭ വിശുദ്ധമൗനത്തിന്റെ രഹസ്യധാരണയിലെത്തി. അതുകൊണ്ടായില്ലല്ലോ. കുറ്റവാളികളെ കണ്ടെത്തി ശിക്ഷിക്കുന്നതിന് മെത്രാസനങ്ങളിൽ അരമനക്കോടതികളും സ്ഥാപിതമായി.

1999-ൽ ചങ്ങനാശേരി ആർച്ചുബിഷപ്പിന്റെ അരമനയിൽനിന്ന് ഒരു അരമനക്കോടതിയുടെ നടപടിരേഖകൾ പുറത്തായി. ഒരു വൈദി ▸▸

ഒഴിവാക്കിയെടുക്കണമെന്നു നിശ്ചയിച്ചിരുന്നെന്നുമായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അതിന് ഏറ്റവും നല്ല മാർഗം ഇങ്ങനെയൊരു പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതാണെന്നു കരുതിയത്രെ! അതിനാൽ കേട്ടുകേൾവിയും രചനയ്ക്ക് ഉപയോഗപ്പെടുത്തിയെന്നും മണിമലേത്ത് പൈലോച്ചൻ സാങ്കല്പിക കഥാപാത്രമാണെന്നാണു കരുതിയിരുന്നതെന്നും അദ്ദേഹം പറയുകയുണ്ടായി.

ഞങ്ങൾ കണ്ടു സംസാരിച്ച ആളുകളെല്ലാം, പട്ടക്കാരൊഴികെ, ഒറ്റസ്വരത്തിൽ പറയുന്നു, ബെനഡിക്റ്റാണ് മറിയക്കുട്ടിയുടെ ഘാതകനെന്ന്! മറിയക്കുട്ടിക്കൊലക്കേസിൽ ബെനഡിക്റ്റ് ചെയ്തത്, തനിക്കു നിരന്തര ശല്യമായ ഒരു സ്ത്രീയെ ഒഴിവാക്കാനായി നടത്തിയ പച്ചയായ കൊലപാതകമാണ്. *"സ്വഭാവശുദ്ധി അങ്ങേയറ്റം ഉയർത്തിപ്പിടിക്കേണ്ട ഒരു വ്യക്തി, ധാർമികാധഃപതനത്തിന്റെ പടുകുഴിയിലേക്ക് വഴുതിവീണ നിർഭാഗ്യകരമായ സാഹചര്യമാണ് ഈ കേസ്. നന്മയ്ക്കും പരിശുദ്ധിക്കും വേണ്ടി നിലകൊള്ളുന്ന ഒരു സഭയുടെ പ്രതിനിധി, സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പ്രവാചകനായ ഒരു മഹാന്റെ അനുയായി എന്നൊക്കെ അവകാശപ്പെടുന്ന ഒരു പുരോഹിതൻ,.... ഒരു പാവപ്പെട്ട സ്ത്രീയെ അവരുടെ സാമ്പത്തികവൈഷമ്യം പരമാവധി ചൂഷണംചെയ്തു പ്രയോജനപ്പെടുത്തിയശേഷം, അവൾ മുതലെടുപ്പു നടത്തുന്നു എന്നു തോന്നിയപ്പോൾ, ഒരു കാലത്ത് തന്റെ വികാരാസക്തി ശമിപ്പിക്കാൻ ഉപകരിച്ചിരുന്ന അവളുടെ ജീവിതം നശിപ്പിക്കുന്നതിനായി ഒരു ക്രൂരപിശാചായി മാറി....!"* എന്നാണ് കോടതിയുടെ വിധിവാചകത്തിൽ പറഞ്ഞിരിക്കുന്നത്. 'യാതൊരു ദയയും അർഹിക്കാത്ത കുറ്റ'മായതിനാലാണ് കോടതി വധശിക്ഷതന്നെ വിധിച്ചത്.

### അതിരൂപതാ അന്വേഷണക്കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തണം

ഈ കേസ് സഭയുടെ യശസ് തകർത്ത ഗുരുതരമായ സാഹചര്യത്തിൽ, ഇതിന്റെ നിജസ്ഥിതി കണ്ടെത്താനായി ചങ്ങനാശ്ശേരി രൂപത അന്ന് ഒരു അന്വേഷണസമിതിയെ നിയമിക്കുകയുണ്ടായി. (ഇന്നും ഇത്തരം ഗൗരവതരമായ കേസുകളുണ്ടായാൽ അന്വേഷണ സമിതിയെ മെത്രാന്മാർ നിയോഗിക്കാറുണ്ട്.) കമ്മിറ്റിയിൽ വൈദികർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. സഭാനേതൃത്വത്തെ ഞെട്ടിക്കുന്നതായിരുന്നത്രെ, സമിതി മെത്രാനു നൽകിയ റിപ്പോർട്ട്! ബെനഡിക്റ്റ്തന്നെയാണ് കൊലപാതകി എന്നായിരുന്നു സമിതിയുടെ കണ്ടെത്തൽ!!! അതിനാൽത്തന്നെയാവാം, ആ അന്വേഷണ റിപ്പോർട്ട് ഇന്നുവരെ പുറംലോകം കണ്ടിട്ടില്ല. ജയിൽമോചിതനായ ബെനഡിക്റ്റിന് സ്വീകരണം നൽകുന്നതിനെ അന്നത്തെ ആർച്ചുബിഷപ്പായ മാർ കാവുകാട്ട് എതിർത്തതും ഇതുമൂലമായിരുന്നത്രെ!!! ആ അന്വേഷണറിപ്പോർട്ടു പുറത്തുവിടാൻ ചങ്ങനാശ്ശേരി അതിരൂപതാനേതൃത്വത്തോട് ഞങ്ങൾ ആവശ്യപ്പെടുന്നു.

ഈ കൊടുംകൊലയാളിയെ വിശുദ്ധനാക്കി, സമൂഹത്തിന് ഉതപ്പും ദുർമാതൃകയുമാകുന്ന ഒരു സന്ദേശം നൽകുന്നതിൽനിന്നു കത്തോലിക്കാസഭാധികാരികൾ പിന്മാറണമെന്ന് ഞങ്ങൾ, 'കേരളകത്തോലിക്കാ സഭാനവീകരണ പ്രസ്ഥാനം' (KCRM) ശക്തമായി ആവശ്യപ്പെടുന്നു.

(അവസാനിച്ചു)

*ഫോൺ: 9037078700*

**വിശ്വാസത്തിന്റെ കണ്ണുകളിലൂടെ നോക്കുമ്പോൾ നമ്മുടെ കത്തോലിക്കാ മെത്രാന്മാർക്കറിയാം, മനുഷ്യനടക്കമുള്ള ജീവജാലങ്ങളുടെ കാര്യത്തിൽ സ്രഷ്ടാവായ ദൈവത്തിനുള്ള അനന്തമായ കരുതലിന്റെ മകുടോദാഹരണമാണ് പശ്ചിമഘട്ടമെന്ന്.**

കൻ പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയെ ഗർഭിണിയാക്കി എന്നായിരുന്നു പരാതി. സംഭവം നടന്നെന്നു ബോധ്യപ്പെട്ട അരമനക്കോടതി വൈദികനിൽ കണ്ടെത്തിയ കുറ്റം അയാൾ തന്റെ (പെൺകുട്ടിയുടെയല്ല) കന്യാത്വവും സൽപ്പേരും കളങ്കപ്പെടുത്തി എന്നായിരുന്നു. അതിനയാൾക്കു വിധിച്ചത് ചെറിയ ചില പ്രായശ്ചിത്തങ്ങൾമാത്രം, പെൺകുട്ടിക്ക് പര്യാപ്തമായ പ്രതിഫല(റെമ്യൂണറേഷൻ)വും.

ഇതിൽ അത്ഭുതപ്പെട്ടിട്ടു കാര്യമില്ല. ഒരു പുരോഹിതൻ ആർക്കെതിരെ എന്തു ലൈംഗികകുറ്റകൃത്യം ചെയ്താലും കാനോൻ നിയമങ്ങളനുസരിച്ച് അത് അയാളുടെ കന്യാത്വത്തിനെതിരെയുള്ള കുറ്റകൃത്യമാണ്. അതിനിരയാക്കപ്പെടുന്ന സ്ത്രീയോടോ പെൺകുട്ടിയോടോ ആൺകുട്ടിയോടോ നീതിപുലർത്തുന്ന യാതൊരു പരാമർശവും കാനോൻ നിയമങ്ങളിലില്ല. 'അരമനക്കോടതികൾ വിശുദ്ധ പാപികളുടെ സങ്കേതം' എന്ന ലേഖനത്തിൽ (കേരളശബ്ദം, ഏപ്രിൽ 2, 2017) ഞാനിക്കാര്യം വ്യക്തമാക്കുന്നുണ്ട്.

### സഭയും പരിസ്ഥിതിയും

പശ്ചിമഘട്ടത്തിൽ മനോഹരമായ പച്ചപ്പുനിറഞ്ഞ ഒരു കുന്നിൻപ്രദേശം. അതിന്റെ ചിത്രം ഫെയ്സ്ബുക്കിലിട്ടിട്ട്, 'കുരിശുകൃഷിയില്ലാത്ത മലമുകൾ' എന്നാണ് ജിജോ കുര്യൻ എന്ന പുരോഗമനവാദിയായ കത്തോലിക്കാ പുരോഹിതൻ അതിനെ വിശേഷിപ്പിച്ചത്. കുന്നായ കുന്നിൻമുകളിലെല്ലാം കുരിശു നാട്ടി 'കുരിശിന്റെ വഴി'കൾ നടത്തി കാടുകൈയേറി സഭ കുരിശിലേറ്റിയത് നമ്മുടെ ആവാസ്വ്യവസ്ഥയെത്തന്നെയാണ്. അതേ സഭാനേതൃത്വം തന്നെ പലപ്പോഴും പരിസ്ഥിതിസംരക്ഷണകാര്യത്തിൽ വാചാലമാവുകയും ചെയ്യുന്നു. സഭയുടെ ഈ ഇരട്ടമുഖം 'കത്തോലിക്കാസഭയുടെ പ്രകൃതിവിരുദ്ധമുഖം' എന്ന ലേഖനത്തിൽ (പച്ചക്കുതിര, മാർച്ച് 2014) പി. ടി. തോമസ് തെളിവുകൾ സഹിതം വെളിപ്പെടുത്തുന്നുണ്ട്.

വാക്കും പ്രവൃത്തിയുംതമ്മിൽ സഭാനേതൃത്വം പുലർത്തിയ അന്തരമാണ് യൂറോപ്പിൽ ആൽഡസ് ഹക്സിലിയെ ക്രിസ്തുമതത്തിൽ നിന്നകറ്റിയത്. അതിനു മുന്നോടിയായി അദ്ദേഹമെഴുതിയ പുസ്തകമാണ് 'ദി ഗ്രേ എമിനൻസ്'. 16-ാം നൂറ്റാണ്ടിൽ ഫ്രാൻസിലെ പ്രബലനായൊരു കർദ്ദിനാളിന്റെ രാഷ്ട്രീയോപദേശകനായിരുന്ന ഫാദർ ജോസഫിന്റെ ജീവചരിത്രമാണത്. ആ പുരോഹിതൻ പകൽ സമയത്ത് ഏറ്റവും ഹീനമായ രാഷ്ട്രീയ ഉപജാപങ്ങളിലും ഗൂഢാലോചനകളിലും വ്യാപൃതനായിരുന്നു. എന്നാൽ രാത്രികാലങ്ങളിൽ വിചിത്രമായൊരു മെറ്റമോർഫോസിസ് ആണുണ്ടാവുക. കുരിശിനുമുന്നിൽ മുട്ടുകുത്തി അയാൾ ഉള്ളുരുകി പ്രാർത്ഥിക്കാൻ തുടങ്ങും. അപ്പോൾ ദൈവിക വെളിപാടുകളുണ്ടാവും. സമീപത്തുള്ള കന്യാമഠത്തിലെ അന്തേവാസികൾക്ക് ആത്മീയപരിശീലനം നൽകിയിരുന്നതും ഫാ. ജോസഫാണ്.

ഇങ്ങനൊക്കെയല്ലാതെ പിന്നെന്തു ചെയ്യാനാവും ആ പുരോഹിതന്? ഒരു വശത്ത് സഭയുടെ ആത്മീയതാത്പര്യങ്ങളും മറുവശത്ത് ഭൗതികതാത്പര്യങ്ങളും സംരക്ഷിക്കേണ്ടിയിരുന്നു. ഇതുതന്നെയാണ് ഇന്നു കേരളത്തിലെ സഭാനേതൃത്വത്തെയും അലട്ടുന്ന പ്രശ്നം. ദൈവത്തെയും പണത്തെയും ഒരുമിച്ച് സേവിക്കാനാവില്ലെന്നാണ് സഭയുടെ ട്രേഡ്മാർക്കായ യേശുക്രിസ്തു പറഞ്ഞിട്ടുള്ളത്. അതു തെറ്റാണെന്നു സ്ഥാപിക്കാനുള്ള ബദ്ധപ്പാടിലാണ് കേരളത്തിലെ സഭാനേതൃത്വം. 'ബിലീവ് ഇൻ ഗോഡ്, ഇൻവെസ്റ്റ് ഇൻ ഗോൾഡ്' എന്ന പരസ്യവാചകമാണ് അവരുടെ കിരീടത്തിൽ എഴുതിപ്പിടിപ്പിക്കേണ്ടത്.

വിശ്വാസത്തിന്റെ കണ്ണുകളിലൂടെ നോക്കുമ്പോൾ നമ്മുടെ കത്തോലിക്കാ മെത്രാന്മാർക്കറിയാം, മനുഷ്യനടക്കമുള്ള ജീവജാലങ്ങളുടെ കാര്യത്തിൽ സ്രഷ്ടാവായ ദൈവത്തിനുള്ള അനന്തമായ കരുതലിന്റെ മകുടോദാഹരണമാണ് പശ്ചിമഘട്ടമെന്ന്. അതു സംരക്ഷിക്കുന്ന കാര്യത്തിൽ അവർ പ്രതിജ്ഞാബദ്ധരുമാണ്. യേശുവാണെങ്കിൽ ആ പ്രപഞ്ചദേവാലയം തകർക്കുന്നവർക്കെതിരെ ചാട്ടവാറെടുക്കുമെന്നും അവർക്കറിയാം. പക്ഷേ യേശുവിനു സംരക്ഷിക്കാൻ ഒരു കുരിശടിപോലും ഉണ്ടായിരുന്നില്ലല്ലോ. അതല്ലല്ലോ ഇന്നു പാവം മെത്രാന്മാരുടെ അവസ്ഥ.

### ഇനിയെങ്ങോട്ട്?

ഇന്ത്യയിലെ ഈ ന്യൂനപക്ഷ മതവിഭാഗത്തിന് ഇവിടെ വേരുറപ്പിച്ചുകൊണ്ടിരിക്കുന്ന ഹിന്ദുത്വശക്തികൾ തടയിടുമെന്നു കരുതുന്നവരുണ്ട്. എന്നാൽ ഹിന്ദുത്വത്തിന് പല കാര്യങ്ങളിലും അനുകരണീയമായ ഒരു റോൾ മോഡലാണ് ക്രിസ്തുമതം പൊതുവെയും, കത്തോലിക്കാസഭ പ്രത്യേകിച്ചും എന്നതാണു സത്യം. ക്രൈസ്തവദൈവത്തെപ്പോലെ സമഗ്രാധിപനായ ഒരു ദൈവം ഹൈന്ദവ വിചാരധാരകളിൽ കണ്ടെത്താനാവില്ല. അതിന്റെ ഒരു തനിസ്വരൂപം രാമനിൽനിന്നു നിർമ്മിച്ചെടുക്കാനാണ് സംഘപരിവാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്ന് കാപ്പനച്ചൻ വർഷങ്ങൾക്കുമുമ്പ് നിരീക്ഷിച്ചിട്ടുള്ളതാണ്. എങ്കിൽ, ഇവിടെ സംഭവിക്കാനിടയുള്ളത് ഹിന്ദുത്വഫാസിസവും ക്രൈസ്തവഫാസിസവും തമ്മിലൊരു അവിശുദ്ധ കൂട്ടുകെട്ടാണ്. തിരുമേനിമാരും സ്വാമിമാരും പരസ്പരം കെട്ടിപ്പിടിക്കും. ഇരുകൂട്ടരും ചേർന്ന് അവരുടെ കൈമുത്തുന്നവരും കാലുപിടിക്കുന്നവരുമായ സാമാന്യജനത്തെ ചവിട്ടിത്താഴ്ത്തും.

*ഫോൺ: 9495897122*



# അന്ധവിശ്വാസവിരുദ്ധ വിശേഷാൽപ്പതിപ്പ് – ഒരു പ്രതികരണം

പ്രൊഫ. പി.സി. ദേവസ്യ

**അ**ന്ധവിശ്വാസവിരുദ്ധ വിശേഷാൽപ്പതിപ്പായി ഇറക്കിയ നവംബർ ലക്കം സത്യജ്വാല കണ്ടു. മനസ്സിരുത്തി വായിച്ചു. അന്ധവിശ്വാസങ്ങളോടും അനുഷ്ഠാനങ്ങളോടും സത്യജ്വാല സ്വീകരിച്ചിട്ടുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളോട് മതിപ്പുതോന്നി; പ്രത്യേകിച്ച്, മുഖലേഖനത്തിലെ വീക്ഷണങ്ങളോട്.

എല്ലാം നല്ലതാണെങ്കിലും വായനക്കാരന്റെ നിലവാരമനുസരിച്ചാണല്ലോ ആസ്വാദനം നടക്കുന്നത്. അതുകൊണ്ടുതന്നെ അഭിപ്രായഭേദങ്ങൾ ഉണ്ടാകുക സ്വാഭാവികമാണ്. വിശ്വാസത്തെപ്പറ്റിയുള്ള അന്വേഷണത്തിൽ, 'വിശ്വാസം', 'അന്ധവിശ്വാസം' എന്നിവയെ നിർവചിക്കുകയും വിശദീകരിക്കുകയുമാണ് ആദ്യം വേണ്ടത്. ഇവയൊക്കെ വ്യക്തികളിലും സമൂഹത്തിലുമുണ്ടാക്കുന്ന പ്രതികരണങ്ങളെ വിലയിരുത്തുമ്പോഴും ശ്രദ്ധിക്കാനുണ്ട്. മുഖലേഖനത്തിന്റെ ആദ്യഖണ്ഡികയിൽത്തന്നെ അക്കാര്യം എടുത്തുപറയുന്നുമുണ്ട്. അതുകൊണ്ട് വിശ്വാസമെന്നാലെന്ത് എന്നതു സംബന്ധിച്ചു വ്യക്തത നേടേണ്ടത് ഏതു മതവിശ്വാസിയെ സംബന്ധിച്ചും ഏറ്റം പ്രധാനപ്പെട്ട കാര്യമാണെന്നുവരുന്നു.

ഈ പ്രസ്താവന ഇങ്ങനെതന്നെ നിലനിറുത്തിയിട്ട് അടുത്ത ഖണ്ഡികമുതൽ, കത്തോലിക്കാ സഭയിൽ അന്ധവിശ്വാസങ്ങളെ എങ്ങനെ വിശ്വാസങ്ങളാക്കി മാറ്റിയിരിക്കുന്നു എന്ന് വിവരിക്കുകയാണ്, എഡിറ്റർ. അന്ധവിശ്വാസങ്ങൾ വിശ്വാസങ്ങളായി ഉറച്ചുപോയതുകൊണ്ടുള്ള കുഴപ്പങ്ങൾ വിവരിച്ച് ലേഖനം 7-ാം പേജുവരെ എത്തുന്നു. അതിന്റെ അവസാന ഖണ്ഡികയിൽ മാത്രമേ വിശ്വാസത്തെ സംബന്ധിച്ചുള്ള ഒരു ഏകദേശനിർവചനമെങ്കിലും നൽകുന്നുള്ളൂ. തുടക്കത്തിലേ ഒരു വിശദീകരണം നൽകിയിരുന്നെങ്കിൽ വിശ്വാസവും അന്ധവിശ്വാസവും തമ്മിൽ നേരിയ ഒരു അതിർത്തിരേഖമാത്രമേ സാധാരണ കാണുകയുള്ളൂവെന്നും, ഏതു വിശ്വാസിയുടെയും മനസ്സിന്റെ വളർച്ചയനുസരിച്ച്, വിശ്വാസവും വളർച്ചനേടുമെന്നുമൊക്കെ വ്യക്തമാക്കേണ്ടിവരുമായിരുന്നു. എഡിറ്ററുടേതുൾപ്പെടെ നമ്മുടെയെല്ലാം വിശ്വാസത്തിൽ അറിവും പഠനവും പ്രായമനുസരിച്ച് എത്രയോ മാറ്റങ്ങൾ വന്നിരിക്കുന്നു! ഇപ്പോഴും ബൗദ്ധികജ്ഞാനവും അതിനോടു ബന്ധപ്പെടുത്തിയുള്ള നമ്മുടെ വിശ്വാസവും പൂർണ്ണത നേടിയിട്ടില്ല. ഭാരതീയദർശനമനുസരിച്ച്, കണ്ടതിനേക്കാൾ എത്രയോ ഇനിയും കാണാനിരിക്കുന്നു! "കണ്ടവനൊന്നും മിണ്ടുന്നില്ല, മിണ്ടുന്നവൻ ഒന്നും കണ്ടിട്ടുമില്ല" എന്നാണ് ജ്ഞാനോദയത്തെ സംബന്ധിച്ചുള്ള ചൊല്ലുതന്നെ.

മതവിശ്വാസത്തിലേക്കു വരുമ്പോൾ, മതങ്ങൾ വിഭിന്ന ബൗദ്ധികനിലവാരങ്ങളിലുള്ളവരെ ഒരേ സമയം കൈകാര്യം ചെയ്യുന്നുണ്ടെന്ന കാര്യവും ഓർക്കണം. അതുകൊണ്ടുതന്നെ എല്ലാ മതങ്ങളിലും എല്ലാ വിശ്വാസികളെയും ഒന്നിച്ചെടുക്കുമ്പോൾ ചിലർക്കെല്ലാം ചിലതെല്ലാം മറ്റുള്ളവരെ അപേക്ഷിച്ച് അന്ധവിശ്വാസങ്ങളായി തോന്നിയേക്കാം. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ബൗദ്ധികനിലവാരംവച്ച് വിശ്വാസത്തിന്റെ ഉയർന്ന പടവുകളിൽ എത്താനും പ്രയാസമാണ്. അവർക്ക് താഴത്തെ പടിയിലെങ്കിലും താൽക്കാലികമായി ഒന്നു ചവുട്ടിനിൽക്കേണ്ടതായുംവരും. അതുകൊണ്ടാണ് എല്ലാ മതങ്ങളിലും വിശ്വാസത്തിന്റെ ഭാഗമായി അന്ധവിശ്വാസങ്ങളും കുറേക്കാലമെങ്കിലും നിലനിൽക്കുമെന്നു പറയുന്നത്. മുഖലേഖനത്തിന്റെ 7-ാം പേജുമുതൽ തുടങ്ങുന്ന രണ്ടാംഭാഗത്ത് വിശ്വാസത്തിന്റെ ആത്മീയതലം എടുത്തുപറയുകമാത്രമല്ല, കത്തോലിക്കാസഭയുടെ ഔദ്യോഗിക പഠനത്തിൽ ഏതു നവീകരണവാദിക്കും അംഗീകരിക്കാവുന്ന കാഴ്ചപ്പാടാണ് കാണുന്നതെന്ന് ഉദ്ധരണി കൊടുത്ത് വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. എന്റെ ചോദ്യം ഇതാണ്: എന്തുകൊണ്ട് ഈ ഭാഗം ആദ്യം അവതരിപ്പിച്ചില്ല? "ക്ഷീരമുള്ള അകിടിൻ ചുവട്ടിലുംചോരതന്നെ" ആദ്യം തിരഞ്ഞുപിടിക്കണമായിരുന്നോ?

ശ്രീ. സഖറിയാസ് നെടുങ്കനാൽ തലവാചകത്തിൽത്തന്നെ താൻ അന്ധവിശ്വാസങ്ങളുടെ വിഹ്വലാന്തരീക്ഷത്തെപ്പറ്റിമാത്രമേ പറയുന്നുള്ളൂ എന്നു സൂചിപ്പിക്കുന്നുണ്ട്. വിശ്വാസത്തെയും ബോദ്ധ്യങ്ങളെയുംപറ്റി ആധികാരികമായി പറയാനുള്ള കഴിവ് സ്വതന്ത്രകൃതികളിലൂടെ തെളിയിച്ചിട്ടുള്ള ഈ മാന്യദേഹം ഈ വായനക്കാർക്ക് ഇതുമതി എന്നു കരുതിയാവാം, വിഷയത്തെ ഗൗരവമായി സമീപിക്കാത്തത്. എങ്കിൽപ്പോലും, "ഒരു പരാശക്തിയിലുള്ള വിശ്വാസത്തിന്റെ കുളിർമ്മയുള്ള സുരക്ഷിതത്വം" അദ്ദേഹം അംഗീകരിക്കുന്നുണ്ട്. പക്ഷേ തൊട്ടു താഴെത്തന്നെ, 'കൂലങ്കഷമായി വിലയിരുത്തിയാൽ ദൈവത്തിലുള്ള വിശ്വാസംപോലും മനുഷ്യന്റെ സുസ്ഥിതിക്ക് അനിവാര്യമല്ല' എന്നൊരു പ്രസ്താവനയും അദ്ദേഹം നടത്തിയിട്ടുണ്ട്. ഒന്നു പറയട്ടെ, നെടുങ്കനാലിനേപ്പോലെ എല്ലാത്തിനും അത്ര നെടുങ്കനായി വളരാൻ കഴിയാത്തതുകൊണ്ടുതന്നെ കൂട്ടത്തിൽ കുറിയവയേക്കൂടി ഉൾക്കൊള്ളുന്ന സംവിധാനങ്ങൾക്ക് ചില വിട്ടുവീഴ്ചകളൊക്കെ ചെയ്യേണ്ടിവരും. മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചതൊക്കെ സാധാരണക്കാർക്കുവേണ്ടിയാണെന്നു കരുതിയാൽമതി. നമ്മൾ നവീകരണക്കാർ ശ്രദ്ധിക്കേണ്ടത് ദൈവങ്ങളുടെപേരിൽ പാവങ്ങൾ ചൂഷണംചെയ്യപ്പെടുന്ന മേഖലകളിലാണ്. ആ മണ്ഡലത്തിൽ ശ്രദ്ധയൂന്നി എന്തു പ്രായോഗികനടപടികൾ സ്വീകരിക്കണമെന്ന അന്വേഷണമായിരിക്കണം പ്രധാനം.

തുടർന്നുവരുന്നത്, ജോർജ്ജ് പൂഴിക്കാലായുടെ ലേഖനമാണ്. അന്ധവിശ്വാസങ്ങളുടെ നിലവാരത്തിലേക്കു താഴുന്ന മദ്ധ്യസ്ഥപ്രാർത്ഥനകളെപ്പറ്റിയാണ് അതിൽ പ്രതിപാദിക്കുന്നത്. 'ഓൺലൈൻ' ബന്ധങ്ങളുടെ ഇക്കാലത്ത് ദൈവത്തിനും മനുഷ്യനും ഇടയിൽ എന്തിനു മദ്ധ്യസ്ഥർ എന്ന ചോദ്യം തികച്ചും ശരിയാണ്. പക്ഷേ 'കണക്ഷൻ' ശരിയാകുന്നില്ല എന്നു തോന്നുന്നവർക്ക് പഴയ രീതിയിൽ ഏതെങ്കിലും മദ്ധ്യസ്ഥനിൽ വിശ്വാസംതോന്നിയാൽ പാടില്ല എന്നു പറയാമോ....? ഇവിടെയും നോക്കേണ്ടത് മദ്ധ്യസ്ഥന്റെപേരിൽ നമ്മൾ ചൂഷണംചെയ്യപ്പെടുന്നുണ്ടോ എന്നതാണ്. ചൂഷണം ഒഴിവാക്കാനുള്ള വഴികൾ നവീകരണഗ്രൂപ്പുകൾക്ക് ചിന്തിക്കുകയും ആ വഴിക്ക് ചിലതൊക്കെ പ്രവർത്തിക്കുകയും ചെയ്യാം. അതിന് നമ്മളെല്ലാം ഒന്നുചേർന്ന് അങ്ങനെ ഒരു തീരുമാനമെടുത്താൽ പോരേ....?

'ധിഷണാവ്യാപന'ത്തെപ്പറ്റിയുള്ള ജിജോ ബേബി ജോസിന്റെ ലേഖനം കാര്യ-കാരണ ബന്ധിതമായ ചിന്തയാണ് അവതരിപ്പിക്കുന്നത്. ഇത് ബൗദ്ധികമായ ഒരു തുടരന്വേഷണത്തിന്റെ ഭാഗമാണ്. അന്വേഷണം അടുത്ത ലക്കത്തിലേക്കു നീളുന്നതുമാണ്. അതുകൊണ്ട് എന്തെങ്കിലും ഇതിനേപ്പറ്റി പറയാൻ ശ്രമിക്കുന്നില്ല. 'പരിണാമസിദ്ധാന്തം സത്യമോ' എന്ന ലേഖനത്തിൽ ജോസഫ് മറ്റപ്പള്ളി, ബൈബിളിലെ കാലഗണനയേപ്പറ്റിയാണ് പറയുന്നത്. മോശ 998 വർഷം ജീവിച്ചു എന്നൊക്കെ പറയുമ്പോൾ അതൊക്കെ വിശ്വസിച്ച് വിരൽ മടക്കി കണക്കുകൂട്ടി കാലം നിശ്ചയിക്കുന്നത് ഒരു പഴയ പതിവായിട്ടേ തൽക്കാലം തോന്നുന്നുള്ളൂ.

ശ്രീ ജോസഫ് കാലായിലിന്റെ 'സത്യവഴിയും ചതിക്കുഴികളും' ദേവപ്രസാദിന്റെ 'ജന്മപാപം', മാത്യുപ്രാലിന്റെ 'പള്ളിയെന്തിനാ?' ജോസഫ് മണിലയുടെ, 'പെട്രോസ് മെമ്മോറിയ' പ്രൊഫ: വട്ടമറ്റത്തിന്റെ 'ആത്മീയവ്യവസായത്തിലെ ആഗോളകുത്തകകൾ', ജോസഫ് പെരുമാലിയുടെ 'പള്ളിക്കകത്ത് അമ്പലം?', ജോയി ഒറവണക്കുളത്തിന്റെ 'ദേവാലയവാതിലിൽ ആര് ആശയങ്ങൾ പതിക്കും?' ഇവയെല്ലാം സമകാലിക സംഭവങ്ങളോടു ബന്ധപ്പെട്ട അന്ധവിശ്വാസങ്ങളെയും അനുഷ്ഠാനങ്ങളെയും എടുത്തുകാട്ടി അവയ്ക്കെതിരായ പ്രതികരണം ഉണർത്തുന്ന ലേഖനങ്ങളാണ്. ഇവ ഗുണപരമായ ചർച്ചയ്ക്ക് വഴിവയ്ക്കുന്നവയുമാണ്. പക്ഷേ അന്ധവിശ്വാസങ്ങളും വിശ്വാസങ്ങളും തമ്മിലുള്ള അതിർവരമ്പ് നിശ്ചയിക്കുന്നതിലുള്ള അഭിപ്രായഭേദം, വ്യക്തിയുടെ അനുഭവസീമയും വിശ്വാസത്തിന്റെ വിവിധ തലങ്ങളും തമ്മിലുള്ള പൊരുത്തക്കേട് ഇവയൊന്നും ചർച്ചയിൽ പലപ്പോഴും പരിഗണിക്കപ്പെടുന്നില്ല. ഉദാഹരണത്തിന്, കാലായിൽ സാറിന്റെ അനുഭവപ്രധാനമായ ലേഖനം. മെയ് മാസത്തിലെ ഒന്നുമുതൽ 31 വരെയുള്ള ദിവസങ്ങളിൽ മാതാവിന്റെ രൂപത്തിന്റെ മുമ്പിൽ 'പൂ' വച്ച് പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഒരു നിഷ്കളങ്കബാല്യം അദ്ദേഹം ചിത്രീകരിക്കുന്നുണ്ട്. ആ കാത്തിരിപ്പിന് കുട്ടിയെ പ്രേരിപ്പിക്കുന്ന വൃദ്ധപുരോഹിതന്റെ മനോഭാവവും അവതരിപ്പിക്കുന്നുണ്ട്. ഇവ രണ്ടും ശ്രദ്ധേയമാണ്. ഒരു കാര്യം പ്രത്യേകം ഓർക്കണം. ഇന്ന് അക്കാര്യം വിലയിരുത്തുന്ന സാറല്ല അന്നത്തെ ആ ബാലൻ. ഷഷ്ടിപൂർത്തിയുടെ വളർച്ചയെത്തിയ സാറിന്റെ ദൈവശാസ്ത്ര വിജ്ഞാനമായിരുന്നോ അന്ന് സാറിനു വേണ്ടിയിരുന്നത്? സാറിന്റെ കൊച്ചുമക്കൾപോലും ഇപ്പോൾ മുതിർന്നുപോയി എന്നാണറിയുന്നത്. പക്ഷേ ബേബിഫുഡ്സുകളേപ്പറ്റി സാറിന് അറിയാമല്ലോ. പാൽപോലും ദഹിപ്പിക്കാൻ കഴിയാത്ത കുട്ടികൾക്ക് ലാക്റ്റോജൻ കൊടുക്കുന്ന ഒരു സമയമുണ്ട്. അപ്പോൾ അതേ പാടുള്ളൂ; അതേ ദഹിക്കൂ. ഫ്രൈഡ് റൈസും ചിക്കനുമൊക്കെ പാൽമണം മാറാത്ത കുട്ടിയുടെ വായിൽ വച്ചുകൊടുക്കരുതെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. പ്രായത്തിനൊത്ത ഒരു ഭക്ത്യാഭ്യാസം പറഞ്ഞുതന്നതിന്റെപേരിൽ ആ വൃദ്ധപുരോഹിതനെ അപഹസിക്കാമോ? പക്ഷേ, കുട്ടിക്കാലത്തെ ആത്മീയ ശിക്ഷണംതന്നെ മുഴുവൻ സമൂഹത്തിനും നൽകി വിശ്വാസികളെ മുഴുവൻ മന്ദബുദ്ധികളാക്കുന്ന 'ആദ്ധ്യാത്മികത'യെ നമ്മൾ എതിർക്കണം. അതുകൊണ്ടുതന്നെ യേശുവിന്റെ അമ്മയോടു ബന്ധപ്പെട്ട അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയുംപറ്റിയുള്ള സാറിന്റെ വീക്ഷണങ്ങളോട് നൂറുശതമാനവും യോജിക്കുന്നു. ആറാം പേജിലെ അവസാന ഖണ്ഡികയിൽ ബഹുമാന്യവ്യക്തികളെ രൂപങ്ങളും സ്വരൂപങ്ങളുമാക്കി വണങ്ങുകയും പൂജിക്കുകയും ചെയ്യുന്ന തെറ്റ് സാറു ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇവിടെയും വ്യക്തികളുടെ അനുസ്മരണവും പ്രതിമാനിർമ്മാണവുംവരെ നാട്ടിലെ അംഗീകൃതവഴക്കങ്ങളാണെന്ന് നാം ഓർക്കണം. അതുകൊണ്ടുതന്നെ പ്രതിമാനിർമ്മാണം സംബന്ധിക്കുന്ന ലേഖനാന്ത്യത്തിലെ ബൈബിൾ വാക്യങ്ങളെ അല്പം മാർജിൻ ഇട്ടുമാത്രമേ നമുക്കു പരിഗണിക്കാൻ കഴിയുകയുള്ളൂ.

'പള്ളിയെന്തിനാ' എന്നു ചോദിക്കുന്ന മാത്യു പ്രാൽ സ്ഥാപനലക്ഷ്യങ്ങളിൽനിന്ന് വ്യതിചലിക്കുമ്പോഴാണ് എന്തും അസ്ഥാനത്താകുന്നത് എന്ന് എഴുതിച്ചേർത്തിട്ടുണ്ട്. ഒരു ആരാധനാസ്ഥലം എന്ന നിലയിൽ പള്ളിക്കുള്ള സ്ഥാനം അദ്ദേഹം അംഗീകരിക്കുന്നുണ്ട്. പള്ളി ഒരു പ്രകടനമാക്കാതെ, പ്രദർശനവസ്തുവാക്കാതെ സൂക്ഷിച്ചാൽമതി. ഇന്നത്തെ കാലത്ത് വീടുപണിയുന്നവർപോലും ഇക്കാര്യം ശ്രദ്ധിക്കുന്നില്ല. പള്ളിപണിക്കാര്യത്തിലും അതാണ് സംഭവിക്കുന്നത്. ജോസഫ് മണിലയുടെ പെട്രോസ് മെമ്മോറിയ, ശവകുടീരം പത്രോസിന്റേതല്ല ഏതോ ഒരു അറിയപ്പെടാത്ത അജ്ഞാതന്റേതാണ് എന്നാണ് സ്ഥാപിക്കുന്നത്. നമ്മുടെ നാടൻ വിശുദ്ധരുടെ ഭൗതികാവശിഷ്ടങ്ങൾതന്നെ രാത്രിയുടെ മറവിൽ കടത്തിക്കൊണ്ടുവന്ന അനാഥവസ്തുക്കളാണെന്ന് ആരോപണമുണ്ടല്ലോ. വിശുദ്ധനെ സന്ദർശിച്ചു മടങ്ങി വന്നതിനുശേഷം കിണറ്റിലെ വെള്ളം ജോർദ്ദാനിലെ പുണ്യജലത്തിന്റെ തിരുശേഷിപ്പായി മാറുന്നത് നാമൊക്കെ കാണുന്നതാണല്ലോ. തിരുശേഷിപ്പുകളെപ്പറ്റിയുള്ള വിശ്വാസമെല്ലാം അത്തരത്തിലാണെന്നു കരുതിയാൽമതി. ശ്രദ്ധിക്കേണ്ടകാര്യം, അവയുടെപേരിൽ ആരെങ്കിലും അവിഹിതമായ പണമുണ്ടാക്കുന്നുണ്ടോ എന്നുമാത്രമാണ്. എല്ലാ പ്രതിമകളും അവിടെത്തന്നെ ഇരിക്കട്ടെ, അവയുടെ മുമ്പിൽനിന്ന് ആ പണപ്പെട്ടികൾ ഒന്ന് എടുത്തുമാറ്റിയാൽ മതി. അങ്ങനെ വരുമ്പോൾ പ്രതിമകളല്ല, പണപ്പെട്ടിയാണ് പ്രശ്നം. മുന്നിൽ പണപ്പെട്ടിയില്ലെങ്കിൽ ആവശ്യമില്ലാത്ത തിരുസ്വരൂപങ്ങൾ വെറുതെ വെയിലത്തിരുന്ന് നിറംകെട്ടുപോകുകയേയുള്ളൂ.

പ്രൊഫ: വട്ടമറ്റം ആത്മീയവ്യവസായത്തിലെ ആഗോളകുത്തകയാണ് സഭ എന്നാണ് സ്ഥാപിക്കുന്നത്. ജോയി ഒറവണക്കുളം കഴിഞ്ഞ ലക്കം സത്യജ്വാല ഒന്നുവിലയിരുത്തിയശേഷം കേരളസഭയിലേക്കു തിരിഞ്ഞ് അന്ധവിശ്വാസങ്ങളെയെല്ലാം വീറോടെ എതിർക്കുകയാണ്. കോപതാപങ്ങൾ പരിധിവിട്ട്, 'ഒരു യഥാർത്ഥ യേശുവിശ്വാസിക്ക് പള്ളിയും പട്ടക്കാരനും ഒന്നും ആവശ്യമില്ലെന്ന ബോദ്ധ്യം വരണം' എന്നും സിദ്ധാന്തിക്കുന്നു. ഇത് ഒരു അറ്റകൈ പ്രയോഗം എന്ന നിലയിലാണ് പറയുന്നത്. അതിനെക്കാൾ എത്രയോ വിപ്ലവകരമായി എഴുതാം, പ്രസംഗിക്കാം. കൈയിലിരിക്കുന്ന സത്യജ്വാലയുടെ 10-ാം പേജിലെ അവസാനഖണ്ഡിക ഒന്നു വായിച്ചുനോക്കൂ. "കൂലങ്കഷമായി വിലയിരുത്തിയാൽ ദൈവത്തിലുള്ള വിശ്വാസംപോലും മനുഷ്യന്റെ സുസ്ഥിതിക്ക് അനിവാര്യമല്ല". ഒന്നിനൊന്ന് ഗംഭീരമായിരിക്കുന്നു, പ്രസ്താവനകൾ. പ്രസ്താവന നടത്തുന്ന വ്യക്തികളെ സംബന്ധിച്ചിടത്തോളം കാര്യം ശരിയായിരിക്കുംതാനും. പള്ളിയെയും പട്ടക്കാരനെയും ക്രിസ്തുവിനെയും, എന്തിന് ഈശ്വരനെത്തന്നെയും, ഒഴിവാക്കിയാൽ പിന്നെ എന്തു സഭാനവീകരണം? ആവേശംമൂത്തുള്ള ഇത്തരം അതിരുകടന്ന പ്രസ്താവനകൾ നമ്മളെ എങ്ങും എത്തിക്കുകയില്ല. ദൈവത്തെത്തന്നെ നിഷേധിക്കുന്നവർ എങ്ങനെ ക്രിസ്തുവിശ്വാസികളാകും? മതമില്ലാത്ത ജീവിതം മാതൃകയാക്കുന്നവർ എന്ത് അധികാരത്തിൽ ദേവാലയവാതിലിൽ നവീകരണവാറോല പതിപ്പിക്കും? പള്ളിയിലെ അനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നവരോട് സഹതപിക്കുകമാത്രം ചെയ്യുന്നവർ എങ്ങനെ വിശ്വാസികളുടെ സംരക്ഷകരാകും? നവീകരണം വരുത്തേണ്ടത് ക്രൈസ്തവജീവിതത്തിലാണെങ്കിൽ, കുറഞ്ഞപക്ഷം ഒരു നല്ല ക്രൈസ്തവജീവിതത്തിന് സ്വയം തയ്യാറാകണം. അല്ലെങ്കിൽ, കരയ്ക്കിരുന്നു കമ്പ്യൂട്ടറിലൂടെ നീന്തൽ പഠിക്കുന്നതുപോലെയാകും നവീകരണവാദികളുടെ പ്രവർത്തനവും. 'ഹൃദയഭേദകമായ ഒരു കാഴ്ച; ഒരു ഗ്രാമം കേഴുന്നു' എന്ന വാർത്ത വായിച്ചപ്പോഴും നവീകരണം നിലതെറ്റുന്നില്ലേ എന്നു തോന്നി. 150 വർഷത്തിലേറെ പഴക്കമുള്ള ഒരു പള്ളി പുതുക്കിപ്പണിയുന്നു. അതുകണ്ട് ചങ്കുപൊട്ടുന്നു. സ്ഥലവും സൗകര്യവും ഉണ്ടെങ്കിൽ പുതിയ സ്ഥാനത്തു പള്ളി പണിയുന്നതിൽ തെറ്റില്ല. അല്ലാത്തപ്പോൾ എന്തുചെയ്യണം? വിശ്വാസി പുരാവസ്തു സംരക്ഷകനായി വേഷംകെട്ടണമെന്നുണ്ടോ? ചിന്തിക്കേണ്ടതാണ്.

ഫാ. ഡേവീസ് കാച്ചപ്പിള്ളിയുടെ സഭാഭ്രഷ്ട്, അബ്രാഹം നെടുങ്ങാടിന്റെ 'പുറത്താക്കൽ നടപടി' സി.കെ. പുന്നന്റെ സഹോദരവിവാഹം ഇവയൊക്കെ കുറേക്കാലമായി 'സത്യജ്വാല' ചർച്ചചെയ്യുന്ന വിഷയങ്ങളാണ്. ഇനിയും കുറേക്കാലംകൂടി അത് തുടരുകയും ചെയ്യും. വാസ്തവത്തിൽ, ജാതിഭ്രഷ്ടിനെ നിയമപരമായി നേരിടാൻ തയ്യാറുള്ള ഒരു ജോഡി സ്ത്രീയും പുരുഷനും മുമ്പോട്ടു വന്നാൽ, പൗരസ്ത്യകാനൻനിയമം അനുസരിച്ചുതന്നെ അത് പരിഹരിക്കാമെന്നാണ് ഒടുവിൽ കിട്ടിയ നിയമോപദേശം. അതിനു തയ്യാറുള്ള രണ്ടുപേരെ കണ്ടുപിടിക്കാൻ എന്തുകൊണ്ടു നമുക്കു കഴിയുന്നില്ല? പ്രതീക്ഷയോടെ കാത്തിരിക്കാം.

കേസുകളുടെ കാര്യംതന്നെയാണ് അഡ്വ.ഇന്ദുലേഖയുടെ ലേഖനത്തിൽ പറയുന്നത്. കേരളസഭയുടെ സ്വത്തുക്കൾ എങ്ങനെ മെത്രാന്റെ കൈയിൽനിന്ന് വിശ്വാസിയുടെ കൈയിൽ തിരിച്ചെത്തിക്കാം എന്നതാണ് അന്വേഷണ വിഷയം.

പ്രൊഫ: ഇപ്പന്റെ ഹാസ്യലേഖനത്തിന്റെ പുതിയ ഭാഗമാണ് 'ഭർതൃഹരിയുടെ വക്കാലത്ത്.' വാസ്തവത്തിൽ സത്യജ്വാല വായക്കാരിലെ നല്ല പങ്കും വായന ആരംഭിക്കുന്നത് ഇപ്പന്റെ ഫലിതം ആസ്വദിച്ചുകൊണ്ടാണ്. ഗൗരവപ്രധാനങ്ങളായ 'അന്യോന്യ'ങ്ങളും 'കൂടലു'കളുമൊക്കെ പണ്ടും പണ്ഡിതസദസ്സിൽ പതിവായിരുന്നു. പക്ഷേ, പണ്ഡിതന്മാരുടെ 'വെടിവട്ടം' കേൾക്കാനായിരിക്കും എപ്പോഴും ആൾക്കൂട്ടം എത്തുന്നത്. അരങ്ങുകൊഴുക്കുന്നതും അവിടെയായിരിക്കും. പക്ഷേ 'ചന്തിക്കുപിടിച്ചു ഞെക്കുക'യും ഒക്കെ ചെയ്യുമ്പോൾ പലരുടെയും നെറ്റി ചുളിയും. സാരമില്ല എഴുത്തച്ഛനേക്കാൾ എപ്പോഴും വായിക്കപ്പെടുന്നത് നമ്പ്യാരുടെയും വെണ്മണികളുടെയും കൃതികളാണല്ലോ.

ഫോൺ: 9961255175

# 'വിശ്വാസവും അബദ്ധവിശ്വാസങ്ങളും' - ഒരു പ്രതികരണം

## ഡോ. ലാസർ തേർമഠം

സത്യജ്വാലയുടെ 'അന്ധവിശ്വാസവിരുദ്ധ വിശേഷാൽപ്പതിപ്പ്'-2017 നവംബർ ലക്കം-വായിച്ചപ്പോൾ അതിലെ ലേഖനങ്ങളെല്ലാം കത്തോലിക്കാമതത്തിൽ ജനിച്ചുവളർന്ന ഒരു വ്യക്തിയെന്ന നിലയ്ക്ക് എന്നിൽ രോമാഞ്ചമാണുണ്ടാക്കിയത്. ഇക്കാര്യത്തിൽ സത്യജ്വാലയിലെ എഴുത്തുകാരുടെയെല്ലാം യുക്തിസഹമായ വിമർശനങ്ങൾ സഭയിലെ ശാസ്ത്രബോധമുള്ളവരും യുക്തിസഹമായി മതാചാരങ്ങളെ വിലയിരുത്തുന്നവരും നൂറുശതമാനം അംഗീകരിക്കും എന്നത് അവിതർക്കിതമാണ്. 'സത്യജ്വാല' വേണ്ടപ്പെട്ടവരുടെ കൈകളിലെത്തിക്കാൻ അതിന്റെ അണിയറയിൽ പ്രവർത്തിക്കുന്നവർ നടത്തുന്ന ത്യാഗസന്നദ്ധത എത്ര അഭിനന്ദിച്ചാലും അധികമാകില്ല.

ഈ വിശേഷാൽപ്പതിപ്പിലെ വിഭവങ്ങളെക്കുറിച്ചുള്ള വിമർശനവിലയിരുത്തൽ പത്രാധിപർ ക്ഷണിച്ചിരിക്കുന്ന നിലയ്ക്ക്, പത്രാധിപർ തുടങ്ങിവെച്ച 'വിശ്വാസവും അബദ്ധവിശ്വാസങ്ങളും' എന്ന മുഖക്കുറിയെ കേന്ദ്രീകരിച്ച് എന്റെ അഭിപ്രായങ്ങൾ ഞാൻ രേഖപ്പെടുത്തുന്നു. ▸▸

**മനുഷ്യൻ സാമൂഹികജീവിയാണെന്ന് പ്രചരിപ്പിച്ചിരിക്കുമ്പോൾ, ജനിച്ചുവളർന്ന മതത്തിൽനിന്നും, ആ മതം സത്യമാണെന്നും പുനർജന്മമുണ്ടെന്നും പ്രചരിപ്പിക്കുന്ന പുരോഹിതരിൽനിന്നും അകന്നുനിൽക്കുവാൻ അവനെക്കൊണ്ടാകില്ല. ഒരു പരിധിവരെ മതങ്ങളുടെ അന്ധവിശ്വാസങ്ങളെ അംഗീകരിച്ച് അതിനുള്ളിൽ ശ്വാസംമുട്ടിയാണെങ്കിലും ജീവിക്കുകയേ അവനു നിർവ്വാഹമുള്ളൂ.**

ദൈവവിശ്വാസത്തെ സംബന്ധിച്ചുള്ള സത്യജ്വാല എഡിറ്ററുടെ വിശ്വാസത്തെക്കുറിച്ചാണ് എനിക്കു പറയാനുള്ളത്. പ്രപഞ്ചത്തിന് ഒരു കാരണം വേണമെന്നും, ആ കാരണത്തെ ദൈവമെന്നോ പരാശക്തിയെന്നോ പേരുവിളിച്ച് ഭക്തിപൂർവ്വം സ്മരിക്കണമെന്നും അദ്ദേഹം വിശ്വസിക്കുന്നു. ഈ ശക്തിക്കും കാര്യകാരണപ്രകാരം ഒരു സൃഷ്ടികർത്താവ് ആവശ്യമാണല്ലോ എന്ന ചോദ്യം തീർച്ചയായും യുക്തിവാദികളിൽനിന്നുയരും. അപ്പോൾ പത്രാധിപർ എന്തു മറുപടി കൊടുക്കും? കാര്യകാരണത്തെക്കുറിച്ചുള്ള ഈ ചങ്ങലയ്ക്ക് അന്തമുണ്ടോ?

ഏതു രൂപത്തിലാണെങ്കിലും സത്യജ്വാലക്കാർ ദൈവവിശ്വാസമുള്ളവരാണെന്ന് സഭാപുരോഹിതർക്ക് ഉറപ്പുള്ളതുകൊണ്ട് അവർ സഭവിട്ട് പുറത്തുപോകില്ലെന്ന് അവർക്കറിയാം. മാത്രമല്ല, 'സത്യജ്വാല'പക്ഷക്കാരുടെ കുടുംബജീവിതത്തിന്റെ നിയന്ത്രണം ഇപ്പോഴും പുരോഹിതരായ തങ്ങളുടെ കൈപ്പിടിയിലാണെന്നും പുരോഹിതർക്കുറപ്പുണ്ട്. അതുകൊണ്ടാണ് 'സത്യജ്വാല'യ്ക്കെതിരെ പുരോഹിതർ കുരിശുയുദ്ധം പ്രഖ്യാപിക്കാത്തത്.

മനുഷ്യൻ സാമൂഹികജീവിയാണെന്ന് പ്രചരിപ്പിച്ചിരിക്കുമ്പോൾ, ജനിച്ചുവളർന്ന മതത്തിൽനിന്നും, ആ മതം സത്യമാണെന്നും പുനർജന്മമുണ്ടെന്നും പ്രചരിപ്പിക്കുന്ന പുരോഹിതരിൽനിന്നും അകന്നുനിൽക്കുവാൻ അവനെക്കൊണ്ടാകില്ല. ഒരു പരിധിവരെ മതങ്ങളുടെ അന്ധവിശ്വാസങ്ങളെ അംഗീകരിച്ച് അതിനുള്ളിൽ ശ്വാസംമുട്ടിയാണെങ്കിലും ജീവിക്കുകയേ അവനു നിർവ്വാഹമുള്ളൂ. അങ്ങനെ ജീവിക്കുമ്പോൾത്തന്നെ 'സത്യജ്വാല' നിരീശ്വരവാദികൾക്കും യുക്തിവാദികൾക്കും നൽകുന്ന സഹകരണം വിലപ്പെട്ടതാണ്.

*ഫോൺ: 9645589502*

*-'അന്ധവിശ്വാസവിരുദ്ധ വിശേഷാൽപ്പതിപ്പി'നെ അഭിനന്ദിച്ചെഴുതിയ വാക്കുകൾ സത്യജ്വാലയെ സംബന്ധിച്ച് തീർച്ചയായും ഊർജ്ജദായകമാണ്. ഡോ. തേർമഠത്തിനു നന്ദി!*

*വിശ്വാസം സംബന്ധിച്ചുള്ള എന്റെ കാഴ്ചപ്പാടിനോട് പ്രതികരിച്ചതിലും സന്തോഷമുണ്ട്. എന്നാൽ, എനിക്കൊരു പരാതിയുള്ളത് സങ്കടത്തോടെ പറയട്ടെ: വിശ്വാസം എന്നതിനേക്കുറിച്ച് എന്തൊക്കെയാണോ ഞാനെഴുതിയത്, അതൊന്നും ഉൾക്കൊള്ളാതെയാണ് അദ്ദേഹം പ്രതികരിച്ചിട്ടുള്ളത് എന്നതാണത്.*

*സാമ്പ്രദായികയുക്തിവാദികളിൽ പൊതുവേ കാണുന്ന ഒരു പ്രശ്നമാണിത് എന്നെനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്. മതം, ദൈവം, വിശ്വാസം മുതലായ വാക്കുകളെ അവർ എപ്പോഴും മനസ്സിലാക്കുന്നത്, അവർ പരിചയപ്പെടുകയും ജീവിക്കുകയും പിന്നീട് തള്ളിക്കളയുകയുംചെയ്ത പുരോഹിതമതങ്ങൾ നിർവ്വചിച്ചിട്ടുള്ള അതേ അർത്ഥത്തിൽത്തന്നെയാണ് എന്നതാണ് പ്രശ്നം. അതുകൊണ്ടുതന്നെ, ആ വാക്കുകളോട് ഒരുതരം അലർജിയും അവജ്ഞയും അവരിൽ സ്ഥിരം നിലനിൽക്കുന്നു. തന്മൂലം ആർക്കും, സ്വതന്ത്രചിന്തകർക്കുപോലും മതസംബന്ധിയായ കാര്യങ്ങളിൽ അവരുമായി ആശയവിനിമയം നടത്തുക എളുപ്പമല്ല. യാഥാസ്ഥിതിക മതവിശ്വാസികളുമായുള്ള ആശയസംവാദംപോലെതന്നെ ദുഷ്ക്കരമാണത്. 18, 19 നൂറ്റാണ്ടുകളിലെ വസ്തുനിഷ്ഠ ശാസ്ത്രീയകാഴ്ചപ്പാടുകളിൽനിന്നു മുന്നോട്ടുനീങ്ങാൻ തയ്യാറാകാതെ, അന്ധ മതവിശ്വാസികളെപ്പോലെ സ്വതന്ത്രചിന്തയുടെ വാതിലുകൾ അടച്ചിട്ടിരിക്കുകയാണവർ. നിരീശ്വരയുക്തിവാദത്തിൽ അന്തർഭവിച്ചിട്ടുള്ള വൈരുദ്ധ്യങ്ങളെ കാണാനോ, സ്വതന്ത്രചിന്തയിലൂടെ അവയ്ക്കു പരിഹാരം തേടാൻപോലുമോ അവർ തയ്യാറല്ല എന്നതാണ് വാസ്തവം. യാന്ത്രികയുക്തിവാദത്തിൽനിന്ന് സർഗ്ഗാത്മകയുക്തിചിന്തയിലൂടെ മുന്നേറാൻ ശ്രമിക്കണമെന്നാണ് അവരോടുള്ള എന്റെ അഭ്യർത്ഥന. ചോദ്യങ്ങളിൽനിന്ന് ഉത്തരങ്ങളിലേക്ക് കടക്കേണ്ടതില്ലേ?*

*'പ്രപഞ്ചത്തിന് ഒരു കാരണം വേണമെന്നും, ആ കാരണത്തെ ദൈവമെന്നോ പരാശക്തിയെന്നോ പേരുവിളിച്ച് ഭക്തിപൂർവ്വം സ്മരിക്കണമെന്നും അദ്ദേഹം വിശ്വസിക്കുന്നു', എന്നാണ് എന്റെ കാഴ്ചപ്പാടായി അദ്ദേഹം എഴുതിയിരിക്കുന്നത്! ഇതൊന്നുമല്ല ഞാനെഴുതിയിട്ടുള്ളതെന്ന്, പുതിയതെന്തിനെയും തട്ടിത്തെറിപ്പിക്കുന്ന സ്വന്തം നിലപാടിനെ അല്പമൊന്നു മാറ്റിവച്ച്, ഒരിക്കൽക്കൂടി അതുവായിച്ചാൽമതിയാകും എന്നേ എനിക്കു പറയാനുള്ളൂ.*

*എങ്കിലും, എന്റേതായി അദ്ദേഹം അവതരിപ്പിച്ച ആശയത്തിൽത്തന്നെ നിന്നുകൊണ്ടു ചോദിക്കട്ടെ: പ്രപഞ്ചത്തിന്, അതിനു പുറത്തോ അതിനുള്ളിൽതന്നെയോ ഒരു കാരണംവേണ്ടേ? ആ ചോദ്യം, കാര്യ-കാരണങ്ങളുടെ അനന്തമായ ഒരു ചങ്ങലയുണ്ടാക്കുമല്ലോ എന്നു ഭയന്ന് ചോദിക്കാതിരിക്കുകയാണോ വേണ്ടത്? എന്റെ അഭിപ്രായത്തിൽ, ഈ മഹാപ്രപഞ്ചത്തിന്റെയും എന്റെയും ഒരു പരമാണുവിന്റെയും അതിലും ചെറിയ സൂക്ഷ്മകണങ്ങ(Sub atomic particles)ളുടെയുംപോലും അസ്തിത്വത്തിന്റെ കാരണം മനുഷ്യന്റെ നിത്യമായ അന്വേഷണവിഷയമാണ്. ഓരോരുത്തരും എത്തിച്ചേരുന്ന നിഗമനങ്ങൾ-ബോധ്യങ്ങൾ-അവരവരുടെ വിശ്വാസവും മതവുമാണ്. വ്യത്യസ്തങ്ങളായി കാണപ്പെടുന്ന അവയുടെയെല്ലാം സാരം ഒന്നായിരിക്കുംതാനും.*

**-എഡിറ്റർ**

# ഇടപ്പാടിയിലെ സഭ നാടുകാണിയിലെ സഭയ്ക്കെഴുതുന്ന ലേഖനം

**ജിജൊ കുര്യൻ**

*(ഒരു 'അവിശ്വാസി' ആയ കുഞ്ഞാട് 'ഇടയന്' എഴുതുന്ന കുഞ്ഞാടുലേഖനം.*

**നാ**ടുകാണിയിലെ വിശുദ്ധർക്ക്, അഭിവാദ്യങ്ങൾ! കുർബാനയെപ്പറ്റിയാണ് ഇന്നത്തെ ലേഖനം.

ഏകദേശം നാല് വർഷങ്ങൾക്കുമുമ്പ് ഈ സഹോദരന് ഒരനുഭവമുണ്ടായി. വൈകുന്നേരം 7.30-ന് പാലായിൽനിന്നു തിരിച്ച് ഇടപ്പാടി മിനിസ്ട്രിയിലേക്ക് പോരുന്നവഴി തോട്ടുങ്കൽ പമ്പിന് എതിർവശത്ത് മതിലിൽ ചാരി പണ്ടെങ്ങോ പരിചയമുള്ള ഒരു സഹോദരൻ നിൽക്കുന്നു. വണ്ടി ചവിട്ടി നിർത്തി. അയാളെ താങ്ങിയെടുത്ത് വണ്ടിയിൽ ഇരുത്തി. ആള് കണക്കറ്റ് മദ്യപിച്ചിട്ടുണ്ട്. ഇതിനു മുമ്പ് ഇയാൾ മദ്യപിച്ച് ഞാൻ കണ്ടിട്ടേയില്ല. സാവധാനം കാര്യം തിരക്കി.

പെട്ടെന്ന് നാലു ടയറിന്റെ മുകളിലെ പെട്ടി കുമ്പസാരക്കൂടായി. പറയുന്നു. കരയുന്നു. കൂടെ ഞാനും കരയുന്നു. ഏകദേശം ഒന്നര മണിക്കൂറോളം കടന്നുപോയി. ശേഷം നമുക്ക് ഒരുമിച്ച് ഭക്ഷണം കഴിക്കാമെന്ന് ഞാൻ അവനോട് പറയുന്നു. രണ്ടുപേരുംകൂടി കോംപ്ലക്സിന് എതിർവശത്തുള്ള തട്ടുകടയിലേക്കു പോകുന്നു. വാഴക്കുല കൊടുത്തുകിട്ടിയ പണം എന്റെ പോക്കറ്റിലുണ്ട്. അതവിടെതന്നെ ഉണ്ടെന്ന് ഒരിക്കൽക്കൂടി ഉറപ്പുവരുത്തി. ദോശയും ഓംലെറ്റും ഓർഡർ ചെയ്തു.

ചൂട് ദോശയും ചമ്മന്തിയും ഓംലെറ്റും വന്നു. അത് കൈയ്യിലെടുത്തിട്ട് വാഴ്ത്തി അവന് കൊടുത്തിട്ട് ഞാൻ പറഞ്ഞ, "ഇതെന്റെ ശരീരമാകുന്നു. നീ ഇത് വാങ്ങി ഭക്ഷിക്കുക." പെട്ടെന്ന് കട്ടൻ ചായ വന്നു. അതും വാഴ്ത്തിയിട്ട് ഞാൻ പറഞ്ഞു, "ഇതെന്റെ രക്തമാകുന്നു. നീ വാങ്ങി പാനം ചെയ്യുക." തട്ടുകടയിലെ മേശ ഉടൻ ബലിപീഠമായി. മാവ് അരച്ച തട്ടുകടക്കാരന്റെ ഭാര്യയും തട്ടുകടക്കാരനും ഇതൊരുമഹാരഹസ്യമെന്ന മന്ത്രി ക്കുന്നത് ഞാൻ കേട്ടു.

തട്ടുകടയിൽ നിന്നിറങ്ങി അവനെ വീട്ടിൽ വിടാൻ പോകുകയാണ്. ഇടവഴിയിലൂടെ ആളെ താങ്ങി വീടിന്റെ മുമ്പിൽ എത്തുമ്പോൾ ഭാര്യ അവനെ കാത്ത് മുറ്റത്ത് നിൽക്കുന്നു. ഭാര്യയെ ഏൽപ്പിച്ച് തിരിച്ചു നടക്കുമ്പോൾ ആ പെണ്ണ് ഞാൻ കേൾക്കാനെന്നോണം ഉച്ചത്തിൽ പറഞ്ഞു, "ഓരോ തെണ്ടികള് ഇറങ്ങിക്കോളും, കള്ള് കുടിക്കാത്ത മനുഷ്യനെ കള്ളുകുടിപ്പിച്ച് കുടുംബം നശിപ്പിക്കാൻ. ഇവനോടൊക്കെ തമ്പുരാൻ ചോദിച്ചോളും." അങ്ങനെ കുരിശുമരണവും പൂർത്തിയായി..

ആകയാൽ സഹോദരങ്ങളേ, നിങ്ങൾ ഓസ്തിയും വീഞ്ഞും, രക്തവും മാംസവും എന്ന മാജിക്കിൽ നിന്നും, കാല്പനികതകൾ വിട്ട് യാഥാർത്ഥ്യത്തിൽ ജീവിക്കാൻ നമ്മുടെ സഹോദരങ്ങളെ പഠിപ്പിക്കുക. ക്രിസ്തുവായി ജീവിക്കാൻ അവരെ പഠിപ്പിക്കൂ. അതിലും വലിയ ബലിയൊന്നും ഒരു പള്ളിയിലും അർപ്പിക്കപ്പെടുന്നില്ല എന്ന് അവരെ ബോദ്ധ്യപ്പെടുത്തുക.

പിന്നെ ഇടപ്പാടിയിലെ സഭ വല്ലാത്ത കഷ്ടതകളിൽക്കൂടിയാണ് കടന്നുപോകുന്നത്. അതുകൊണ്ട് നാടുകാണിയിലെ സഭയുടെ പ്രാർത്ഥനയൊന്നും വേണ്ട. സ്തോത്രക്കാഴ്ച അവിടുത്തെ സഹോദരങ്ങളോട് ആഞ്ഞിടാൻ പറ. അക്കൗണ്ട് നമ്പർ വിട്ടേക്കാം. അത് മുഴുവനും ഇച്ചിരെ ലോണും കൂടെയെടുത്ത് ഇങ്ങ് വിട്ടേരെ.

നമ്മുടെ കർത്താവിവീശോ മിശിഹായുടെ സമാധാനം (അത് നമ്മള് തന്നെയല്ലേ) നിങ്ങളോട് കൂടെയുണ്ടായിരിക്കട്ടെ!

*('ഫേസ്ബുക്കി'ൽനിന്ന് എടുത്തത്)*

## 'സത്യജ്വാല' വിതരണംചെയ്യുന്ന പുസ്തകങ്ങൾ

| ന. | ഗ്രന്ഥനാമം | ഗ്രന്ഥകാരൻ | മുഖ വില | വില്പന വില |
|---|---|---|---|---|
| 1. | അവബോധത്തിലേക്ക് ഭാഗം - 1 (പേജ്: 170) | സക്കറിയാസ് നെടുങ്കനാൽ | 100 | 80 |
| 2. | അവബോധത്തിലേക്ക് ഭാഗം - 2 (പേജ്: 170) | സക്കറിയാസ് നെടുങ്കനാൽ | 100 | 80 |
| 3. | ആസ്തിക്യവാദം (പേജ് :72) (ഏതാനും കോപ്പികൾ മാത്രം) | എം.പി. പോൾ | 60 | 50 |
| 4. | മതാധിപത്യം കത്തോലിക്കാസഭയിൽ (പേജ്: 120) | ചാക്കോ കളരിക്കൽ | 80 | 60 |
| 5. | ലൈംഗികതയും പൗരോഹിത്യവും (പേജ്: 130) | ചാക്കോ കളരിക്കൽ | 80 | 60 |
| 6. | സഭാനവീകരണത്തിലേക്ക് ഒരു വഴി (പേജ്: 200) | ചാക്കോ കളരിക്കൽ | 150 | 120 |
| 7. | ഇടയൻ (നോവൽ) പേജ്: 196 | ചാക്കോ കളരിക്കൽ | 110 | 80 |
| 8. | ന്യായവിധി (പേജ്: 460) | മാണി ചാക്കോ മണിമല | 155 | 120 |
| 9. | ഏകം സത് (ഉപനിഷത്ദർശനവും പുതിയ നിയമസത്തയും) (പേജ്: 604) | ഇമ്മാനുവൽ സത്യാനന്ദ് | 320 | 200 |
| 10. | പ്രകാശവഴി (പേജ്: 184) | ഇമ്മാനുവൽ സത്യാനന്ദ് | 130 | 100 |
| 11. | യേശുവും സഭയും (പേജ്: 128) | ജോർജ് മൂലേച്ചാലിൽ | 80 | 60 |
| 12. | നവകൊളോണിയലിസത്തിന്റെ നാൽക്കവലയിൽ (പേജ് :120) | ജോർജ് മൂലേച്ചാലിൽ | 100 | 80 |
| 13. | കത്തൻകവിതകൾ (പേജ്: 96) | പ്രൊഫ.കെ.എം. എബ്രാഹം | 50 | 40 |
| 14. | നഷ്ടപ്പെട്ട സുവിശേഷങ്ങൾ (പേജ്: 250) | സമയ ഫൗണ്ടേഷൻ | 170 | 120 |
| 15. | എന്റെ സാമൂഹ്യഇടപെടലുകളുടെ കാണാപ്പുറങ്ങൾ (പേജ്: 110) | പി.സി. റോക്കി | 70 | 50 |
| 16. | അപ്രിയഗാനങ്ങൾ (നുറുങ്ങുചിന്തകൾ, ഗാനങ്ങൾ) സി.ഡി. സഹിതം (പേജ്: 132) | സാമുവൽ കൂടൽ | 150 | 120 |
| 17. | സാമുവലിന്റെ സുവിശേഷം (പേജ്: 240) | സാമുവൽ കൂടൽ | 300 | 200 |
| 17. | മത്തായിയുടെ ദൈവവിളി (നോവൽ) (പേജ്: 168) | തോമസ് പൊന്മല | 150 | 120 |
| 18. | ഈസ്റ്റർ മർഡർ (നോവൽ) (പേജ്: 200) | തോമസ് പൊന്മല | 200 | 150 |
| 19. | പ്രാർത്ഥനയിൽനിന്ന് പ്രവൃത്തിയിലേക്ക് (പേജ്: 264) | അഗസ്റ്റിൻ നടുവിലേക്കുറ്റ് | 200 | 150 |
| 20. | ഫ്രാൻസീസ് മാർപാപ്പയും സീറോ-മലബാർസഭയും | ജോസഫ് കാലായിൽ | 120 | 100 |

സത്യജ്വാല'യുടെ സുഹൃത്തുക്കളായ ഗ്രന്ഥകാരന്മാർ ഏല്പിച്ചിട്ടുള്ള ഏതാനും പുസ്തകങ്ങളുടെ ഒരു ചെറിയ ശേഖരമാണ് വിതരണത്തിനുള്ളത്. ഗ്രന്ഥനാമത്തോടൊപ്പം, മുഖവില, വില്പനവില എന്നീ വിവരങ്ങളും കൊടുത്തിട്ടുണ്ട്. മാസികയുടെ കവർ ആദ്യഉൾപേജിൽ കൊടുത്തിട്ടുള്ള സർക്കുലേഷൻ മാനേജരുടെ വിലാസത്തിൽ 'വില്പനവില' യായി കാണിച്ചിട്ടുള്ള തുക അയക്കുന്നവർക്ക് സാധാരണ തപാലിൽ പുസ്തകം അയച്ചുതരുന്നതാണ്.

സർക്കുലേഷൻ മാനേജർ / എഡിറ്റർ

പിതാവേ' എന്ന പ്രാർത്ഥനയെ കുമരപ്പ വിശദമായി വ്യാഖ്യാനിക്കുന്നുണ്ട്. അത് ഒരു സാമൂഹികപ്രാർത്ഥനയാണ്. അതിൽ 'ഞാൻ' അല്ല 'ഞങ്ങൾ' എന്ന ബഹുവചനമാണ് ഉപയോഗിച്ചിരിക്കുന്നത്. 'എന്തു തിന്നും എന്തു കുടിക്കും എന്ന് നിങ്ങൾ ആകുലപ്പെടരുത്' എന്നും, 'നിങ്ങൾക്ക് എന്തെല്ലാമാണ് വേണ്ടതെന്ന് സ്വർഗ്ഗസ്ഥനായ പിതാവിന് അറിയാം' എന്നും, 'ആദ്യം ദൈവരാജ്യവും അതിന്റെ നീതിയും അന്വേഷിക്കുക' എന്നുമൊക്കെ പഠിപ്പിച്ച യേശുവിനെങ്ങനെ 'അന്നന്നു വേണ്ടിയുള്ള ആഹാരം ഇന്ന് ഞങ്ങൾക്കുതരണമേ' എന്നു ശിഷ്യരെക്കൊണ്ടു പ്രാർത്ഥിപ്പിക്കാൻ കഴിയും എന്നദ്ദേഹം സന്ദേഹപ്പെടുന്നുണ്ട്. വരാനിരിക്കുന്ന ദൈവരാജ്യം സഫലമാക്കുന്നതിനുവേണ്ടിയുള്ള ആത്മീയഭക്ഷണം എന്നായിരിക്കണം യേശു ഉദ്ദേശിച്ചത് എന്നദ്ദേഹം പറയുന്നു. ദൈവരാജ്യമെന്നാൽ എല്ലാവർക്കും നീതി ലഭിക്കുന്ന അവസ്ഥയാണ്.

ബൈബിളിന്റെ സാരാംശമായി രണ്ടു കാര്യങ്ങളാണ് കുമരപ്പ പറയുന്നത്. അത് യേശു മുന്നോട്ടുവച്ച ന്യായപ്രമാണങ്ങളുടെ സാരംതന്നെയാണ്. 1. ദൈവത്തെ സ്നേഹിക്കുക, 2. മറ്റുള്ളവരെ സ്നേഹിക്കുക; നിങ്ങളുടെ ശത്രുക്കളെയും സ്നേഹിക്കുക. യേശുക്രിസ്തു വന്നത് മനുഷ്യന്റെ സമഗ്രവിമോചനത്തിനുവേണ്ടിയാണ്-സ്വയംസ്നേഹത്തിന്റെ ബന്ധനത്തിൽനിന്നുള്ള വിടുതലിനുവേണ്ടി.

ജീവിതയാത്രയെ ഒരു കപ്പൽയാത്രയോട് ഉപമിക്കുന്നു, ഡോ. കുമരപ്പ. കപ്പലിന്റെ ദിശാസൂചികയായ വടക്കുനോക്കിയന്ത്രത്തോട് (Compass) മനുഷ്യന്റെ സത്യാവബോധ(Spirit of truth)ത്തെയും, ആവശ്യാനുസരണം വ്യത്യസ്ത ഇടങ്ങളിൽ ഘടിപ്പിക്കാവുന്ന നങ്കൂരത്തോട് മനുഷ്യന്റെ സ്വതന്ത്രമനസ്സി(Free Will)നെയും ഉപമിക്കുന്നു, അദ്ദേഹം. യഹൂദമതത്തിനു സംഭവിച്ച ജീർണ്ണതയ്ക്കു കാരണം നിയമങ്ങളും ആചാരങ്ങളും പാരമ്പര്യങ്ങളും എന്നേക്കുമുള്ള നങ്കൂരമായി ഉപയോഗിച്ചതും ദിശാസൂചികയെ അവഗണിച്ചതുമാണ്. അതുകൊണ്ട് അവരുടെ ജീവിതം അവിടെത്തന്നെ കിടന്നു കറങ്ങി. യേശു വന്ന് സത്യാവബോധമെന്ന ദിശാസൂചിക പുനഃപ്രതിഷ്ഠിച്ചു. നങ്കൂരം കാലഘട്ടത്തിനനുസൃതമായി മാറ്റിസ്ഥാപിക്കുകയും ചെയ്തു. പ്രതികാരംചെയ്യുന്ന ദൈവത്തിനുപകരം സ്നേഹനിധിയായ ഒരു ദൈവത്തെ അവതരിപ്പിച്ചു. മനസ്സെന്ന നങ്കൂരം സ്വതന്ത്രമായിരിക്കണം. അതിനെ നിയമങ്ങളിലും ആചാരങ്ങളിലും കുടുങ്ങിക്കിടക്കാൻ അനുവദിക്കരുത്.

ദൈവരാജ്യത്തിന്റെ കെട്ടുപണികൾ ബഹുമുഖമാണ്. സാമ്പത്തികം, സാമൂഹികം, രാഷ്ട്രീയം എന്നിങ്ങനെ എല്ലാ രംഗങ്ങളിലും ഈ കെട്ടുപണി എങ്ങനെയെല്ലാം പ്രാവർത്തികമാക്കാമെന്ന് കുമരപ്പ വിശദീകരിക്കുന്നുണ്ട്, തന്റെ ഗ്രന്ഥത്തിൽ.

ഏറെ മൗലികമായ സുവിശേഷവ്യാഖ്യാനഗ്രന്ഥമാണ് 'Practice and Precepts of Jesus' എന്ന് ഡോ. എം.പി.മത്തായി വിലയിരുത്തി. അതിന്റെ തർജ്ജമ 'സത്യജ്വാല'യിൽ തുടരുകയും പിന്നീട് പുസ്തകമായി പ്രസിദ്ധീകരിക്കുകയും ചെയ്താൽ അതു മലയാളത്തിന്, വിശിഷ്യാ കേരളസഭയ്ക്ക് ഒരു മുതൽക്കൂട്ടായിരിക്കുമെന്ന് പ്രസ്താവിക്കുകയും ചെയ്തു, അദ്ദേഹം.

കുമരപ്പ ആശ്രയിച്ചത് 4 സുവിശേഷങ്ങളെ മാത്രമാണ്. ഏറ്റവും ആധികാരികം അവയാണ് എന്ന ധാരണയാണ് അദ്ദേഹത്തെ അതിനു പ്രേരിപ്പിച്ചത് എന്ന് ഡോ. എം.പി. മത്തായി അഭിപ്രായപ്പെട്ടു. എന്നാൽ, നാലു സുവിശേഷങ്ങൾ നാലു



വ്യത്യസ്തജനവിഭാഗങ്ങൾക്കുവേണ്ടി 4 കാലഘട്ടങ്ങളിൽ എഴുതപ്പെട്ടതാണ്. മത്തായിയുടെ സുവിശേഷം യഹൂദരിൽനിന്നു ക്രിസ്തുമതം സ്വീകരിച്ചവർക്കുവേണ്ടി എഴുതിയതാണ്. സുവിശേഷങ്ങളിൽ കാണുന്ന യേശുവിന്റെ വാക്കുകൾ ആധികാരികമോ അല്ലയോ എന്നതിനെക്കുറിച്ച് ഇന്നും പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതായി അദ്ദേഹം പറഞ്ഞു. അതനുസ്സരിച്ച് യേശു പറഞ്ഞതായി കാണുന്ന വചനങ്ങളെ നാലുവിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്: 1. യേശു പറഞ്ഞിരിക്കാൻ സാധ്യതയുള്ളവ 2. കുറച്ചുമാത്രം സാധ്യതയുള്ളവ 3. സാധ്യത വളരെ കുറവുള്ളവ 4. പറഞ്ഞിരിക്കാൻ ഒട്ടും സാധ്യതയില്ലാത്തവ.

പിന്നീട് നടന്ന ചർച്ചയിൽ കെ.ജെ. അബ്രാഹം, പ്രൊഫ. ഇപ്പൻ, കെ.ജെ. ഫിലിപ്പ്, ജോർജ് മൂലേച്ചാലിൽ, കെ. ജോർജ് ജോസഫ്, അഡ്വ. ചെറിയാൻ ഗൂഡല്ലൂർ മുതലായവർ സംസാരിച്ചു. അതിനുശേഷം, ഡോ. എം.പി. മത്തായിയുടെ മറുപടിപ്രസംഗവും ഉണ്ടായിരുന്നു. 2.30-ന് ആരംഭിച്ച



യോഗത്തിൽ ഈ ലേഖകൻ സ്വാഗതവും മാത്യു എം. തറക്കുന്നേൽ നന്ദിയും പറഞ്ഞു. 5.30-ന് യോഗം അവസാനിച്ചു.

**ഷാജു ജോസ് തറപ്പേൽ**
ഫോൺ: 9496540448

Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182
Published on 15-12-2017

December 2017
**Sathyajwala**
Price Rs. 15.00

Registered: KL/KTM/133/2017-19
Licence No. KL/CR/KTM/WPP-08/2017-19
Licensed to Post Without Prepayment.

**KCRM പ്രോഗ്രാം റിപ്പോർട്ട് – പാലാ**

# 'അന്നന്നത്തെ ആഹാരമെന്നാൽ, ദൈവരാജ്യപ്രവർത്തനത്തിന് അന്നന്നുവേണ്ട ആത്മീയാഹാരം'





**'ഡോ.** ജെ.സി. കുമരപ്പയുടെ യേശുദർശനം' എന്നതായിരുന്നു, നവംബർ മാസപരിപാടിയിലെ ചർച്ചാവിഷയം. കഴിഞ്ഞ ഏതാനും ലക്കങ്ങളിലായി സത്യജ്വാലയിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന 'Practice and Precepts of Jesus' എന്ന കുമരപ്പയുടെ പുസ്തകത്തെ അടിസ്ഥാനമാക്കി വിഷയം അവതരിപ്പിച്ചു സംസാരിച്ചത്, മഹാത്മാഗാന്ധി സർവ്വകലാശാല ഗാന്ധിയൻ പഠനവിഭാഗം മുൻ മേധാവിയും ഇപ്പോൾ ഗുജറാത്ത് വിദ്യാപീഠത്തിലെയും പല വിദേശസർവ്വകലാശാലകളിലെയും അതിഥി അധ്യാപകനു(Visiting Professor)മായ ഡോ. എം. പി. മത്തായി ആയിരുന്നു.

ഗാന്ധിജിയുടെ സമകാലികനും ഇന്നത്തെ തലമുറയ്ക്കു പൊതുവെ അപരിചിതനുമായ ഡോ.ജോസഫ് ചെല്ലദുരൈ കുമരപ്പ എന്ന ജെ.സി. കുമരപ്പയെ ഹ്രസ്വമായി പരിചയപ്പെടുത്തിക്കൊണ്ടായിരുന്നു ഡോ.എം.പി. മത്തായി വിഷയാവതരണം തുടങ്ങിയത്. തമിഴ്നാട്ടുകാരനും ഒരു ആംഗ്ലിക്കൻസഭാംഗവുമായിരുന്നു അദ്ദേഹം. കുമരപ്പയുടെ അച്ഛൻ ഒരു ഉദ്യോഗസ്ഥനായിരുന്നു. അമ്മ വളരെ ഉദാരമതിയും ഭക്തയുമായ ഒരു മഹതിയും. അമ്മയുടെ സ്വാധീനം അദ്ദേഹത്തിൽ വളരെയധികം ഉണ്ടായിട്ടുണ്ട്. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം ഇംഗ്ലണ്ടിലും അമേരിക്കയിലും പഠിച്ച്, അദ്ദേഹം ഉന്നതവിദ്യാഭ്യാസം നേടി. സി.എ.(CA)യും ഒപ്പം Public Finance-ൽ എം.എ.യും പാസായി. തുടർന്ന്, അതിനുതക്ക ജോലിയും നേടി.

അമ്മയുടെയടുത്ത് സഹായത്തിനായി വരുന്നവരുടെ ജീവിതം കണ്ടിരുന്ന അദ്ദേഹത്തിന് ദാരിദ്ര്യത്തിന്റെ വേദന മനസ്സിലായിരുന്നു. അതിന്റെ വെളിച്ചത്തിൽ 'Public Finance and Poverty' എന്ന ഒരു പ്രബന്ധം അദ്ദേഹം തയ്യാറാക്കി. എന്നാൽ, ഇംഗ്ലണ്ടിന്റെ സാമ്പത്തികനയങ്ങളെ വിമർശിക്കുന്നതായിരുന്നതിനാൽ അതു പ്രസിദ്ധീകരിക്കാൻ പ്രസാധകരൊന്നും താല്പര്യം കാട്ടിയില്ല. ഗാന്ധിജിയെക്കുറിച്ച് ആരിൽനിന്നോ അറിഞ്ഞ് അദ്ദേഹം ഗാന്ധിജിയെ ചെന്നുകണ്ടു. ഗാന്ധിജി അത് പ്രസിദ്ധീകരിക്കാൻ തയ്യാറാണെന്ന് അറിയിച്ചു. അന്ന് പ്രതിദിനം 1000 രൂപ പ്രതിഫലം വാങ്ങിക്കൊണ്ടിരുന്ന, പാശ്ചാത്യജീവിതശൈലി പിന്തുടർന്നിരുന്ന അദ്ദേഹത്തോട്, താൻ ഒരു ജോലി തന്നാൽ സ്വീകരിക്കുമോ എന്ന് ഗാന്ധിജി ചോദിച്ചു. മാസശമ്പളം 100 രൂപ! അദ്ദേഹം അത് സമ്മതിച്ച് ഗുജറാത്ത് വിദ്യാപീഠത്തിലെ അദ്ധ്യാപകനായി. ഗാന്ധിജി ആദ്യം അദ്ദേഹത്തെ ഏല്പിച്ച ജോലി ഒരു സാമ്പത്തിക-സാമൂഹികസർവ്വേ ആയിരുന്നു. ഈ സർവ്വേയാണ് പിന്നീട് ഇന്ത്യയിലെല്ലായിടത്തും എല്ലാ സർവ്വേകൾക്കും മാതൃകയായിത്തീർന്നത്. തുടർന്ന്, ഖാദിഗ്രാമവ്യവസായങ്ങളുടെ ചുമതലയേല്പിച്ചു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ആസൂത്രണകമ്മീഷനിൽ അംഗമായിരുന്നു. എന്നാൽ നെഹ്റുവുമായുള്ള അഭിപ്രായവ്യത്യാസത്തെത്തുടർന്ന് രാജിവച്ചു. 1921-22-ൽ കുമരപ്പ ഗുജറാത്ത് വിദ്യാപീഠത്തിൽ ബൈബിൾ പഠിപ്പിച്ചിരുന്നു. അതിനോട് യാഥാസ്ഥിതിക ഹിന്ദുക്കളും ക്രൈസ്തവരും എതിർപ്പു പ്രകടിപ്പിച്ചു. ഹിന്ദുക്കൾ പ്രചരിപ്പിച്ചത്, അത് മതപരിവർത്തനത്തിനുവേണ്ടിയാണെന്നാണ്. ക്രൈസ്തവർ ചോദിച്ചത്, ബൈബിൾ പഠിപ്പിക്കാൻ പുരോഹിതനല്ലാത്ത ഇയാൾക്കെന്തവകാശമാണുള്ളത് എന്നും!

സഭകളും യേശുക്രിസ്തുവും തമ്മിലുള്ള വൈരുദ്ധ്യംമൂലം സഭകൾ ഉയർത്തിപ്പിടിക്കുന്ന വിശ്വാസം തനിക്ക് നഷ്ടപ്പെട്ടു എന്ന് ഡോ. കുമരപ്പ പറയുന്നു. 'സ്വർഗസ്ഥനായ

*(ശേഷം 35-ാം പേജിൽ)*

Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Opp. St.Thomas HSS, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.